# നമസ്കാരം

മുഹമ്മദ് അബുൽ ജലാൽ

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട് ◆ തിരുവനന്തപുരം ◆ എറണാകുളം ◆ തൃശൂർ ◆ കണ്ണൂർ ◆ മലപ്പുറം

# പ്രസ്താവന

ഇസ്‌ലാമിലെ ഏറ്റവും പ്രധാനപ്പെട്ട ആരാധനാകർമം നമസ്കാരമാണ്. നമസ്കാരം നിർവഹിക്കാത്തവർ സത്യവിശ്വാസികളാവുകയില്ല. നരകശിക്ഷയിൽനിന്ന് രക്ഷപ്പെടുകയുമില്ല. പരലോകത്ത് ആദ്യമായി വിചാരണ ചെയ്യപ്പെടുക നമസ്കാരത്തെ സംബന്ധിച്ചാണ്. അത് ഇസ്‌ലാമിക സൗധത്തിന്റെ മുഖ്യ സ്തംഭമത്രെ.

നമസ്കാരത്തെക്കുറിച്ച് ഏതു സാധാരണക്കാരനും മനസ്സിലാക്കാൻ സാധിക്കുന്ന ലളിതമായ ഭാഷയിൽ എഴുതപ്പെട്ട ഏറെ പ്രയോജനപ്രദമായ കൃതിയാണിത്. വായനക്കാരുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് സൂറതുൽ ഫാതിഹ ഉൾപ്പെടെ വിശുദ്ധ ഖുർആനിലെ ഏതാനും ചെറിയ അധ്യായങ്ങൾ അർഥസഹിതം അനുബന്ധമായി ചേർത്തിട്ടുണ്ട്.

നമസ്കാരത്തെ സംബന്ധിച്ച് സമഗ്രമായി പഠിക്കാനും ഉൾക്കൊള്ളാനും ഈ കൃതി വളരെ സഹായകമാണ്.

**-പ്രസാധകർ**

# ഉള്ളടക്കം


ഇബാദത്തുകൾ ........ 9
നമസ്കാരത്തിന്റെ പ്രാധാന്യം ........ 10
നമസ്കാരത്തിൽ ഭയഭക്തി ........ 12
നമസ്കാരത്തിന്റെ നിബന്ധനകൾ ........ 14
ശുദ്ധീകരണം ........ 14
ചെറിയ അശുദ്ധിയുടെ കാരണങ്ങൾ ........ 15
വലിയ അശുദ്ധിയുടെ കാരണങ്ങൾ ........ 15
ശുദ്ധിയുടെ നിബന്ധനകൾ ........ 16
ഫർദുകളും സുന്നത്തുകളും ........ 17
വുദൂഇന്റെ ഫർദുകൾ ........ 18
വുദൂഇന്റെ സുന്നത്തുകൾ ........ 18
കുളി ........ 20
തയമ്മും ........ 20
മലിന സാധനങ്ങൾ ........ 21
മാലിന്യത്തിൽനിന്നുള്ള ശുദ്ധീകരണം i ........ 21
മാലിന്യത്തിൽനിന്നുള്ള ശുദ്ധീകരണം ii ........ 22
ശൗച്യം ........ 23
വിസർജന മര്യാദകൾ ........ 24
ഔറത്ത് മറയ്ക്കൽ ........ 25
നമസ്കാരത്തിന്റെ സമയം ........ 26
ഖിബ്‌ലയെ അഭിമുഖീകരിക്കൽ ........ 27
ബാങ്കും ഇഖാമത്തും ........ 27
നമസ്കാരത്തിന്റെ ഫർദുകൾ ........ 29
നമസ്കാര ക്രമം i ........ 30
നമസ്കാര ക്രമം ii ........ 32
തശഹ്ഹുദും സ്വലാത്തും ദുആയും ........ 35
നമസ്കാരത്തിന്നു ശേഷമുള്ള ദിക്റുകളും ദുആകളും ........ 41
സുന്നത്തു നമസ്കാരങ്ങൾ i ........ 40

* 'റവാത്തിബ്' ........ 40
* 'വിത്റ്' ........ 41
സുന്നതു നമസ്കാരങ്ങൾ ii ........ 41
* 'തറാവീഹ്' ........ 41
* 'തഹിയ്യത്ത് നമസ്കാരം' ........ 42
* 'ളുഹാ നമസ്കാരം' ........ 42
ഖുനൂത്ത് ........ 42
നമസ്കാരം ബാത്വിലാക്കുന്ന സംഗതികൾ ........ 43
മറതി കാരണമുള്ള സുജൂദ് ........ 44
ഓത്തിന്റെ സുജൂദ് ........ 44
സംഘടിത നമസ്കാരം ........ 45
ചുരുക്കി നമസ്കരിക്കലും കൂട്ടി നമസ്കരിക്കലും ........ 48
ജുമുഅഃ ........ 49
രണ്ടു പെരുന്നാൾ നമസ്കാരങ്ങൾ ........ 50
ഗ്രഹണ നമസ്കാരം ........ 51
മഴയെത്തേടുന്ന നമസ്കാരം ........ 51
മയ്യിത്ത് നമസ്കാരം ........ 52
അനുബന്ധം ........ 52

## മുഹമ്മദ് അബുൽജലാൽ മൗലവി (1929–2006)

**പ**ണ്ഡിതൻ, വിദ്യാഭ്യാസ പ്രവർത്തകൻ, ജമാഅത്തെ ഇസ്‌ലാമി നേതാവ്. 1929 ജൂലൈ 10-ന് പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്ട് ജനനം. പിതാവ് അലവി. മാതാവ്: ഉമ്മാത്ത. പള്ളിദർസുകളിലെ പഠനശേഷം ഫറൂഖ് റൗദത്തുൽ ഉലൂം അറബിക്കോളേജിൽനിന്ന് അഫ്ദലുൽ ഉലമ പൂർത്തിയാക്കി. 1951-ൽ അവിടെ അധ്യാപകനായി ചേർന്നു. 1952-ൽ ജമാഅത്തിൽ ആകൃഷ്ടനായി ജോലി ഉപേക്ഷിച്ച് മുഴുസമയ പ്രവർത്തനത്തിൽ ഏർപ്പെട്ടു. 1955-ൽ ശാന്തപുരം ഇസ്‌ലാമിയാകോളേജ് ആരംഭിച്ചപ്പോൾ പ്രഥമ പ്രിൻസിപ്പലായി. 1972-ൽ *സന്മാർഗം* ബാല പ്രസിദ്ധീകരണം ആരംഭിച്ചു. ഐ.പി.എച്ച് പ്രസിദ്ധീകരണ വിഭാഗം ഇൻചാർജ്, മജ്‌ലിസ് ഉപാധ്യക്ഷൻ, തിരൂർക്കാട് കോളേജ് പ്രിൻസിപ്പൽ, ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര പ്രതിനിധിസഭയിലും കേരള ശൂറയിലും അംഗം, പെരുമ്പിലാവ് അൻസ്വാരി ട്രസ്റ്റ്, മണ്ണാർക്കാട് ജംഇയ്യത്തുൽ ഇർശാദ് ട്രസ്റ്റ് എന്നിവയുടെ ചെയർമാൻ എന്നീ സ്ഥാനങ്ങൾ വഹിച്ചു. അറബി, ഉർദു, ഇംഗ്ലീഷ് ഭാഷയിൽ പ്രവീണ്യമുണ്ടായിരുന്നു. ഇന്ത്യക്ക് അകത്തും പുറത്തും ധാരാളം ശിഷ്യഗണങ്ങളുണ്ട്. *ഖുർആനെ പരിചയപ്പെടുക, ഇസ്‌ലാമും സംഘടിത ജീവിതവും, ശിർക്ക് അഥവാ ബഹുദൈവത്വം* എന്നീ വിവർത്തന കൃതികൾക്ക് പുറമെ *നമസ്കാരം* തുടങ്ങി ധാരാളം മദ്റസാ പാഠപുസ്തകങ്ങൾ തയ്യാറാക്കി. ഗൾഫ് രാഷ്ട്രങ്ങൾക്ക് പുറമെ ജോർദാൻ, സിറിയ, ലബ്നാൻ, ലിബിയ, ഈജിപ്ത്, മലേഷ്യ, സിങ്കപ്പൂർ എന്നീ രാജ്യങ്ങളും സന്ദർശിച്ചു. 2006 ഡിസംബർ 22-ന് നിര്യാതനായി.

# ഇബാദത്തുകൾ

നമ്മെ സൃഷ്ടിച്ചു പരിപാലിക്കുന്നത് അല്ലാഹുവാണല്ലോ. അവനാണ് നമ്മുടെ നാഥനും ഉടമസ്ഥനും. നാം അവന്റെ അടിമകളാകുന്നു. അവന്റെ അടിമകളാണെന്ന ബോധത്തോടെ അവന്റെ കല്പനയനുസരിച്ച് ജീവിക്കേണ്ടത് നമ്മുടെ കടമയാണ്. അങ്ങനെ ജീവിക്കുന്നത് അല്ലാഹുവിന്നുള്ള ഇബാദത്താകുന്നു. അങ്ങനെ ജീവിക്കുന്നതുകൊണ്ട് നമുക്ക് അല്ലാഹുവിന്റെ പ്രീതി ലഭിക്കുന്നതാണ്. അല്ലാഹുവിന്റെ പ്രീതി ലഭിക്കണമെന്ന വിചാരത്തോടുകൂടി അവന്റെ കല്പനയനുസരിച്ച് ചെയ്യുന്ന എല്ലാ പ്രവൃത്തികളും അവന്നുള്ള ഇബാദത്തുകളായിത്തീരുന്നതുമാകുന്നു.

അല്ലാഹുവിന് നമ്മോട് വളരെ കരുണയുണ്ട്. അവൻ നമുക്ക് കയ്യും കണക്കുമില്ലാത്ത അനുഗ്രഹങ്ങൾ ചെയ്തുതന്നിരിക്കുന്നു. അതിനാൽ നാം അവനോട് വളരെ നന്ദിയുള്ളവരായിരിക്കണം. നമ്മുടെ ഹൃദയത്തിൽ എപ്പോഴും അവനോട് അതിരറ്റ ഭക്തിയും ബഹുമാനവും ഉണ്ടായിരിക്കണം. അവനെ മറന്നുകൊണ്ട് തോന്നുന്ന വിധം എന്തെങ്കിലും പ്രവർത്തിക്കരുത്. എന്തൊരു കാര്യം ചെയ്യുമ്പോഴും അത് അല്ലാഹുവിന്റെ കല്പനക്ക് വിപരീതമാണോ എന്നു ചിന്തിക്കണം. അങ്ങനെ സൂക്ഷ്മതയോടെ ജീവിക്കുമ്പോൾ മാത്രമേ നാം അല്ലാഹുവോട് ഭക്തിയുള്ളവരാവുകയുള്ളൂ.

അല്ലാഹുവിനെ ആരാധിക്കുവാൻ അവൻ നമ്മോട് കല്പിച്ചിരിക്കുന്നു. അവനോട് ഭക്തിയും ബഹുമാനവും കാണിക്കുന്ന കർമങ്ങളാണ് ആരാധനകൾ. അല്ലാഹുവിനെ ആരാധിക്കുന്നതുകൊണ്ട് നാം അവനോട് നന്ദിയുള്ളവരായിത്തീരുന്നു. അതുവഴി അവനെക്കുറിച്ച് നമുക്ക് ഓർമയുണ്ടാകുന്നു. നമ്മുടെ മനസ്സിൽ അവനോട് സ്നേഹവും ബഹുമാനവും വർധിക്കുന്നു. അല്ലാഹുവോട് അതിരറ്റ ഭക്തിയും സ്നേഹബഹുമാനവും ഉണ്ടാകുമ്പോൾ അവന്റെ കല്പനക്ക് വിപരീതം പ്രവർത്തിക്കുവാൻ നമ്മുടെ

ഹൃദയം സമ്മതിക്കുകയില്ല. ചുരുക്കത്തിൽ അല്ലാഹുവിനെ നാം ആരാധിക്കുമ്പോൾ അവനെ എപ്പോഴും കീഴ്വണങ്ങി ജീവിക്കണമെന്ന ബോധം നമ്മുടെ മനസ്സിൽ അധികരിക്കുന്നതാണ്. അതിനാൽ ആരാധനകൾ വളരെ പ്രധാനമായ ഇബാദത്തുകളാകുന്നു.

അല്ലാഹു കല്പിച്ച ആരാധനകളിൽ നാലെണ്ണം വളരെ പ്രധാനമാണ്. നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നീ കർമങ്ങളാണവ. അല്ലാഹു കല്പിച്ച ആരാധനാ കർമങ്ങൾ നമുക്കു തോന്നിയവിധം ചെയ്താൽ പോരാ; പിന്നെയോ, അല്ലാഹു കല്പിച്ചപോലെ അനുഷ്ഠിക്കണം. അല്ലാഹു നിർദേശിച്ച ക്രമത്തിൽ നബിതിരുമേനി അവയെപ്പറ്റി വിശദനിയമങ്ങൾ നമുക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്. അതുകൊണ്ട് മേൽപറഞ്ഞ ആരാധനാകർമങ്ങളിൽ ഓരോന്നിനെക്കുറിച്ചും നാം വളരെ കാര്യങ്ങൾ ഗ്രഹിക്കേണ്ടതുണ്ട്. നമുക്ക് ആദ്യമായി നമസ്കാരത്തെ സംബന്ധിച്ചു ഗ്രഹിക്കാം.

## നമസ്കാരത്തിന്റെ പ്രാധാന്യം

ശരീരംകൊണ്ട് ചെയ്യുന്ന ഏറ്റവും ശ്രേഷ്ഠമായ ആരാധന നമസ്കാരമാകുന്നു. ഒരു മുസ്ലിം തന്റെ നാഥനായ അല്ലാഹുവിന്റെ തിരുമുമ്പിൽ അങ്ങേയറ്റം താഴ്മ കാണിക്കുന്ന കർമമാണ് നമസ്കാരം. എല്ലാ വിധത്തിലും അല്ലാഹുവിന്ന് കീഴ്പെട്ടു ജീവിക്കുവാൻ താൻ സന്നദ്ധനാണെന്ന് നമസ്കാരം കൊണ്ട് അവൻ തെളിയിക്കുന്നു.

'അല്ലാഹുവിന്ന് കീഴ്വണങ്ങുന്നവൻ', 'അനുസരണമുള്ളവൻ' എന്നൊക്കെയാണല്ലോ മുസ്ലിം എന്ന വാക്കിന്റെ അർഥം. മുസ്ലിം എന്ന പേരിന് അർഹനാകുവാൻ ജീവിതത്തിൽ എപ്പോഴെങ്കിലുമൊരിക്കൽ അല്ലാഹുവിനെ അനുസരിച്ചാൽപോരാ. പിന്നെയോ, എല്ലാ സമയങ്ങളിലും അല്ലാഹുവിന്റെ അടിമയാണെന്ന വിചാരം വേണം. എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെ കല്പന അനുസരിച്ച് ജീവിക്കുകയും വേണം. എന്നാൽ ഭയഭക്തിയോടെ നമസ്കരിക്കുന്നവന്നു മാത്രമേ അങ്ങനെ ജീവിക്കാൻ സാധിക്കൂ. കാരണം, അവന്നു മാത്രമേ അല്ലാഹുവിനെ ഓർമയുണ്ടാവുകയുള്ളൂ. അതുകൊണ്ടാണ് ദിവസേന അഞ്ചു പ്രാവശ്യം നമസ്കരിക്കണമെന്ന് കല്പിച്ചിരിക്കുന്നത്. എന്നാൽ നമസ്കരിക്കണമെന്ന കല്പനപോലും അനുസരിക്കാത്തവനെക്കുറിച്ച് മുസ്ലിം എന്നു പറയുവാൻ സാധിക്കുമോ?

നബി(സ) തിരുമേനിയുടെ കാലത്ത് നമസ്കരിക്കാത്തവനെ മുസ്ലിമായി കണക്കാക്കിയിരുന്നില്ല. പുരുഷന്മാർ സാധാരണയായി നമസ്കരിക്കാൻ പള്ളിയിൽ ഹാജരാവുക പതിവായിരുന്നു. സൗകര്യാനുസാരം സ്ത്രീകളും പള്ളിയിൽ ഹാജറാകാറുണ്ടായിരുന്നു. മുസ്ലിമും കാഫിറും

തമ്മിൽ വേർതിരിക്കുന്ന കാര്യം നമസ്കാരമാകുന്നു. അതുകൊണ്ട് കരുതിക്കൂട്ടി നമസ്കാരം ഉപേക്ഷിക്കുന്നവരെ നാം മുസ്‌ലിമായി ഗണിക്കരുത്. മുസ്‌ലിംകളോട് പെരുമാറുന്നതുപോലെ അവരോട് പെരുമാറുകയും ചെയ്യരുത്. നമസ്കാരം ഉപേക്ഷിക്കൽ അല്ലാഹുവിനെ അനുസരിക്കാത്ത കാഫിറിന്റെ സ്വഭാവമാകുന്നു.

ചെറിയവരും വലിയവരുമെല്ലാം നമസ്കരിക്കേണ്ടതാണ്. കുട്ടികൾക്ക് ഏഴ് വയസ്സ് പ്രായമായാൽ രക്ഷിതാക്കൾ അവരോട് നമസ്കരിക്കാൻ ഉപദേശിക്കണമെന്ന് റസൂൽ(സ) തിരുമേനി കല്പിച്ചിരിക്കുന്നു. അതുകൊണ്ട് ഏഴ് വയസ്സ് മുതൽ എല്ലാ കുട്ടികളും നമസ്കരിച്ചു ശീലിക്കേണ്ടതാണ്. അതിന്നായി നമസ്കാരം സംബന്ധിച്ച നിയമങ്ങൾ അവർ പഠിച്ചിരിക്കുകയും വേണം. പത്തു വയസ്സായ ശേഷം നമസ്കാരത്തിൽ വീഴ്ച വരുത്തുന്ന കുട്ടികളെ അടിക്കണമെന്നും നബി(സ) കല്പിച്ചിട്ടുണ്ട്. നബി(സ) തിരുമേനി അരുൾ ചെയ്യുന്നത് കാണുക:

مُرُوا أَوْلاَدَكُمْ بِالصَّلاَةِ وَهُمْ أَبْنَاءُ سَبْعِ سِنِينَ وَاضْرِبُوهُمْ عَلَيْهَا وَهُمْ أَبْنَاءُ عَشْرِ سِنِينَ (ابوداود)

(നിങ്ങളുടെ കുട്ടികളോട് നമസ്കരിക്കാൻ കല്പിക്കുക; അവർക്ക് ഏഴ് വയസ്സ് പ്രായമാകുമ്പോൾ. അവർ പത്തു വയസ്സുകാരായാൽ അതിന്റെ പേരിൽ [വേണ്ടിവന്നാൽ] അവരെ അടിക്കുകയും ചെയ്യുക.)

രോഗം കാരണമായി നില്ക്കാൻ സാധ്യമല്ലെങ്കിൽ ഇരുന്നു നമസ്കരിക്കണമെന്നും ഇരിക്കാനും കഴിവില്ലെങ്കിൽ കിടന്ന് ആംഗ്യം കാണിച്ചു കൊണ്ടെങ്കിലും നമസ്കരിക്കണമെന്നുമാണ് ദീനുൽ ഇസ്‌ലാമിൽ വിധിച്ചിട്ടുള്ളത്. നമസ്കാരത്തിന്റെ പ്രാധാന്യം എത്രത്തോളമാണെന്ന് ഇതിൽനിന്ന് ഗ്രഹിക്കാമല്ലോ.

ഖിയാമത്തുനാളിൽ നമ്മുടെ എല്ലാ പ്രവൃത്തികളെ സംബന്ധിച്ചും അല്ലാഹു വിചാരണ ചെയ്യുമെന്ന് നാം വിശ്വസിക്കുന്നുണ്ടല്ലോ. എന്നാൽ ആദ്യമായി വിചാരണ ചെയ്യുക നമസ്കാരത്തെക്കുറിച്ചാകുന്നു.

ഇതേപറ്റി നബി(സ) തിരുമേനി അരുൾ ചെയ്യുന്നതിങ്ങനെയാണ്:

إِنَّ أَوَّلَ مَا يُحَاسَبُ بِهِ الْعَبْدُ يَوْمَ الْقِيَامَةِ مِنْ عَمَلِهِ صَلاَتُهُ

(ഖിയാമത്തുനാളിൽ അടിമയുടെ കർമങ്ങളിൽ ആദ്യമായി വിചാരണ ചെയ്യപ്പെടുന്നത് അവന്റെ നമസ്കാരത്തെക്കുറിച്ചാകുന്നു.)

നമസ്കാരത്തിൽ യാതൊരു മോശവും വീഴ്ചയും വരുത്തിയിട്ടില്ലെന്ന് തെളിഞ്ഞാലേ ഖിയാമത്തുനാളിൽ രക്ഷപ്പെടാൻ സാധിക്കൂ. നമസ്കാരം ഉപേക്ഷിച്ചുകൊണ്ട് മറ്റെന്ത് പുണ്യകർമം ചെയ്താലും അല്ലാഹുവിങ്കൽ

രക്ഷപ്പെടുകയില്ല. നമസ്കരിക്കാത്തവർക്ക് പരലോകത്ത് അല്ലാഹുവിന്റെ പ്രീതിയും കരുണയും ലഭിക്കുകയില്ല. അല്ലാഹു അവരെ ചുട്ടുപൊള്ളുന്ന നരകത്തിലിട്ടു ശിക്ഷിക്കുന്നതാണ്.

## നമസ്കാരത്തിൽ ഭയഭക്തി

നമ്മുടെ നമസ്കാരം ശരിയായിത്തീരണമെങ്കിൽ ഹൃദയത്തിൽ അല്ലാഹുവിനെക്കുറിച്ച് ഭയവും ഭക്തിയും ഉണ്ടാവണം. മനസ്സിൽ അല്ലാഹുവിനെ വിചാരിക്കാതെ നമസ്കാരത്തിന്റെ കർമങ്ങൾ ചെയ്യുന്നതുകൊണ്ട് യാതൊരു ഫലവുമില്ല. ഭയഭക്തിയില്ലാത്ത നമസ്കാരം അല്ലാഹു സ്വീകരിക്കുന്നതല്ല. നമസ്കാരത്തിൽ ഭയഭക്തിയുള്ള സത്യവിശ്വാസികളാണ് അല്ലാഹുവിങ്കൽ വിജയം പ്രാപിച്ചവർ. ആകയാൽ അല്ലാഹുവിനെ ഓർമിച്ചുകൊണ്ടും ഹൃദയം നിറയെ അവനോട് ഭയഭക്തിയുണ്ടായിക്കൊണ്ടുമാണ് നാം നമസ്കരിക്കേണ്ടത്. അങ്ങനെ നമസ്കരിക്കുമ്പോൾ നമുക്ക് മനസ്സമാധാനം ഉണ്ടായിത്തീരുന്നു. അപ്പോൾ നമുക്ക് നമസ്കാരത്തിൽ വളരെ താൽപര്യമുണ്ടാകുന്നതാണ്.

ഭയഭക്തിയില്ലാത്തവർക്കാണെങ്കിലോ നമസ്കാരം വലിയ ഭാരമായിത്തോന്നുകയും ചെയ്യും.

നമ്മുടെ നമസ്കാരം ഭയഭക്തിയുള്ള നമസ്കാരമാകുവാൻ താഴെ പറയുന്ന സംഗതികൾ ശ്രദ്ധിക്കേണ്ടതാണ്.

1. നമസ്കാരത്തിന്റെ സമയമായാൽ മറ്റു കാര്യങ്ങളെക്കുറിച്ചുള്ള വിചാരങ്ങൾ മനസ്സിൽനിന്ന് ഒഴിവാക്കുക.

2. ശുദ്ധിയില്ലെങ്കിൽ ഉടനേ ശുദ്ധി വരുത്തുക. ശുദ്ധി വരുത്തുമ്പോൾ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാവാൻ വേണ്ടിയാണെന്ന് കരുതുകയും ചെയ്യുക.

3. നമസ്കാരത്തിന് നില്ക്കുമ്പോൾ സർവശക്തനും സർവജ്ഞനുമായ റബ്ബിന്റെ തിരുമുമ്പിലാണ് നില്ക്കുന്നതെന്ന് വിചാരിക്കുക. സർവാധിനാഥനായ അല്ലാഹുവിന്റെ സന്നിധിയിൽ നാം വളരെ വിനീതരും നിസ്സാരന്മാരുമായ അടിയാറുകളാണെന്നു കരുതുകയും ചെയ്യുക.

4. അല്ലാഹുവിനോട് ഹൃദയം നിറയെ സ്നേഹവും ബഹുമാനവും ഉണ്ടായിരിക്കുക. മനസ്സിൽ മറ്റു വിചാരങ്ങൾ കടന്നുകൂടാതെ സൂക്ഷിക്കുകയും ചെയ്യുക.

5. നമസ്കാരത്തിൽ ചൊല്ലുന്ന വചനങ്ങളുടെ അർഥം അറിഞ്ഞുകൊണ്ട് ചൊല്ലുക. നാം അല്ലാഹുവിനോട് നേരിട്ട് സംസാരിക്കുകയാണെന്നും, നാം അവനെ കാണുന്നില്ലെങ്കിലും അവൻ നമ്മെ കാണുന്നുണ്ടെന്നും ഓർക്കുക.

ഇങ്ങനെ നമസ്കരിച്ചാൽ നമ്മുടെ നമസ്കാരം വളരെ ശ്രേഷ്ഠമാ

യിത്തീരുകയും ചെയ്യും. അതുവഴി നാം സൽസ്വഭാവികളും സദ്വൃത്തരും ആയിത്തീരുകയും ചെയ്യുന്നു. അപ്പോൾ ചീത്ത വൃത്തികൾ ചെയ്യുവാൻ നമുക്കു തോന്നുകയില്ല. അഥവാ വല്ലപ്പോഴും അങ്ങനെ തോന്നുകയാണെങ്കിൽ നമസ്കാരസമയത്ത് അല്ലാഹുവിനോട് പറഞ്ഞ സംഗതികൾ നാം ഓർക്കുകയും ഉടനേ ചീത്തവിചാരങ്ങളിൽനിന്ന് ഒഴിവാകുകയും ചെയ്യുന്നതാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നത് കാണുക:

إِنَّ الصَّلاَةَ تَنْهَى عَنِ الْفَحْشَاءِ والْمُنْكَرِ

(നികൃഷ്ടവും നിരോധിക്കപ്പെട്ടതുമായ കാര്യങ്ങളെ നമസ്കാരം തടഞ്ഞു നിർത്തുന്നു.)

എന്നാൽ നമസ്കരിക്കുന്ന പലരും ചീത്ത പ്രവൃത്തികൾ ചെയ്യുന്നുണ്ടല്ലോ എന്ന് നിങ്ങൾ ചോദിച്ചേക്കാം. അവരുടെ നമസ്കാരം ശരിയായ നമസ്കാരമായിരിക്കില്ല എന്നാണ് അതിനുള്ള മറുപടി. അതായത് അത്തരക്കാർക്ക് നമസ്കാരത്തിൽ വേണ്ടത്ര ഭയഭക്തി ഉണ്ടാവുകയില്ല. നമസ്കാരവും ജീവിതത്തിന്റെ മറ്റു കാര്യങ്ങളും തമ്മിൽ ബന്ധമില്ലെന്നാണ് അവർ ധരിച്ചിട്ടുള്ളത്. അതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്.

'എന്റെ ജീവിതവും മരണവും സർവലോക നാഥനായ അല്ലാഹുവിന്നാകുന്നു' എന്നു നാം നമസ്കാരത്തിൽ പറയുന്നുണ്ടല്ലോ. നമസ്കാരത്തിന്റെ ശേഷമുള്ള സമയങ്ങളിലും ഇക്കാര്യം നാം ഓർക്കേണ്ടതാണ്. ഏതൊരു കാര്യം ചെയ്യുമ്പോഴും അത് അല്ലാഹുവിന്ന് വിരോധമുള്ളതാണോ എന്ന് ആലോചിക്കണം.

'നിനക്ക് മാത്രം ഞങ്ങൾ ഇബാദത്ത് ചെയ്യുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു' എന്നു നാം നമസ്കാരത്തിൽ അല്ലാഹുവോട് പറയുന്നുണ്ടല്ലോ. അതുകൊണ്ട് നമസ്കാരത്തിനു ശേഷവും നാം അല്ലാഹുവിനെയല്ലാതെ ആരെയും ആരാധിക്കരുത്. അല്ലാഹുവിന്റെ നിയമങ്ങൾക്ക് വിപരീതമായി മറ്റാരുടെ നിയമത്തിന്നും അധികാരത്തിന്നും കീഴ്‌വണങ്ങുകയും ചെയ്യരുത്. മറ്റാരോടും സഹായത്തിന്നായി പ്രാർഥിക്കുകയും ചെയ്യരുത്.

'നേർമാർഗത്തിൽ, അതായത് നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ ഞങ്ങളെ നീ വഴി നടത്തേണമേ' എന്നു നമസ്കാരത്തിൽ നാം പ്രാർഥിക്കുന്നുണ്ടല്ലോ. അതിനാൽ, ജീവിത ഇടപാടുകളിൽ സജ്ജനങ്ങളുടെ മാതൃക നാം പിന്തുടരേണ്ടതാണ്.

'ദൈവകോപത്തിന്നു പാത്രമായവരും വഴിപിഴച്ചവരുമായ ജനങ്ങളുടെ മാർഗത്തിൽ ഞങ്ങളെ നീ ആക്കരുതേ' എന്നും നാം അല്ലാഹുവിനോട് പ്രാർഥിക്കുന്നുണ്ട്. അപ്പോൾ സകല കാര്യങ്ങളിലും ദുർമാർഗികളുടെ സമ്പ്രദായങ്ങൾ നാം ഉപേക്ഷിക്കണം.

ഇങ്ങനെ സൂക്ഷ്മതയോടെ ജീവിക്കുമ്പോൾ നമ്മുടെ നമസ്കാരവും ജീവിതവും നന്നായിത്തീരുന്നതാണ്. അല്ലാഹു നമ്മെ സജ്ജനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുമാറാകട്ടെ.

## നമസ്കാരത്തിന്റെ നിബന്ധനകൾ

നമസ്കാരത്തിന്റെ ക്രമം നിങ്ങൾ പഠിച്ചിട്ടുണ്ടായിരിക്കും. الله اكْبَرْ എന്ന തക്ബീർ മുതൽ السَّلَامُ عَلَيْكُم എന്നു സലാം ചൊല്ലുന്നതിനിടയിലുള്ള വാക്കുകളും പ്രവൃത്തികളും എല്ലാം കൂടിയതാണല്ലോ നമസ്കാരം. അത് ശരിയാകുന്നതിന് ചില നിബന്ധനകളുണ്ട്. അവയ്ക്ക് നമസ്കാരത്തിന്റെ 'ശർത്തു'(شرط )കൾ എന്നു പറയുന്നു. നമസ്കാരം അവസാനിക്കുന്നതുവരെ ആ ശർത്തുകൾ നാം പാലിക്കേണ്ടതാകുന്നു. ഏതെങ്കിലും ഒരു ശർത്ത് ഇല്ലാതായാൽ നമസ്കാരം ശരിയാവുകയില്ല. അവ താഴെ വിവരിക്കുന്നവയാകുന്നു:

1. അശുദ്ധമായ അവസ്ഥയിൽനിന്നും ശരീരം ശുദ്ധമായിരിക്കുക. അശുദ്ധമായ അവസ്ഥക്ക് حَدَث എന്നു പറയുന്നു.

2. ശരീരവും വസ്ത്രവും നമസ്കരിക്കുന്ന സ്ഥലവും മാലിന്യത്തിൽ നിന്ന് ശുദ്ധമായിരിക്കുക. മാലിന്യത്തിന്നു അറബിയിൽ نَجَس എന്നു പറയുന്നു.

3. ഔറത്ത് (عَوْرَة) മറയ്ക്കുക. ശരീരത്തിൽനിന്ന് വെളിവാക്കാൻ പാടില്ലാത്ത ഭാഗത്തിന്നാണ് 'ഔറത്ത്' എന്നു പറയുന്നത്.

4. നമസ്കാരത്തിന് സമയം ആയിട്ടുണ്ടെന്ന് അറിയുക.

5. ഖിബ്ലയെ അഭിമുഖീകരിക്കുക.

മേൽപറഞ്ഞ അഞ്ചു കാര്യങ്ങളും നാം വിശദമായി ഗ്രഹിക്കേണ്ടതുണ്ട്. അവ ഓരോന്നിനെക്കുറിച്ചുമുള്ള വിവരങ്ങൾ പിറകെ വരുന്നതാണ്.

## ശുദ്ധീകരണം

നാം സദാ ശുദ്ധിയും വൃത്തിയും ഉള്ളവരായിരിക്കണം. എപ്പോഴും ശുദ്ധിയുണ്ടായിരിക്കണമെന്ന് ദീനുൽ ഇസ്ലാം ശക്തിയായി ഉപദേശിക്കുന്നുണ്ട്. അശുദ്ധമായും വൃത്തിഹീനമായും ജീവിക്കുക മുസ്ലിംകളുടെ സ്വഭാവമല്ല. നബി(സ) തിരുമേനി അരുൾ ചെയ്യുന്നതു കാണുക:

الطَّهُورُ شَطْرُ الإِيمَان

(ശുദ്ധി സത്യവിശ്വാസത്തിന്റെ പകുതിയാകുന്നു.)

ശുദ്ധി ഇസ്ലാം ദീനിൽ എത്രത്തോളം പ്രധാനമാണെന്ന് ഇതിൽനിന്നു ഗ്രഹിക്കാമല്ലോ. നമസ്കരിക്കുമ്പോൾ ശുദ്ധിയുണ്ടായിരിക്കുക നിർബന്ധമാണ്. അതുകൂടാതെ നമസ്കാരം ശരിയാവുകയില്ലെന്നു

മുമ്പ് പറഞ്ഞുവല്ലോ.

ശുദ്ധീകരണം രണ്ടുവിധമാകുന്നു:

1. حَدَث ൽനിന്നുള്ള ശുദ്ധീകരണം.

2. نَجَس ൽനിന്നുള്ള ശുദ്ധീകരണം.

ആദ്യമായി حَدَث ൽനിന്നുള്ള ശുദ്ധീകരണം സംബന്ധിച്ചു പറയാം. നജസിൽനിന്നുള്ള ശുദ്ധീകരണം സംബന്ധിച്ച വിവരണം പിന്നീട് വരുന്നതാണ്. حَدَث എന്നാൽ 'ശരീരത്തെ അശുദ്ധമായി ഗണിക്കാവുന്ന അവസ്ഥ' എന്നു മനസ്സിലാക്കുക. ഇത് നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടായിരിക്കും. എന്നാൽ ശരീരത്തിനുണ്ടാകുന്ന അശുദ്ധി (حَدَث) രണ്ടു വിധമാകുന്നു:

1. اَلْحَدَثُ الأَصْغَر (ചെറിയ അശുദ്ധി)

2. الْحَدَثُ الأَكْبَرُ (വലിയ അശുദ്ധി)

ചെറിയ അശുദ്ധിയിൽനിന്ന് ശുദ്ധിയാകുവാൻ 'വുദൂഅ്' ഉണ്ടാക്കുകയും, വലിയ അശുദ്ധിയിൽനിന്ന് ശുദ്ധിയാകുവാൻ കുളിക്കുകയും വേണം. ശരി; എന്നാൽ എന്തെല്ലാം കാരണങ്ങൾകൊണ്ടാണ് ചെറിയ അശുദ്ധിയും വലിയ അശുദ്ധിയും ഉണ്ടാവുക. തുടർന്ന് അവ വെവ്വേറെ വിവരിക്കുന്നുണ്ട്.

## ചെറിയ അശുദ്ധിയുടെ കാരണങ്ങൾ

ചെറിയ അശുദ്ധിയുടെ കാരണങ്ങൾക്ക് 'വുദൂഅ്' മുറിയുന്ന കാരണങ്ങൾ എന്നും പറയാം. അവ താഴെ പറയുന്നവയാകുന്നു:

1. മലമൂത്ര ദ്വാരങ്ങളിലൂടെ വല്ലതും പുറപ്പെടുക. ഉദാഹരണമായി, കാഷ്ഠിക്കുകയോ മൂത്രിക്കുകയോ ചെയ്യുക. മലവും മൂത്രവും മാത്രമല്ല, മറ്റെന്തു പുറപ്പെട്ടാലും 'വുദൂഅ്' മുറിയുന്നതാണ്. മലദ്വാരത്തിലൂടെ വായു പുറപ്പെട്ടാലും 'വുദൂഅ്' മുറിയും.

2. ഉറക്കം, മസ്ത്, ബോധക്ഷയം മുതലായവകൊണ്ട് ബുദ്ധിയുടെ വിവേചനശക്തി ഇല്ലാതാവുക.

3. ഗുഹ്യസ്ഥാനം തൊടുക. ലിംഗം, യോനി, ഗുദം എന്നിവയാണ് ഗുഹ്യസ്ഥാനങ്ങൾ.

ഈ കാരണങ്ങളിൽ ഏതെങ്കിലും ഒന്ന് ഉണ്ടായാൽ 'വുദൂഅ്' ഉണ്ടാക്കണം. എന്നാലേ നമസ്കരിക്കാൻ പാടുള്ളൂ.

## വലിയ അശുദ്ധിയുടെ കാരണങ്ങൾ

വലിയ അശുദ്ധിയുടെ കാരണങ്ങൾക്ക് 'കുളിയുടെ കാരണങ്ങൾ' എന്നു പറയാം. അവ താഴെ വിവരിക്കുന്നവയാകുന്നു:

1. ഇന്ദ്രിയം പുറപ്പെടുക. ഇന്ദ്രിയത്തിന് അറബിയിൽ مَنِيّ എന്നു പറയുന്നു.

2. ഋതുരക്തം പുറപ്പെടുക. മുതിർന്ന സ്ത്രീകൾക്കാണ് ഇത് ഉണ്ടാവുക. സ്ത്രീകൾ ഋതുമതികളായാൽ അവർ പ്രായപൂർത്തിയായവരായി കണക്കാക്കാം. ഇതിന്ന് അറബിയിൽ حَيْض എന്നു പറയുന്നു.

3. സംയോഗം

4. പ്രസവം

5. പ്രസവരക്തം പുറപ്പെടുക. ഇത് പ്രസവിച്ചശേഷം മിക്ക സ്ത്രീകൾക്കും നാല്പത് ദിവസം വരെ ഉണ്ടാകുന്നതാണ്. ഇതിനെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ നിങ്ങൾക്കു പിന്നീടു മനസ്സിലാക്കാം. ഈ കാരണങ്ങളാൽ കുളി നിർബന്ധമാണെന്നു മാത്രം ഇപ്പോൾ മനസ്സിലാക്കുക.

## ശുദ്ധിയുടെ നിബന്ധനകൾ

വുദൂഅ്, കുളി എന്നിവയാണല്ലോ അശുദ്ധിയിൽനിന്ന് ശുദ്ധിയാവാനുള്ള മാർഗങ്ങൾ. വുദൂഇന്റെയും കുളിയുടെയും ക്രമങ്ങൾ പിറകെ വരുന്നുണ്ട്. അതിനു മുമ്പായി അവ ശരിയാവാനുള്ള ചില നിബന്ധനകൾ മനസ്സിലാക്കുക.

ഒന്നാമത്തെ നിബന്ധന, ശുദ്ധീകരണത്തിന് ശുദ്ധജലം ആവശ്യമാണ് എന്നതാണ്. അതായത് വെള്ളം സ്വയം ശുദ്ധിയുള്ളതും മറ്റൊന്നിനെ ശുദ്ധീകരിക്കാൻ പറ്റിയതുമായിരിക്കണം. അതിന്ന് طهور ആയ വെള്ളം എന്നു പറയുന്നു.

طهور അല്ലാത്ത വെള്ളം ശുദ്ധീകരണത്തിന്നു പറ്റുകയില്ല. അത് സ്വയം ശുദ്ധമായ വെള്ളമാണെങ്കിലും ശരി. ഉദാഹരണമായി, തേങ്ങ വെള്ളം വളരെ തെളിഞ്ഞ വെള്ളമാണല്ലോ. അത് കുളിക്കാനോ 'വുദൂഅ്' ഉണ്ടാക്കാനോ കൊള്ളുകയില്ല. അപ്രകാരം തന്നെ കുറഞ്ഞ ശുദ്ധജലത്തിൽ മലിന സാധനം (نَجَس) ചേർന്നാൽ അതും ശുദ്ധീകരണത്തിന് പറ്റുകയില്ല. കാരണം അതിനു ശുദ്ധിയില്ല. ശുദ്ധീകരണ ശക്തിയുമില്ല. ഉദാഹരണമായി, ഒരു കിണ്ടിയിലുള്ള വെള്ളത്തിൽ ഒരു തുള്ളി മൂത്രം കലർന്നാൽ അത് അശുദ്ധമായിത്തീരുന്നതാണ്. അതിനാൽ അതുകൊണ്ട് ശുദ്ധീകരിച്ചാൽ ശരിയാവുകയില്ല.

ശുദ്ധവെള്ളത്തിൽ ശുദ്ധമായ സാധനം ചേരുകയും തൻമൂലം വെള്ളത്തിന്റെ ഗുണം മാറുകയും ചെയ്തുവെങ്കിൽ ആ വെള്ളം ശുദ്ധീകരണത്തിനു കൊള്ളുന്നതല്ല. ഉദാഹരണമായി പഞ്ചസാര വെള്ളം, ചായ വെള്ളം മുതലായവ.

രണ്ടാമത്തെ നിബന്ധന, 'കഴുകേണ്ട അവയവങ്ങളിൽ വെള്ളം ഒഴുക്കിക്കഴുകുക' എന്നതാകുന്നു. അതായത് വെള്ളം തൊട്ടു പുരട്ടിയാൽ പോരാ, വെള്ളം അവയവത്തിൽ ഒഴുക്കേണ്ടത് ആവശ്യമാകുന്നു. അല്ലെങ്കിൽ അവയവം വെള്ളത്തിൽ മുങ്ങി നനയണം.

മൂന്നാമത്തെ നിബന്ധന, 'വെള്ളം തൊലിയുമായി ചേരുന്നതിന് അവയവങ്ങളിൽ ഒരിടത്തും തടസ്സമുണ്ടാവരുത്' എന്നാകുന്നു. ഉദാഹരണമായി, ഏതെങ്കിലും ഒരു അവയവത്തിൽ അല്പം വിളഞ്ഞിയോ കുമ്മായമോ പശയോ ചേർന്ന് ഉറച്ചുപോയെന്നു വിചാരിക്കുക. വെള്ളം അതിന്റെ മീതെ ഒഴുക്കിയാൽപോരാ. പിന്നെയോ, ആദ്യം അത് നീക്കിക്കളയുകയും ശേഷം തൽസ്ഥാനത്ത് വെള്ളം ഒഴുക്കിക്കഴുകുകയും വേണം.

നാലാമത്തെ നിബന്ധന, വെള്ളത്തെ 'ത്വഹൂർ' അല്ലാതെയാക്കിത്തീർക്കുന്ന യാതൊന്നും അവയവങ്ങളിൽ ഇല്ലാതിരിക്കുക എന്നതാകുന്നു.

അഞ്ചാമത്തെ നിബന്ധന, 'തുടർച്ചയായി അശുദ്ധിയുണ്ടായിക്കൊണ്ടിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം നമസ്കാരത്തിന്റെ സമയം ആവുക' എന്നതാകുന്നു. ഉദാഹരണമായി മൂത്രം സദാ കിനിഞ്ഞൊലിച്ചുകൊണ്ടിരിക്കുന്ന ചില രോഗികളുണ്ട്. അവർ നമസ്കാരത്തിന്ന് സമയമായാലേ 'വുദൂഅ്' എടുക്കാവൂ. അങ്ങനെയുള്ളവർ വുദൂഅ് എടുത്തു നമസ്കരിക്കുന്നതിനിടയിൽ മൂത്രം കിനിഞ്ഞൊലിച്ചാൽ അവർ വീണ്ടും 'വുദൂഅ്' ഉണ്ടാക്കേണ്ടതില്ല. അവർക്കു മാപ്പ് നല്കപ്പെടുന്നതാണ്.

## ഫർദുകളും സുന്നത്തുകളും

നമസ്കരിക്കാനുദ്ദേശിച്ചാൽ മുഖവും മുട്ടുകൾ ഉൾപ്പെടെ രണ്ടു കൈകളും കഴുകുവാനും തല തടവാനും നെരിയാണികൾ ഉൾപ്പെടെ കാൽ രണ്ടും കഴുകാനും അല്ലാഹു വിശുദ്ധ ഖുർആനിൽ കല്പിച്ചിട്ടുണ്ട്. ആ കല്പനയനുസരിച്ച് ഏറ്റവും പൂർണമായ വിധത്തിൽ വുദൂഅ് ഉണ്ടാക്കുന്ന ക്രമം നബി(സ) ചെയ്തുകാണിച്ചിട്ടുമുണ്ട്. അതേ ക്രമത്തിലാണ് നാം 'വുദൂഅ്' ഉണ്ടാക്കേണ്ടത്. വുദൂഇന്റെ രീതി മൊത്തത്തിൽ നിങ്ങൾ മുമ്പ് ഗ്രഹിച്ചിട്ടുണ്ടായിരിക്കും. എന്നാൽ വുദൂഅ് ഉണ്ടാക്കുമ്പോൾ നാം ചെയ്യുന്ന ചില കാര്യങ്ങൾ ഫർദു (فَرْض) കളും ചിലത് സുന്നത്ത് (سُنَّة)കളുമാകുന്നു. അത് നാം വേർതിരിച്ചു മനസ്സിലാക്കേണ്ടതുണ്ട്.

ഒരു കാര്യം ഉണ്ടാവാൻ ഒഴിച്ചുകൂടാത്ത കാര്യങ്ങൾക്ക് ആ കർമത്തിന്റെ فَرْض കൾ എന്നു പറയുന്നു. فَرْضകൾ ഇല്ലെങ്കിൽ ആ കർമം തന്നെ ഉണ്ടാവുകയില്ല. അത്രയ്ക്ക് നിർബന്ധമായ ഘടകമാണതെന്നർഥം. സുന്നത്ത് അങ്ങനെയുള്ളതല്ല. അത് ഇല്ലെങ്കിലും ആ കർമം ഉണ്ടാകും. പക്ഷേ, സുന്നത്തുകളും കൂടി ചേർന്നാൽ ആ കർമം വളരെ

ഉത്തമമായ നിലയിലായിത്തീരുന്നതാണ്.

ഇബാദത്തുകളിൽതന്നെ ഫർദ് ആയ ഇബാദത്തും സുന്നത്തായ ഇബാദത്തുമുണ്ട്.

فَرْض അനുഷ്ഠിക്കൽ നിർബന്ധവും ഉപേക്ഷിക്കൽ കുറ്റവുമാകുന്നു.

سُنَّة അനുഷ്ഠിക്കൽ വളരെ പുണ്യമാണെങ്കിലും നിർബന്ധമില്ല. അതുകൊണ്ട് അത് ഉപേക്ഷിക്കുന്നത് കുറ്റമല്ല.

സുന്നത്തായ ഇബാദത്തുകൾ അധികരിപ്പിക്കുന്നവർ അല്ലാഹുവുമായി കൂടുതൽ അടുപ്പമുള്ളവരായിത്തീരുന്നു. അവരെ അല്ലാഹു വളരെ ഇഷ്ടപ്പെടുന്നു. അവൻ അവർക്ക് മഹത്തായ പ്രതിഫലങ്ങൾ നല്കുകയും ചെയ്യുന്നു.

## വുദൂഇന്റെ ഫർദുകൾ

വുദൂഇന്റെ കൾ ആറാകുന്നു.

1. നിയ്യത്ത്. അതായത് ശുദ്ധി വരുത്തുവാനായി വുദൂഅ് ഉണ്ടാക്കുകയാണെന്ന് കരുതുക.

2. മുഖം കഴുകുക.

فَرْض 3. കൈ രണ്ടും മുട്ടുകൾ ഉൾപ്പെടെ കഴുകുക.

4. തല തടവുക.

5. കാൽ രണ്ടും ഞെരിയാണി ഉൾപ്പെടെ കഴുകുക.

6. ക്രമപ്രകാരം ചെയ്യുക. അതായത് വുദൂഇന്റെ പ്രവൃത്തികൾ മേൽ വിവരിച്ചപോലെ ക്രമം തെറ്റാതെ ചെയ്യുക. ഇതിന്നു അറബിയിൽ ترتيب എന്നു പറയുന്നു.

وضوء ഉദ്ദേശിച്ച് വെള്ളത്തിൽ മുങ്ങിയാൽ അത് വുദൂഇന്ന് പകരം മതിയാവുന്നതാണ്.

## വുദൂഇന്റെ സുന്നത്തുകൾ

1. بسم الله الرحمن الرحيم എന്നു ചൊല്ലിക്കൊണ്ട് വുദൂഅ് ഉണ്ടാക്കാൻ തുടങ്ങുക.

2. മുൻകൈ രണ്ടും മൂന്നു പ്രാവശ്യം കഴുകുക. മറ്റു അവയവങ്ങൾ കഴുകുന്നത് മുൻകൈകൊണ്ടാണല്ലോ. അതുകൊണ്ട് മുൻകൈ ആദ്യമേ വൃത്തിയായിരിക്കേണ്ടതാവശ്യമാകുന്നു.

3. പല്ലുതേച്ചു വൃത്തിയാക്കുക. ദന്തശുദ്ധിയെക്കുറിച്ചു നബി(സ) വളരെ ശക്തിയായി ഉപദേശിച്ചിട്ടുണ്ട്. ദീനുൽ ഇസ്ലാമിൽ അതിന്ന് വളരെ പ്രാധാന്യമുണ്ട്.

4. വായിൽ വെള്ളം കൊടുത്ത് കൊപ്പിളിക്കുക. അതോടൊപ്പം മൂക്കിൽ

വെള്ളം കയറ്റി ചീറ്റുകയും ചെയ്യുക. ഇത് മൂന്നു കോരൽ വെള്ളംകൊണ്ട് മൂന്നു പ്രാവശ്യം ചെയ്യേണ്ടതാകുന്നു.

5. തല മുഴുവൻ തടവുന്നതോടൊന്നിച്ച് ചെവി രണ്ടും തടവുക. തള്ള വിരൽകൊണ്ട് ചെവിയുടെ പുറവും ചൂണ്ടുവിരൽകൊണ്ട് ചെവിയുടെ ഉള്ളും തടവണം.

6. തിങ്ങിയ താടി വിരൽകൊണ്ട് ചീകിക്കഴുകുക.

7. അവയവങ്ങൾ തേച്ചുകഴുകുക.

8. മുഖവും കൈകാലുകളും കയറ്റിക്കഴുകുക.

9. മൂന്നു പ്രാവശ്യം കഴുകുക.

10. കൈകാലുകൾ കഴുകുമ്പോൾ വലത്തേതുകൊണ്ടു തുടങ്ങുക.

11. വുദൂഇന്നുശേഷം, താഴെ ചേർത്ത ശഹാദത്തും പ്രാർഥനയും ചൊല്ലുക.

أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
اللَّهُمَّ اجْعَلْنِي مِنَ التَّوَّابِينَ وَاجْعَلْنِي مِنَ الْمُتَطَهِّرِينَ سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ
اشْهَدُ أَنْ لاَ اِلَهَ الاَّ أَنْتَ اسْتَغْفِرُكَ وَاَتُوبُ إِلَيْكَ

**അർഥം**

| | |
|---|---|
| أشْهَدُ | ഞാൻ സാക്ഷ്യം വഹിക്കുന്നു |
| أَنْ لاَ إِلَهَ إِلاَّ اللَّهُ | അല്ലാഹു ഒഴികെ ഒരു ഇലാഹില്ലെന്നും |
| وَحْدَهُ | അവൻ ഏകൻ |
| لاَ شَرِيكَ لَهُ | അവന്നു കൂട്ടുകാരനില്ല |
| وَأَشْهَدُ | ഞാൻ സാക്ഷ്യം വഹിക്കുന്നു. |
| أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ | നിശ്ചയം മുഹമ്മദ് അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്ന് |
| اللَّهُمَّ | അല്ലാഹുവേ! |
| اجْعَلْنِي | എന്നെ നീ ആക്കേണമേ |
| مِنَ التَّوَّابِينَ | അധികമധികം പശ്ചാത്തപിക്കുന്നവരിൽ |
| وَاجْعَلْنِي مِنَ الْمُتَطَهِّرِينَ | ശുദ്ധിയുള്ളവരിലും എന്നെ നീ ആക്കേണമേ |
| سُبْحَانَكَ | നിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു |
| اللَّهُمَّ | |
| وَبِحَمْدِكَ | |
| اشْهَدُ أَنْ لاَ اِلَهَ الاَّ أَنْتَ | |
| اسْتَغْفِرُكَ | |
| وَاَتُوبُ إِلَيْكَ | |

അല്ലാഹുവേ!

നിന്നെ സ്തുതിച്ചുകൊണ്ടും

നീ ഒഴികെ ഒരു ഇലാഹുമില്ലെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു.

ഞാൻ നിന്നോട് മാപ്പ് തേടുന്നു

ഞാൻ നിന്നിലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുന്നു

ഇങ്ങനെ വുദൂഅ് ഉണ്ടാക്കിയാൽ നമ്മുടെ ബാഹ്യമായ അവയവങ്ങൾ മാത്രമല്ല, ഹൃദയവും ശുദ്ധിയായിത്തീരുന്നതാണ്. പാപങ്ങളിൽനിന്ന് പരിശുദ്ധമാകുവാൻ അതേറ്റവും സഹായകമാകുന്നു.

## കുളി

വലിയ അശുദ്ധിയിൽനിന്ന് ശുദ്ധിവരുത്തുവാൻ കുളിക്കുകയാണ് വേണ്ടതെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ. ഇനി കുളിയുടെ ക്രമം വിവരിക്കാം.

കുളിയുടെ فَرْض കളും سُنَّة കളും കൂടിച്ചേരുമ്പോൾ കുളി ഏറ്റവും ഉത്തമമായ നിലയിൽ ആയിത്തീരുന്നു. കുളിയുടെ فَرْض കൾ രണ്ടാകുന്നു.

1. നിയ്യത്ത്. അതായത് വലിയ അശുദ്ധിയിൽനിന്ന് ശുദ്ധിയാകുവാൻ വേണ്ടി കുളിക്കുകയാണെന്ന് കരുതുക.

2. ശരീരം മുഴുവൻ വെള്ളം ഒഴുക്കിക്കഴുകുക.

കുളിയുടെ സുന്നത്തുകളിൽ ചിലത് താഴെ വിവരിക്കുന്നു:

1. ആദ്യമായി ശരീരത്തിലെ മാലിന്യങ്ങൾ കഴുകിക്കളയുക.
2. കുളി ആരംഭിക്കുമ്പോൾ വുദൂഅ് ഉണ്ടാക്കുക.
3. തലമുടി വിരൽകൊണ്ട് ചീകിക്കഴുകുക.
4. വെള്ളം ശരീരത്തിൽ മൂന്നുപ്രാവശ്യം ഒഴുക്കുക. മൂന്നു പ്രാവശ്യം വെള്ളത്തിൽ മുങ്ങിയാലും മതിയാകുന്നതാണ്.

## തയമ്മും ( التَّيَمُّم )

വുദൂഅ് ഉണ്ടാക്കുവാനും കുളിക്കുവാനും طَهُور ആയ വെള്ളം വേണമെന്ന് നിങ്ങൾ പഠിച്ചുവല്ലോ. എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിൽ വെള്ളം കിട്ടാതിരുന്നാൽ എന്തു ചെയ്യും? അല്ലെങ്കിൽ രോഗം നിമിത്തം വെള്ളം ഉപയോഗിക്കുന്നത് വിഷമമായാൽ എന്തു ചെയ്യും? അപ്പോൾ വെള്ളത്തിനു പകരം മണ്ണുപയോഗിച്ച് ശുദ്ധി വരുത്താവുന്നതാണ്. ഇത് അല്ലാഹു നമുക്കനുവദിച്ചുതന്ന ഒരു അനുഗ്രഹമാകുന്നു.

മണ്ണുപയോഗിച്ച് ശുദ്ധിവരുത്തുന്നതിന് തയമ്മും ( تيمم )എന്നു പറ

യുന്നു. ശുദ്ധിയുള്ള മണ്ണിൽ മുൻകൈ രണ്ടും അടിക്കുക; എന്നിട്ട് മുഖവും കൈ രണ്ടും തടവുകയും ചെയ്യുക. ഇതാണ് തയമ്മും ചെയ്യുന്നതിന്റെ ക്രമം.

തയമ്മുമിനെക്കുറിച്ചു വിശദമായി പറഞ്ഞാൽ അഞ്ചു ഫർദുകളുണ്ടെന്ന് മനസ്സിലാക്കാം.

1. മണ്ണിൽ അടിക്കുക.

2. നിയ്യത്ത് (നമസ്കാരം മുതലായ കർമങ്ങൾക്കു വേണ്ടി തയമ്മും ചെയ്യുകയാണെന്ന് കരുതുക.)

3. മുഖം തടവുക.

4. കൈ രണ്ടും തടവുക.

5. തർത്തീബ് (ക്രമം പാലിക്കുക.)

## മലിന സാധനങ്ങൾ

നമസ്കാരം ശരിയാകുന്നതിനുള്ള രണ്ടാമത്തെ നിബന്ധന മാലിന്യത്തിൽനിന്നുള്ള ശുദ്ധീകരണമാണല്ലോ. ശരീരത്തിലോ വസ്ത്രത്തിലോ നമസ്കാരസ്ഥലത്തോ മാലിന്യം (نَجَس) ചേർന്നാൽ ശുദ്ധീകരിച്ച ശേഷമേ നമസ്കരിക്കാൻ പാടുള്ളൂ. അതുകൊണ്ട് മലിനസാധനങ്ങൾ എന്തെല്ലാമാണെന്നും എത്ര വിധമുണ്ടെന്നും നാം ഗ്രഹിക്കേണ്ടതുണ്ട്. അപ്രകാരംതന്നെ അവയിൽനിന്നുള്ള ശുദ്ധീകരണം എങ്ങനെയാണെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്.

മലിന സാധനങ്ങൾ രണ്ടുവിധമാകുന്നു. ഒന്ന്, സ്വതവേ മലിനമായത്. അതിന്റെ സത്തതന്നെ മലിനമായിരിക്കും. അതിന് عَيْنُ النَّجَس എന്നു പറയുന്നു. രണ്ട്, മറ്റൊന്നുകൊണ്ട് മലിനമായിത്തീർന്നത്. അതിന്ന് مُتَنَجِّس എന്നു പറയുന്നു.

കാഷ്ഠം, മൂത്രം, മദ്യ്, രക്തം, ചലം, ഛർദ്ദിച്ചത്, കള്ള് പോലത്തെ ലഹരിദ്രാവകങ്ങൾ, മനുഷ്യനും മത്സ്യവും വെട്ടുകിളിയും ഒഴികെയുള്ളവയുടെ ശവങ്ങൾ, നായ, പന്നി എന്നിവ عَيْنُ النَّجَسകൾ ആകുന്നു. عَيْنُ النَّجَس നനവോടുകൂടി ഒരു സാധനത്തിൽ തട്ടുകയോ ചേരുകയോ ചെയ്താൽ അതിന്നാണ് مُتَنَجِّس എന്നു പറയുന്നത്.

## മാലിന്യത്തിൽനിന്നുള്ള ശുദ്ധീകരണം (i)

സത്തതന്നെ മലിനമായ സാധനത്തിന്നാണല്ലോ عَيْنُ النَّجَس എന്നു പറയുന്നത്. അതിനെ വെള്ളംകൊണ്ട് കഴുകി ശുദ്ധീകരിക്കുവാൻ സാധിക്കില്ല. എന്നാൽ عَيْنُ النَّجَس കളുടെ കൂട്ടത്തിൽ ഉൾപ്പെട്ട കള്ള് മുതലായ ലഹരി ദ്രാവകങ്ങൾ തനിയെ സുർക്കയായാൽ ശുദ്ധിയുള്ളതായിത്തീരുന്നതാണ്. അപ്രകാരം നായയും പന്നിയും ഒഴികെയുള്ള ശവത്തിന്റെ

തോൽ ഊറക്കിട്ടാൽ അതും ശുദ്ധിയുള്ളതായിത്തീരുന്നതാണ്. عَيْنُ النَّجَسകളിൽ മറ്റൊന്നും ശുദ്ധീകരിക്കുക സാധ്യമല്ല. مُتَنَجّس അഥവാ നജസ് ചേർന്നതുകൊണ്ട് മലിനപ്പെട്ട സാധനം ശുദ്ധീകരിച്ചെടുക്കാവുന്നതാണ്. പക്ഷേ, പാൽ, തേൻ, എണ്ണ തുടങ്ങിയ ദ്രാവകങ്ങളായ സാധനങ്ങളിൽ 'നജസ്' ചേർന്നാൽ അവയെ ശുദ്ധീകരിക്കുക സാധ്യമല്ല.

റൊട്ടി, ചോറ്, ഉറച്ച നെയ്യ് മുതലായ സാധനങ്ങളിൽ നജസ് വീണാൽ ആ നജസും അത് തട്ടിയ സ്ഥലത്തുള്ളതും എടുത്തു കളഞ്ഞാൽ മതി. ബാക്കിയുള്ളത് ശുദ്ധിയായിരിക്കുന്നതാണ്.

സമചതുരം അരയരക്കാൽ വാര വലുപ്പമുള്ള കുഴിയിലോ പാത്രത്തിലോ കൊള്ളുന്ന വെള്ളത്തിന്ന് 'രണ്ടു ഖുല്ലത്ത് വെള്ളം' എന്നു പറയുന്നു. വെള്ളം രണ്ടു ഖുല്ലത്തോ അതിലധികമോ ഉണ്ടെങ്കിൽ അതിന്ന് 'അധികരിച്ച വെള്ളം' എന്നാണ് പറയുക. രണ്ടു ഖുല്ലത്തിൽ കുറഞ്ഞതിന്ന് 'കുറഞ്ഞ വെള്ളം' എന്നും പറയുന്നു.

കുറഞ്ഞ വെള്ളത്തിൽ 'നജസ്' ചേർന്നാൽ അത് مُتَنَجّس ആയിത്തീരുന്നതാണ്. ഉദാഹരണമായി, രണ്ടു ഖുല്ലത്തിൽ കുറവായ വെള്ളത്തിൽ ഒരു തുള്ളി മൂത്രമോ രക്തമോ വീണുപോയാൽ അത് അശുദ്ധമായി ഗണിക്കപ്പെടുന്നതാണ്.

എന്നാൽ 'കുറഞ്ഞ വെള്ള'ത്തിൽ نَجَس ചേർന്ന ശേഷം അതിൽ കൂടുതൽ വെള്ളം ഒഴിച്ചതിനാൽ 'രണ്ടു ഖുല്ലത്താ'യിത്തീർന്നാലോ? എന്നാലത് 'മുതനജ്ജിസ'ല്ല. പക്ഷേ, نَجَس ചേർന്നതുകൊണ്ട് വെള്ളത്തിന്റെ ഗുണത്തിൽ മാറ്റം സംഭവിക്കരുത്. അതായത്, വെള്ളത്തിന്റെ രുചിയോ നിറമോ വാസനയോ نَجَسകലർന്ന കാരണത്താൽ വ്യത്യാസപ്പെടരുത്. വ്യത്യാസപ്പെട്ടാൽ അതും مُتَنَجّس ആയിത്തന്നെ ഗണിക്കപ്പെടുന്നതാണ്. അതായത്, കുറഞ്ഞ വെള്ളത്തിൽ 'നജസ്' ചേർന്ന ശേഷം വെള്ളം അധികരിപ്പിക്കുകയും തൻമൂലം നജസുകൊണ്ട് ഉണ്ടായ ഗുണവ്യത്യാസം നീങ്ങുകയും ചെയ്താൽ ആ വെള്ളം طَهُور ആകുന്നു.

'അധികരിച്ച വെള്ള'ത്തിൽ നജസ് ചേർന്നതുകൊണ്ട് മാത്രം വെള്ളം അശുദ്ധമാവുകയില്ല. പിന്നെയോ, 'നജസ്' ചേരുകയും തൻമൂലം വെള്ളത്തിന്റെ ഗുണം (രുചി, നിറം, വാസന) മാറിപ്പോവുകയും വേണം. അങ്ങനെ വെള്ളത്തിന്റെ ഗുണം മാറിയാൽ അതും نَجَس ആയി ഗണിക്കപ്പെടുമെന്നതു തീർച്ചതന്നെ.

## മാലിന്യത്തിൽനിന്നുള്ള ശുദ്ധീകരണം (ii)

ശുദ്ധീകരണത്തിന് طَهُور ആയ വെള്ളം ആവശ്യമാകുന്നു. വസ്ത്രത്തിലോ ശരീരത്തിലോ മറ്റോ عَيْنُ النّجَس ചേർന്നാൽ നല്ലവണ്ണം ശുദ്ധിയാകുന്നതുവരെ طَهُور ആയ വെള്ളം കൊണ്ടു കഴുകണം. അതായത്,

നജസ് അതിന്റെ രുചിയും വാസനയും നിറവും നീങ്ങിപ്പോകുന്നതുവരെ കഴുകണം. സോപ്പ് മുതലായ സാധനങ്ങളുപയോഗിച്ച് വളരെ പണിപ്പെട്ട് കഴുകിയ ശേഷം നജസിന്റെ മണം മാത്രമോ അല്ലെങ്കിൽ നിറം മാത്രമോ നീങ്ങിപ്പോകുന്നില്ലെങ്കിൽ അതുകൊണ്ട് വിരോധമില്ല.

നായ തൊട്ടതുകൊണ്ട് 'മുതനജ്ജിസാ'യ സാധനം വൃത്തിയാക്കുമ്പോൾ ഏഴു പ്രാവശ്യം കഴുകണം. അതിൽ ഒരു പ്രാവശ്യം ശുദ്ധമായ മണ്ണ് കലർത്തിയ വെള്ളം കൊണ്ടായിരിക്കുകയും വേണം.

കൊതുക്, ചെള്ള് മുതലായവയുടെ രക്തവും കുരു, ചൊറി മുതലായവയിൽനിന്നുള്ള ചോരയും കഴുകിക്കൊള്ളണമെന്നില്ല. അത് വിട്ടുവീഴ്ച ചെയ്യപ്പെടുന്നതാകുന്നു.

എന്നാൽ മലമൂത്രദ്വാരങ്ങളിൽനിന്നും പുറപ്പെടുന്ന രക്തം വിടുതിയുള്ളതല്ല. ഈച്ച, നരിച്ചീർ മുതലായവയുടെ കാഷ്ഠവും മൂത്രവും വിടുതിയുള്ളതാകുന്നു.

പാൽ ഒഴികെ ഒന്നും ഭക്ഷിച്ചിട്ടില്ലാത്തതും രണ്ടു വയസ്സ് തികയാത്തതുമായ ആൺകുട്ടിയുടെ മൂത്രം വസ്ത്രത്തിലോ മറ്റോ ആയാൽ അതിൽ വെള്ളം ഒഴുക്കിക്കഴുകണമെന്നില്ല. അതിൽ നല്ലതുപോലെ വെള്ളം തളിച്ചാൽ മതിയാകുന്നതാണ്.

നജസ് ചേർന്ന സാധനം ശുദ്ധീകരിക്കുമ്പോൾ 'കുറഞ്ഞ വെള്ള'ത്തിൽ ഇട്ടു കഴുകരുത്. എന്തുകൊണ്ടെന്നാൽ അത് കുറഞ്ഞ വെള്ളത്തിൽ ഇടുന്നതോടുകൂടി ആ വെള്ളം മുതനജ്ജിസായിത്തീരുന്നതാണ്. അതിനാൽ നജസ് ചേർന്ന സാധനത്തിലേക്ക് വെള്ളം ഒഴിച്ചു കഴുകേണ്ടതാകുന്നു. എന്നാൽ രണ്ട് ഖുല്ലത്ത് തികഞ്ഞ വെള്ളമാണെങ്കിൽ അതിൽ ഇട്ടു കഴുകാവുന്നതാണ്.

## ശൗച്യം

മലമൂത്ര വിസർജനത്തിനു ശേഷം ശൗചിക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇസ്‌ലാമിൽ നിർബന്ധമായ കാര്യമാണിത്. ശുദ്ധിയും വൃത്തിയും പാലിക്കുവാൻ അത് വളരെ ആവശ്യമാകുന്നു.

മൂത്രിക്കുകയോ കാഷ്ഠിക്കുകയോ ചെയ്താൽ ത്വഹൂറായ വെള്ളം കൊണ്ട് കഴുകി ശുദ്ധിയാക്കേണ്ടതാണ്. കല്ല്, മരക്കഷണം, കടലാസ്സ് മുതലായവ കൊണ്ട് വിസർജന ദ്വാരങ്ങൾ നല്ലവണ്ണം തുടച്ചു വൃത്തിയാക്കിയാലും മതിയാകുന്നതാണ്. കല്ല് മുതലായ സാധനങ്ങൾകൊണ്ട് വൃത്തിയാക്കുമ്പോൾ അവ നജസിനെ പിടിച്ചെടുക്കുന്നതായിരിക്കണം. ഉദാഹരണമായി, മൂത്രിച്ച ശേഷം നനഞ്ഞ കല്ലുകൊണ്ട് തടവിയാൽ അത് മൂത്രത്തെ വറ്റിച്ചെടുക്കുകയില്ലല്ലോ. അതുകൊണ്ട് അത് മതിയാവില്ല. കല്ല് മുതലായവകൊണ്ട് ശുദ്ധീകരിക്കുമ്പോൾ ചുരുങ്ങിയത് മൂന്നു

പ്രാവശ്യം തടവണം. ഒരിക്കൽ തടവിയ സാധനംകൊണ്ട് രണ്ടാം പ്രാവശ്യം തടവിയാൽ പോരാ. മൂന്ന് പ്രാവശ്യം കൊണ്ട് ശുദ്ധിയായായി ല്ലെങ്കിൽ ശുദ്ധിയാവുന്നത് വരെ തടവണം. ശുദ്ധിയാക്കുവാൻ ഉപയോ ഗിക്കുന്ന കല്ലും മറ്റു സാധനങ്ങളും ശുദ്ധിയുള്ളതായിരിക്കണം. മുതന ജ്ജിസായ സാധനംകൊണ്ട് ശുദ്ധീകരിച്ചാൽ മതിയാവില്ല. ആദരിക്കപ്പെ ടുന്ന സാധനങ്ങൾ ശുദ്ധീകരണത്തിന് ഉപയോഗിക്കാൻ പാടില്ല.

ആദ്യം കല്ല് മുതലായവകൊണ്ടും പിന്നീട് വെള്ളം കൊണ്ടും ശുദ്ധി യാക്കുന്നത് വളരെ നല്ലതാണ്.

## വിസർജന മര്യാദകൾ

മലമൂത്ര വിസർജനം ചെയ്യുമ്പോൾ നാം ചില മര്യാദകൾ പാലിക്കേ ണ്ടതുണ്ട്. അതിൽ പ്രധാനമായ ചിലത് ചുവടെ ചേർക്കുന്നു.

1. പാദരക്ഷ ധരിക്കുക.

2. സംസാരിക്കാതിരിക്കുക.

3. വിസർജനത്തിന്നു നിശ്ചയിച്ച സ്ഥലത്തേക്കു പ്രവേശിക്കുമ്പോൾ ഇടത്തേ കാൽ ആദ്യം എടുത്തുവെക്കുക.

4. വിസർജന സ്ഥലത്തുനിന്നു പുറത്തുവരുമ്പോൾ വലത്തേ കാൽ ആദ്യം എടുത്തുവെക്കുക.

5. വിസർജനസ്ഥലത്ത് പ്രവേശിക്കുമ്പോൾ

اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْخُبُثِ وَالْخَبَائِثِ *

(അല്ലാഹുവേ! പൈശാചികമായ എല്ലാവിധ ചീത്ത കാര്യങ്ങളിൽ നിന്നും, ഞാൻ നിന്നോട് രക്ഷ തേടുന്നു.)

6. വിസർജന സ്ഥലത്തു നിന്നു പുറത്തുവരുമ്പോൾ,

غُفْرَانَكَ الْحَمْدُ لِلَّهِ الَّذِى اَذْهَبَ عَنِّى الاَذَى وَعَافَانِى**

(എന്നിൽനിന്നു ദുഷ്ട് നീക്കം ചെയ്ത് എനിക്ക് സൗഖ്യം നല്കിയ

---

| | |
|---|---|
| * അല്ലാഹുവേ, ഞാൻ നിന്നോട് രക്ഷ തേടുന്നു | اللَّهُمَّ إِنِّي أَعُوذُ بِكَ |
| പൈശാചികമായ എല്ലാവിധ ചീത്തകാര്യങ്ങളിൽനിന്നും | مِنَ الْخُبُثِ وَالْخَبَائِثِ |
| ** നിന്റെ മാപ്പിന്നപേക്ഷ | غُفْرَانَكَ |
| അല്ലാഹുവിന്നു സ്തുതി | الْحَمْدُ لِلَّهِ |
| എന്നിൽനിന്ന് ദുഷ്ട് നീക്കിക്കളഞ്ഞവനായ | الَّذِى اَذْهَبَ عَنِّى الاَذَى |
| എന്നെ സൗഖ്യത്തിലാക്കിയവനുമായ | وَعَافَانِى |

അല്ലാഹുവിന്നു സ്തോത്രം) എന്നു ചൊല്ലുക.

7. ഇരിക്കുമ്പോൾ നിലത്തോടടുക്കും മുമ്പേ വസ്ത്രം ഉയർത്താതിരിക്കുക.

ഇതെല്ലാം വിസർജന വേളയിൽ ആചരിക്കേണ്ട സുന്നത്തുകളാകുന്നു.

മൂത്രപ്പുരയിലോ കക്കൂസിലോ അല്ലാതെ മലമൂത്രവിസർജനം ചെയ്യുമ്പോൾ മറ ഉണ്ടായിരിക്കുകയാണ് ഉത്തമം. മറ ഇല്ലെങ്കിൽ ഖിബ്‌ലയുടെ ഭാഗത്തേക്ക് മുന്നിട്ടും പിന്നിട്ടും വിസർജിക്കാൻ പാടില്ല. ഖബ്‌റിന്മേലും ഭക്ഷണപദാർഥങ്ങളിലും എല്ലിന്മേലും പള്ളിയിലും മലമൂത്ര വിസർജനം പാടില്ല. ഇതെല്ലാം കുറ്റകരമാകുന്നു.

മാളത്തിലും വഴിയിലും ഫലം കായ്ക്കുന്ന വൃക്ഷത്തിന്റെ ചുവട്ടിലും മലമൂത്ര വിസർജനം ചെയ്യരുത്. കെട്ടിനില്ക്കുന്ന വെള്ളത്തിലും വിസർജിക്കരുത്. ഒലിക്കുന്ന വെള്ളം കുറഞ്ഞതാണെങ്കിലും അതിലും വിസർജിക്കരുത്. ഇതെല്ലാം വിരോധിക്കപ്പെട്ടതാകുന്നു.

## 'ഔറത്ത്' മറയ്ക്കൽ (سَتْرُ العَوْرَةِ)

നമസ്കരിക്കുമ്പോൾ നാം അല്ലാഹുവിനെ വന്ദിക്കുകയും അവനുമായി സംസാരിക്കുകയും ചെയ്യുകയാണല്ലോ. നമസ്കരിക്കുമ്പോൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാവുകയാണെന്ന ബോധം നമുക്കുണ്ടാവണം. സർവാധിനാഥനായ അല്ലാഹുവിന്റെ തിരുമുമ്പിൽ നാം ഹാജരാവുന്നത് വൃത്തിയായും ഭംഗിയായും വസ്ത്രം ധരിച്ചുകൊണ്ടായിരിക്കണം. അഞ്ചുനേരത്തെ നമസ്കാരം പള്ളിയിൽ ചെന്ന് ജമാഅത്തായി നമസ്കരിക്കുകയാണല്ലോ വേണ്ടത്. മറ്റുള്ളവർക്ക് അറപ്പും വെറുപ്പും തോന്നുന്ന വിധം വസ്ത്രം ധരിച്ചുകൊണ്ട് പള്ളിയിൽ പോകുന്നത് ശരിയല്ല. നമസ്കാരവേളയിൽ ഭംഗിയായി വസ്ത്രം ധരിക്കുവാൻ അല്ലാഹു കല്പിച്ചിരിക്കുന്നു. ഏറ്റവും ചുരുങ്ങിയത് ശരീരത്തിൽനിന്ന് അന്യരെ കാണിക്കുവാൻ പാടില്ലാത്ത ഭാഗങ്ങളെങ്കിലും മറയ്ക്കേണ്ടതാണ്. അന്യരെ കാണിക്കാൻ പാടില്ലാത്ത ഭാഗത്തിന്ന് ഔറത്ത്(عَورة)എന്നു പറയുന്നു. 'ഔറത്ത്' മറയ്ക്കൽ നമസ്കാരം ശരിയാകുവാനുള്ള മൂന്നാമത്തെ നിബന്ധനയാണെന്ന് നിങ്ങൾക്കറിയാമല്ലോ.

ഔറത്തിന്റെ കാര്യത്തിൽ സ്ത്രീയും പുരുഷനും തമ്മിൽ വ്യത്യാസമുണ്ട്. സ്വതന്ത്രയായ സ്ത്രീയെ സംബന്ധിച്ചിടത്തോളം മുഖവും മുൻകൈയും ഒഴികെ ശരീരം മുഴുവൻ ഔറത്താകുന്നു. അതിനാൽ സ്ത്രീകൾ മുഖവും മുൻകൈ രണ്ടും ഒഴികെ ബാക്കിയെല്ലാം നല്ലതുപോലെ മറയുന്ന വിധം വസ്ത്രധാരണം ചെയ്തുകൊണ്ടാണ് നമസ്കരിക്കേണ്ടത്.

പുരുഷന്മാരുടെ 'ഔറത്ത്' പൊക്കിൾ മുതൽ മുട്ടുകൾ വരെയുള്ള ഭാഗമാണ്. ആ ഭാഗം നല്ലതുപോലെ മറയുന്നവിധം അവർ വസ്ത്രം ധരിക്കേണ്ടതാണ്.

സാധാരണ നോട്ടത്തിൽ തൊലിയുടെ നിറം കാണാൻ സാധിക്കാത്ത വിധത്തിൽ മറച്ചിരിക്കണം. നിറം നിഷ്പ്രയാസം പുറത്തുകാണുന്ന വസ്ത്രങ്ങൾ ധരിച്ചാൽ മതിയാവില്ല.

പുരുഷന്മാർ നമസ്കരിക്കുമ്പോൾ കുപ്പായവും തൊപ്പിയും തലയിൽ കെട്ടും മറ്റും ധരിച്ച് വളരെ നല്ല അവസ്ഥയിലും അന്തസ്സിലും ആകുന്നത് ഏറ്റവും ഉത്തമമാകുന്നു.

# നമസ്കാരത്തിന്റെ സമയം

നമസ്കാരം ശരിയാകുന്നതിനുള്ള നാലാമത്തെ നിബന്ധന നമസ്കാരത്തിന്റെ സമയം ആയിട്ടുണ്ടെന്ന് അറിയലാകുന്നു. സമയം ആകുന്നതിനു മുമ്പ് നമസ്കരിച്ചാൽ ശരിയാവുകയില്ല. സമയം ആയിട്ടുണ്ടെന്ന് ഉറപ്പു വരാതെ നമസ്കരിച്ചാലും മതിയാവുകയില്ല.

ഏതെല്ലാമാണ് നമസ്കാര സമയങ്ങൾ? ഓരോ നമസ്കാരത്തിന്റെയും സമയങ്ങളുടെ തുടക്കവും അവസാനവും ഏതെല്ലാം? അത് ചുവടെ വിവരിക്കുന്നു:

ظهر നമസ്കാരത്തിന്റെ സമയം ഉച്ച തിരിയുന്നതോടുകൂടി ആരംഭിക്കുന്നു. പിന്നീട് ഒരു വസ്തുവിന്റെ നിഴൽ അതിന്റെയത്ര വലുതാകുന്നതുവരെ ظهرന്റെ സമയം നീണ്ടുനില്ക്കുന്നു. നിഴലിന്റെ നീളം അളക്കുമ്പോൾ ഉച്ച സമയത്തുള്ള നിഴൽ കിഴിക്കേണ്ടതാണ്. ഉച്ചനിഴൽ പലപ്പോഴും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും.

ഒരു വസ്തുവിന്റെ നിഴൽ ഉച്ചക്കുള്ള നിഴൽ കിഴിച്ച് അതിന്റെയത്ര വലുതായാൽ عصر ന്റെ സമയമായി. അതായത് ظهرന്റെ സമയം അവസാനിക്കുന്നതോടുകൂടി عصر ന്റെ സമയം ആരംഭിക്കുന്നു. പിന്നീട് സൂര്യൻ അസ്തമിക്കുന്നതുവരെ عصر ന്റെ സമയം നീണ്ടു നില്ക്കുന്നതാണ്.

സൂര്യൻ അസ്തമിച്ചാൽ مغرب ന്റെ സമയമായി. അസ്തമയശോഭമായുന്നതുവരെ مغرب ന്റെ സമയം നീണ്ടുനില്ക്കുന്നു. സൂര്യാസ്തമയത്തിനുശേഷം ആകാശത്തിൽ പടിഞ്ഞാറു ഭാഗത്തുണ്ടാകുന്ന ചുകപ്പു വർണത്തിന്നാണ് ഇവിടെ അസ്തമയശോഭ എന്നു പറഞ്ഞിട്ടുള്ളത്. ഇതിന്ന് അറബിയിൽ الشَّفَقُ الأحْمر എന്നു പറയുന്നു. مغرب ന്റെ സമയം അവസാനിക്കുന്നതോടെ عشاءന്റെ സമയം ആരംഭിക്കുന്നു. പിന്നീട് ഉൺമ പ്രഭാതം വരെ عشاءന്റെ സമയമാകുന്നു. ഉണ്മപ്രഭാതത്തിന് അറബിയിൽ الفَجْرُ الصَّادِق എന്നു പറയുന്നു.

ഉണ്മ പ്രഭാതം മുതൽ സൂര്യൻ ഉദിക്കുന്നതുവരെ صبح ന്റെ സമയമാ

കുന്നു. സുബ്ഹ് നമസ്കാരത്തിന്ന് 'ഫജ്റ്' നമസ്കാരം എന്നും പറയാറുണ്ട്. മേൽപറഞ്ഞ സമയങ്ങൾ വാച്ചുകൊണ്ട് കണക്കാക്കാവുന്നതാണ്. അതനുസരിച്ചുള്ള സമയപ്പട്ടികകൾ നിങ്ങൾ കണ്ടിരിക്കുമല്ലോ.

ഓരോ നമസ്കാരവും അതത് സമയത്ത് നമസ്കരിക്കൽ നിർബന്ധമാണ്. കാരണം കൂടാതെ നമസ്കാരം അതിന്റെ സമയത്തിൽനിന്ന് പിന്തിക്കുന്നത് കുറ്റകരമാകുന്നു. നമസ്കാരം സമയം വിട്ട് പിന്തിക്കുവാൻ ഉറക്കവും മറവിയുമല്ലാതെ മറ്റൊരു കാരണവും ദീനുൽ ഇസ്ലാമിൽ അംഗീകരിച്ചിട്ടില്ല. ഉറക്കവും മറവിയും നിമിത്തം നമസ്കാരം പിന്തിപ്പോയാൽ ഓർമ വന്നാലുടനേ നമസ്കരിക്കണം.

ഓരോ നമസ്കാരത്തിന്നും ശ്രേഷ്ഠമായ സമയം അതതിന്റെ ആദ്യ സമയമാകുന്നു. എന്നാൽ ഇശാ നമസ്കാരം അല്പം പിന്തിക്കുന്നതാണുത്തമം.

## ഖിബ്‌ലയെ അഭിമുഖീകരിക്കൽ (اِسْتِقْبَالُ الْقِبْلَة)

നമസ്കാരം ശരിയാകുന്നതിനുള്ള അഞ്ചാമത്തെ നിബന്ധന ഖിബ്‌ലയുടെ ഭാഗത്തേക്കു തിരിഞ്ഞുനില്ക്കലാണ്.

നമസ്കരിക്കുന്നവന്റെ നെഞ്ച് ഖിബ്‌ലയുടെ ഭാഗത്തുനിന്നും തെറ്റുവാൻ പാടില്ല. മക്കയിലുള്ള കഅ്ബ എന്ന പരിശുദ്ധ ഭവനമാകുന്നു നമ്മുടെ ഖിബ്‌ല.

അല്ലാഹുവിന്റെ പേരിൽ സ്ഥാപിക്കപ്പെട്ട പുരാതനമായ പരിശുദ്ധ മന്ദിരമാകുന്നു 'കഅ്ബ'. ഇബ്റാഹീം നബിയും ഇസ്മാഈൽ നബിയും അല്ലാഹുവിന്റെ നിർദേശമനുസരിച്ച് സ്ഥാപിച്ച ആ പുരാതന മന്ദിരത്തിലേക്ക് തിരിഞ്ഞുകൊണ്ടാണ് ഭൂലോകത്തുള്ള മുസ്ലിംകളെല്ലാം നമസ്കരിക്കുന്നത്.

കഅ്ബയുടെ അടുത്തുള്ളവർ ഉറപ്പായ നിലയിൽ തന്നെ അതിന്റെ നേരെ തിരിഞ്ഞുനിന്ന് നമസ്കരിക്കണം. ദൂരദേശങ്ങളിലുള്ളവരെ സംബന്ധിച്ചേടത്തോളം കഅ്ബയുടെ നേരെയാണ് തിരിഞ്ഞുനില്ക്കുന്നതെന്ന ബലമായ ധാരണയുണ്ടായാൽ മതിയാകുന്നതാണ്.

നമ്മുടെ പ്രദേശമായ കേരളത്തിന്റെ പടിഞ്ഞാറുനിന്നും അല്പം വടക്കോട്ട് തെറ്റിയാണ് 'കഅ്ബ' സ്ഥിതി ചെയ്യുന്നത്. ഉദാഹരണമായി കോഴിക്കോടിന്റെ പടിഞ്ഞാറുനിന്നും 22 ഡിഗ്രി വടക്കോട്ട് ചെരിഞ്ഞാൽ കഅ്ബയുടെ ഭാഗത്തെ അഭിമുഖീകരിക്കാം.

കഅ്ബയുടെ ഭാഗം അനുമാനിച്ചറിഞ്ഞുകൊണ്ടാണ് നമ്മുടെ പള്ളികളുടെ മിഹ്റാബുകൾ ശരിപ്പെടുത്താറുള്ളത്.

## ബാങ്കും ഇഖാമത്തും

പള്ളിയിൽനിന്ന് ദിവസേന അഞ്ചു പ്രാവശ്യം ബാങ്കുവിളിക്കുന്നത് നിങ്ങൾ കേൾക്കാറുണ്ടല്ലോ. നമസ്കരിക്കുവാൻ സമയമായി എന്നു അറിയിക്കുകയാണ് ബാങ്കുവിളിക്കുന്നതുകൊണ്ടുള്ള പ്രധാന ഉദ്ദേശ്യം. അല്ലാഹു ഏറ്റവും മഹാനാകുന്നു; അല്ലാഹു ഒഴികെ ഒരു ഇലാഹുമില്ല; മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനാകുന്നു-എന്നിങ്ങനെ ഇസ്ലാമിന്റെ അടിസ്ഥാന വിശ്വാസങ്ങൾ ബാങ്ക് വിളിക്കുന്ന ആൾ ഉച്ചത്തിൽ വിളിച്ചു പറയുന്നു.

മുസ്ലിംകൾ താമസിക്കുന്ന പ്രദേശത്ത് സംഘം ചേർന്നുകൊണ്ടുള്ള നമസ്കാരം നിലനിർത്തേണ്ടത് നിർബന്ധമാണെന്ന പോലെ ബാങ്ക് വിളിയും നിലനിർത്തേണ്ടത് നിർബന്ധമാണ്. ബാങ്ക് വിളി ഇസ്ലാമിന്റെ ഒരു ചിഹ്നമാകുന്നു.

ബാങ്കിന്റെയും ഇഖാമത്തിന്റെയും വാചകങ്ങൾ നിങ്ങൾ മുമ്പ് പഠിച്ചിട്ടുണ്ടല്ലോ. സംഘം ചേർന്നു നമസ്കരിക്കുമ്പോൾ മാത്രമല്ല ഒറ്റക്കു നമസ്കരിക്കുമ്പോഴും യാത്രയിൽ നമസ്കരിക്കുമ്പോഴും ബാങ്കും ഇഖാമത്തും സുന്നത്താകുന്നു. എന്നാൽ സ്ത്രീകൾ മാത്രമായി നമസ്കരിക്കുമ്പോൾ ഇഖാമത്ത് മാത്രമാണ് സുന്നത്തായിട്ടുള്ളത്.

ബാങ്കും ഇഖാമത്തും കേട്ടാൽ സംസാരം നിറുത്തുകയും അതു ശ്രദ്ധിക്കുകയും ചെയ്യണം. ബാങ്കിലും ഇഖാമത്തിലും വിളിച്ചുപറയുന്ന വാക്കുകൾ കേൾക്കുന്നവർ അതേ വാക്കുകൾ പതുക്കെ ഏറ്റു ചൊല്ലേണ്ടതാണ്. എന്നാൽ حَيَّ عَلَى الصَّلاَة എന്നും حَيَّ عَلَى الفَلاَح എന്നും കേൾക്കുമ്പോൾ لاَ حَوْلَ وَلاَ قُوَّةَ اِلاَّ بِاللهِ എന്നാണ് ചൊല്ലേണ്ടത്. "അല്ലാഹുവിന്റെ സഹായം കൂടാതെ യാതൊരു കഴിവും ശക്തിയുമില്ല" എന്നാകുന്നു ഈ വാക്കിന്റെ സാരം. സുബ്ഹിന്റെ ബാങ്കിൽ الصَّلاَةُ خَيْرٌ مِنَ النَّوْم എന്നു കേൾക്കുമ്പോൾ صَدَقْتَ وَبَرِرْتَ എന്നു പറയണം. അതിന്റെ അർഥം "താങ്കൾ നേര് പറഞ്ഞു; പുണ്യം ചെയ്തു" എന്നാകുന്നു. ഇഖാമത്തിൽ قَدْ قَامَتِ الصَّلاَة എന്നു വിളിച്ചു പറയുന്നതു കേട്ടാൽ أَقَامَهَا اللهُ وَأَدَامَهَا എന്നാണ് പ്രത്യുത്തരമായി പറയേണ്ടത്. "അല്ലാഹു അതിനെ (നമസ്കാരത്തെ) സ്ഥിരപ്പെടുത്തുകയും എന്നെന്നും നിലനിർത്തുകയും ചെയ്യട്ടെ" എന്നാകുന്നു ഇതിന്റെ അർഥം.

ബാങ്കും ഇഖാമത്തും കൊടുക്കുന്നവർ حَيَّ عَلَى الصَّلاَة എന്നു പറയുമ്പോൾ വലഭാഗത്തേക്കും حَيَّ عَلَى الفَلاَح എന്നു പറയുമ്പോൾ ഇടഭാഗത്തേക്കും തിരിഞ്ഞുനോക്കേണ്ടതാണ്. ബാങ്ക് വിളിക്കുന്നവൻ വിരൽ കാതിൽ വെക്കുന്നത് നല്ലതാണ്.

ബാങ്കുവിളി കഴിഞ്ഞാൽ നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലിയ ശേഷം താഴെ ചേർക്കുന്ന പ്രാർഥന നടത്തേണ്ടതാണ്:

اللَّهُمَّ رَبَّ هَذِهِ الدَّعْوَةِ التَّامَّةِ وَالصَّلاَةِ الْقَائِمَةِ آتِ مُحَمَّدًا الْوَسِيلَةَ وَالْفَضِيلَةَ وَالدَّرَجَةَ الرَّفِيعَةَ وَابْعَثْهُ

اللَّهُمَّ رَبَّ هَذِهِ الدَّعْوَةِ التَّامَّةِ وَالصَّلَاةِ الْقَائِمَةِ آتِ مُحَمَّدًا الْوَسِيلَةَ وَالْفَضِيلَةَ
وَالدَّرَجَةَ الرَّفِيعَةَ وَابْعَثْهُ مَقَامًا مَحْمُودًا الَّذِي وَعَدْتَهُ

**അർഥം**

പൂർണമായ ഈ ക്ഷണത്തിന്റെ നാഥനായ

അല്ലാഹുവേ!

ഈ സ്ഥാപിതമായ നമസ്കാരത്തിന്റെയും നാഥനായ

മുഹമ്മദി(സ)ന്ന് നീ നല്കേണമേ,

വസീലത്ത്(ദൈവസാമീപ്യം) എന്ന പ്രത്യേക ബഹുമതി

ശ്രേഷ്ഠമായ നിലപാടും

ഉന്നത പദവിയും

അദ്ദേഹത്തെ നിയോഗിക്കുകയും ചെയ്യേണമേ,

സ്തുതിക്കപ്പെടുന്ന സ്ഥാനത്ത്

നീ വാഗ്ദാനം ചെയ്ത

സാരം: പൂർണമായ ഈ ക്ഷണത്തിന്റെ(പ്രബോധനത്തിന്റെ)യും സംസ്ഥാപിതമായ ഈ നമസ്കാരത്തിന്റെയും നാഥനായ അല്ലാഹുവേ, മുഹമ്മദ് (സ) തിരുമേനിക്ക് നീ വസീലത്ത് എന്ന ബഹുമതിയും ശ്രേഷ്ഠമായ നിലപാടും ഉന്നത പദവിയും നല്കേണമേ! തിരുമേനിയെ സർവരാലും വാഴ്ത്തപ്പെടുന്നതും നീ വാഗ്ദാനം ചെയ്തതുമായ സ്ഥാനത്ത് നിയോഗിക്കുകയും ചെയ്യേണമേ!

ബാങ്കിനെയും ഇഖാമത്തിനെയും സംബന്ധിച്ച് മേൽവിവരിച്ചതെല്ലാം സുന്നത്തായ കാര്യങ്ങളാകുന്നു.

## നമസ്കാരത്തിന്റെ ഫർദുകൾ

നമസ്കാരത്തിന്റെ ക്രമം നിങ്ങൾ മുമ്പ് പഠിച്ചിട്ടുണ്ടല്ലോ. നമസ്കാരത്തിൽ നാം ചെയ്യുന്നതും ചൊല്ലുന്നതുമായ കാര്യങ്ങളിൽ ചിലത് ഫർദുകളും ചിലത് സുന്നത്തുകളുമാണ്. അത് വേർതിരിച്ചു മനസ്സിലാക്കേണ്ടത് ആവശ്യമാകുന്നു. ഫർദുകളും സുന്നത്തുകളും തമ്മിലുള്ള വ്യത്യാസം മുമ്പ് വിവരിച്ചത് ഓർമിക്കുന്നുണ്ടാവുമല്ലോ. നമസ്കാരത്തിൽ നാം ചെയ്യുകയും ചൊല്ലുകയും ചെയ്യുന്ന കാര്യങ്ങളിൽ 14 എണ്ണം അതിന്റെ ഫർദുകളായി എണ്ണാവുന്നതാണ്.

1. നിയ്യത്ത്.

2. തക്ബീറതുൽ ഇഹ്റാം( تكبيرة الإحرام ) ചൊല്ലുക.
3. നില്ക്കുക.
4. സൂറത്തുൽ ഫാത്തിഹഃ (سورة الفاتحة) ഓതുക.
5. റുകൂഅ് (ركوع) ചെയ്യുക.
6. റുകൂഇൽനിന്ന് നിവർന്നു നില്ക്കുക (إعتدال ).
7. രണ്ടു പ്രാവശ്യം സാഷ്ടാംഗം (سجود) ചെയ്യുക.
8. രണ്ടു സുജൂദിന്നിടയിൽ ഇരിക്കുക.
9. അടക്കം (طُمَأْنِينَة)
10. അവസാനത്തെ അത്തഹിയ്യാത്ത് (تَشَهُّد) ചൊല്ലുക.
11. സ്വലാത്ത് ചൊല്ലുക.
12. അത്തഹിയ്യാത്തിനും സ്വലാത്തിനും വേണ്ടി ഇരിക്കുക.
13. السلام عليكم എന്ന് സലാം ചൊല്ലുക.
14. ക്രമം തെറ്റാതെ ചെയ്യുക (ترتيب)

മേൽ വിവരിച്ചത് നമസ്കാരത്തിന്റെ 14 ഫർദുകളാകുന്നു. ഈ ഫർദുകൾ കൂടാതെ നമസ്കാരം ഉണ്ടാവുകയില്ല. മേൽപറഞ്ഞ 'ഫർദു' കൾക്കു പുറമേ നമസ്കാരത്തിൽ സുന്നത്തായ ചില കാര്യങ്ങൾ കൂടിയുണ്ട്. അതും നാം വിശദമായി ഗ്രഹിക്കേണ്ടതുണ്ട്. കൂടാതെ ഫർദുകളുടെ വിശദാംശങ്ങളും മനസ്സിലാക്കേണ്ടതുണ്ട്. ഇതെല്ലാം ഉൾക്കൊള്ളുന്ന വിധം നമസ്കാരത്തെ സംബന്ധിച്ച വിവരണം അടുത്ത അധ്യായങ്ങളിൽ വരുന്നതാണ്.

## നമസ്കാരക്രമം (i)

നമസ്കരിക്കുവാൻ ആദ്യമായി ഖിബ്ലയുടെ ഭാഗത്തേക്ക് തിരിഞ്ഞു ശരിയായി നിവർന്നു നില്ക്കണം. നില്ക്കുമ്പോൾ കാലടികൾക്കിടയിൽ ഒരു ചാൺ അകലമുണ്ടായിരിക്കണം. ഇടത്തോട്ടോ വലത്തോട്ടോ മേലോട്ടോ നോക്കരുത്. നോട്ടം എപ്പോഴും മുൻവശത്ത് സുജൂദ് ചെയ്യുന്ന സ്ഥലത്തേക്കായിരിക്കണം. എന്നിട്ട് ഏത് നമസ്കാരമാണോ അത് അല്ലാഹുവിന്നുവേണ്ടി അനുഷ്ഠിക്കുകയാണെന്ന് മനസ്സിൽ കരുതിക്കൊണ്ട് الله أكبر എന്നു ചൊല്ലേണ്ടതാണ്. ഇതിനു تكبيرة الإحرام (തക്ബീറതുൽ ഇഹ്റാം) എന്നു പറയുന്നു. ഇതു ചൊല്ലുമ്പോൾ മുൻകൈ രണ്ടും വിരലുകൾ നിവർത്തിയ നിലയിൽ ചുമൽവരെ ഉയർത്തുകയും എന്നിട്ട് താഴ്ത്തി വലതുകൈ ഇടതു കൈയിന്മേൽ വെക്കുകയും ചെയ്യുക. കൈ ഉയർത്തുകയും താഴ്ത്തിക്കെട്ടുകയും ചെയ്യുന്നതിനോടൊന്നിച്ചായിരിക്കണം തക്ബീറത്തുൽ ഇഹ്റാം ചൊല്ലു[illegible]ു താഴെയായി കെട്ടുന്നതാണുത്തമം. അതായത്, ഇടതു കൈയിന്റെ മണിക്കണ്ടത്തിൽ വലതുകൈ വെച്ച് തള്ളവിരൽകൊണ്ടും ചെറുവി

രൽകൊണ്ടും കെട്ടിപ്പിടിക്കുകയും മറ്റു വിരലുകൾ നിവർത്തി വെക്കു കയും വേണം. حَنِيفًا

تكبيرة الإحرام ചൊല്ലിയ ഉടനേ പ്രാരംഭ പ്രാർഥന دُعَاءُ الاِفْتِتَاح ചൊല്ലണം. അതായത്,

وَجَّهْتُ وَجْهِيَ لِلَّذِي فَطَرَ السَّمَوَاتِ وَالْأَرْضَ حَنِيفًا مُسْلِمًا وَمَا أَنَا مِنَ الْمُشْرِكِينَ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ لاَ شَرِيكَ لَهُ وَبِذَلِكَ أُمِرْتُ وَأَنَا مِنَ الْمُسْلِمِينَ

وَنُسُكِي

ഞാൻ തിരിച്ചു

وَمَحْيَايَ

എന്റെ മുഖം

وَمَمَاتِي

ആകാശങ്ങളെയും ഭൂമിയെയും

لِلَّهِ رَبِّ الْعَالَمِينَ

സൃഷ്ടിച്ചവന്റെ നേരെ

(ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവന്റെ നേരെ എന്റെ മുഖം ഞാനിതാ തിരിച്ചിരിക്കുന്നു.) لاَ شَرِيكَ لَهُ

ഞാൻ നേരായ മാർഗത്തിലായിക്കൊണ്ട്

وَبِذَلِكَ أُمِرْتُ

മുസ്‌ലിം(അനുസരണമുള്ളവൻ)ആയിക്കൊണ്ടും

وَأَنَا مِنَ الْمُسْلِمِينَ

(ഞാൻ നേരായ ഒരേ മാർഗത്തിലായിക്കൊണ്ടും മുസ്‌ലിം ആയിക്കൊണ്ടും എന്റെ മുഖം ആകാശഭൂമികളെ സൃഷ്ടിച്ചവന്റെ നേരെ തിരിച്ചിരിക്കുന്നു.)

ഞാൻ ബഹുദൈവാരാധകരിൽ പെട്ടവനല്ല

തീർച്ചയായും എന്റെ നമസ്കാരം

എന്റെ ത്യാഗവും

എന്റെ ജീവിതവും

اللَّهُمَّ بَاعِدْ بَيْنِي وَبَيْنَ خَطَايَايَ

എന്റെ മരണവും

كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ

ലോകനാഥനായ അല്ലാഹുവിന്നാകുന്നു

അവന്നു പങ്കുകാരനില്ല

അതാണ് എന്നോട് കല്പിച്ചിട്ടുള്ളത്

اللَّهُمَّ نَقِّنِي مِنْ خَطَايَايَ

ഞാൻ മുസ്‌ലിംകളിൽ (അല്ലാഹുവെ അനുസരിക്കുന്നവരിൽ) പെട്ടവനാണ്

كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنَ الدَّنَس

എന്നു ചൊല്ലണം. ഈ സ്ഥാനത്ത് താഴെയുള്ള പ്രാർഥനയും ചൊല്ലാം.

اللَّهُمَّ بَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ اللَّهُمَّ نَقِّنِي مِنَ خَطَايَايَ كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنَ الدَّنَسِ اللَّهُمَّ اغْسِلْنِى مِن خَطَايَايَ بِالثَّلْجِ وَالْمَاءِ وَالْبَرَدِ

അല്ലാഹുവേ! എന്റെയും എന്റെ തെറ്റുകളുടെയും ഇടയിൽ ദൂരപ്പെടുത്തേണമേ

وَالْبَرَدِ

കിഴക്കും പടിഞ്ഞാറും തമ്മിൽ

നീ ദൂരപ്പെടുത്തിയതുപോലെ

(കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ദൂരം എന്റെ തെറ്റുകളെ എന്നിൽനിന്ന് നീ അകറ്റി നിറുത്തേണമേ!)

അല്ലാഹുവേ! എന്റെ പാപങ്ങളിൽ നിന്നു

എന്നെ നീ ശുദ്ധീകരിക്കേണമേ!

اللَّهُمَّ اغْسِلْنِى مِن خَطَايَايَ

വെള്ള വസ്ത്രം ശുദ്ധീകരിക്കപ്പെടുന്നതുപോലെ

അഴുക്കിൽനിന്ന്

(വെള്ള വസ്ത്രം അഴുക്കിൽനിന്ന് ശുദ്ധിയാക്കുന്നതുപോലെ എന്റെ തെറ്റുകളിൽനിന്ന് എന്നെ നീ ശുദ്ധീകരിച്ചുതരേണമേ!)

അല്ലാഹുവേ, എന്റെ തെറ്റുകളിൽ

നിന്നും എന്നെ നീ കഴുകേണമേ!

മഞ്ഞുകൊണ്ടും വെള്ളംകൊണ്ടും

ആലിപ്പഴം കൊണ്ടും

(അല്ലാഹുവേ, എന്റെ തെറ്റുകളിൽനിന്നും എന്നെ നീ മഞ്ഞുകൊണ്ടും വെള്ളം കൊണ്ടും ആലിപ്പഴം കൊണ്ടും കഴുകി പരിശുദ്ധപ്പെടുത്തേണമേ!)

പ്രാരംഭ പ്രാർഥന കഴിഞ്ഞാൽ سورة الفاتحة ഓതിത്തുടങ്ങണം. സൂറത്തുൽ ഫാതിഹയുടെ ആദ്യത്തിൽ أَعُوذُ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ എന്നും അവസാനത്തിൽ آمين എന്നും ചൊല്ലേണ്ടതാണ്. പിന്നെ ഖുർആനിൽനിന്ന് ഏതെങ്കിലും സൂറത്തോ ആയത്തുകളോ ഓതണം.

മേൽ വിവരിച്ച കാര്യങ്ങളിൽ നിറുത്തവും നിയ്യത്തും തക്ബീറതുൽ ഇഹ്റാമും ഫാതിഹയും മാത്രമാണ് ഫർദുകൾ. മറ്റുള്ളതെല്ലാം സുന്നത്തുകളാകുന്നു.

തക്ബീറത്തുൽ ഇഹ്റാമും പ്രാരംഭ പ്രാർഥനയും ഒന്നാമത്തെ 'റക്അത്തി'ൽ മാത്രമേ ചൊല്ലേണ്ടതുള്ളൂ. രണ്ടാമത്തെ 'റക്അത്തിലും' ഫാതിഹയും ആമീനും ചൊല്ലിയശേഷം ഏതെങ്കിലും ഒരു സൂറത്തോ ഏതാനും ആയത്തുകളോ ഓതുന്നത് സുന്നതാണ്. മഗ്രിബ്, ഇശാഅ്, സുബ്ഹ് എന്നീ നമസ്കാരങ്ങളിൽ ഫാതിഹയും ആമീനും സൂറത്തും മറ്റുള്ളവർ കേൾക്കത്തക്ക വിധം ഉറക്കെ ആയിരിക്കണം. ളുഹ്റിലും അസ്വ്റിലും സ്വദേഹം കേൾക്കത്തക്കവിധം പതുക്കെയാണ് ഓതേണ്ടത്. ഇമാമിന്റെ പിന്നിൽ തുടർന്നു നമസ്കരിക്കുന്ന 'മഅ്മൂം' (مَأْمُوم) എല്ലാ നമസ്കാരങ്ങളിലും പതുക്കെ മാത്രമേ ഓതാൻ പാടുള്ളൂ. പക്ഷേ, ഇമാം ആമീൻ ഉറക്കെച്ചൊല്ലുമ്പോൾ മഅ്മൂം ഉറക്കെ ആമീൻ ചൊല്ലണം. ഇമാം ഉറക്കെ ഓതുമ്പോൾ 'മഅ്മൂം' പതുക്കെ മാത്രം سورة الفاتحة ഓതുകയും ശേഷം ഇമാമിന്റെ ഓത്ത് ശ്രദ്ധാപൂർവം കേൾക്കുകയുമാണ് വേണ്ടത്. സ്ത്രീകൾ എപ്പോഴും പതുക്കെയാണ് ഓതേണ്ടത്.

## നമസ്കാരക്രമം (ii)

നിറുത്തത്തിലുള്ള ഓത്ത് കഴിഞ്ഞാൽ പിന്നെ 'റുകൂഅ്' ചെയ്യണം. മുൻകൈ രണ്ടും കാൽമുട്ടുകളിൽവെച്ച് കുനിഞ്ഞു കുമ്പിട്ട് നില്ക്കുന്നതിന്നാണല്ലോ 'റുകൂഅ്' എന്നു പറയുന്നത്. മുതുകും പിരടിയും സമമാക്കി, യാതൊരു വളവുമില്ലാതെ കുമ്പിട്ടു നില്ക്കണം.

ركوع ൽ سُبْحَانَ رَبِّيَ العَظِيم1 എന്നു ചുരുങ്ങിയത് മൂന്നുവട്ടം ചൊല്ലണം.

---

1. മഹാനായ എന്റെ നാഥൻ പരിശുദ്ധൻ — سُبْحَانَ رَبِّيَ العَظِيم

2. നിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു — سُبْحَانَكَ

അല്ലാഹുവേ, ഞങ്ങളുടെ നാഥാ — اللَّهُمَّ رَبَّنَا

നിന്നെ സ്തുതിച്ചുകൊണ്ടും — وَبِحَمْدِكَ

അല്ലാഹുവേ, എനിക്കു നീ പൊറുത്തുതരേണമേ — اللَّهُمَّ اغْفِرْلِي

3. അല്ലാഹുവിനെ സ്തുതിച്ചവന്റെ സ്തുതി അവൻ കേട്ടു ഉത്തരം ചെയ്യട്ടെ

4. ഞങ്ങളുടെ നാഥാ നിനക്കാണു സ്തുതി — رَبَّنَا لَكَ الْحَمْدُ

ആകാശവും ഭൂമിയും നിറയെ — مِلْءَ السَّمَاوَاتِ وَمِلْءَ الْأَرْضِ

ശേഷം നീ ഉദ്ദേശിച്ച ഏതു വസ്തുവും നിറയെ — وَمِلْءَ مَا شِئْتَ مِنْ شَيْءٍ بَعْدُ ,

(ഞങ്ങളുടെ നാഥാ! ആകാശഭൂമികളും നീ ഉദ്ദേശിച്ച മറ്റേതു വസ്തുക്കളും നിറയെ നിനക്ക് സ്തോത്രം.)

سُبْحَانَكَ اللَّهُمَّ رَبَّنَا وَبِحَمْدِكَ اللَّهُمَّ اغْفِرْلِي[2] എന്നും رکوع ൽ ചൊല്ലുന്നത് സുന്നത്താകുന്നു.

ശേഷം 'റുകൂഇ'ൽനിന്നും[3] سَمِعَ اللهُ لِمَنْ حَمِدَه എന്നു ചൊല്ലിക്കൊണ്ട് നിവർന്നു നില്ക്കണം. ഇതിന്ന് إعْتِدَال എന്നു പറയുന്നു. إعْتِدَال ന്നു 'ശരിയായി നിവർന്നു നില്ക്കുക' എന്നർഥമാകുന്നു. إعْتِدَال ലേക്കു ഉയരുമ്പോൾ മുൻകൈ രണ്ടും നിവർത്തി ഉൾഭാഗം ഖിബ്ലയുടെ ഭാഗത്തേക്കാക്കിക്കൊണ്ട് ചുമൽ വരെ ഉയർത്തുകയും ശേഷം താഴ്ത്തി ഇടുകയും ചെയ്യണം. إعْتِدَال ൽ,

رَبَّنَا لَكَ الْحَمْدُ مِلْءَ السَّمَاوَاتِ وَمِلْءَ الْأَرْضِ وَمِلْءَ مَا شِئْتَ مِنْ شَيْءٍ بَعْدُ [4]

എന്നു ചൊല്ലണം, ألله أكبر എന്നു ചൊല്ലിക്കൊണ്ട് സുജൂദിലേക്ക് കുനിയണം.

നെറ്റി, മുൻകൈകൾ, കാൽമുട്ടുകൾ, കാൽവിരലുകളുടെ ഉൾഭാഗം എന്നിങ്ങനെ ഏഴു അവയവങ്ങൾ നിലത്തുവെക്കണം. നെറ്റിത്തടം വസ്ത്രം കൊണ്ടോ മറ്റോ മറയുവാൻ പാടില്ല. സുജൂദിൽ ഊര ഉയർത്തണം. പുരുഷന്മാർ കക്ഷം അല്പം വിടർത്തുകയും വേണം. മുഴംകൈ നിലത്തു പതിച്ചുവെക്കരുത്. നെറ്റിയോടൊപ്പം മൂക്കും നിലത്തു തട്ടിച്ചു വെക്കണം. സുജൂദിൽ [1] سُبحَانَ رَبِّيَ الأَعْلَى എന്നു ചുരുങ്ങിയത് മൂന്നു വട്ടം പറയണം. സുജൂദിലും سُبْحَانَكَ اللَّهُمَّ رَبَّنَا وَبِحَمْدِكَ اللَّهُمَّ اغْفِرْلِي എന്നു ചൊല്ലുന്നത് സുന്നത്താകുന്നു. പിന്നെ നിവർന്നിരിക്കണം. ഇടത്തെ കാലടി നിലത്ത് പരത്തിവെച്ച് അതിന്മേലാണ് ഇരിക്കേണ്ടത്. വലത്തെ കാൽവിരലുകൾ നിലത്തുകുത്തി നീട്ടിവെക്കുകയും വേണം. ഇങ്ങനെ ഇരിക്കുന്നത് جُلُوسُ اِفْتِرَاش (കാൽ വിരിച്ചുവെച്ചുകൊണ്ടുള്ള ഇരുത്തം) എന്നു പറയുന്നു. ഈ ഇരുത്തത്തിൽ,

[2] رَبِّ اغْفِرْ لِي وَارْحَمْنِي وَاجْبُرْنِي وَارْفَعْنِي وَارْزُقْنِي وَاهْدِنِي وَعَافِنِي എന്നു ചൊല്ലണം.

ശേഷം, ഒരിക്കൽകൂടി സുജൂദ് ചെയ്യണം. രണ്ടാമത്തെ സുജൂദിൽനിന്ന് ഉയരുന്നതോടെ ഒരു 'റക്അത്ത്' പൂർത്തിയാകുന്നതാണ്. റുകൂഇലേക്കും സുജൂദിലേക്കും കുനിയുമ്പോഴും സുജൂദിൽനിന്ന് ഉയരുമ്പോഴും ألله أكبر എന്നു ചൊല്ലിക്കൊണ്ടിരിക്കണം. ആദ്യത്തെ തശഹ്ഹുദ് കഴിഞ്ഞാൽ ألله أكبر എന്നു ചൊല്ലിക്കൊണ്ടെഴുന്നേല്ക്കുകയും തക്ബീറത്തുൽ ഇഹ്റാം ചൊല്ലുമ്പോൾ ചെയ്യുന്നതുപോലെ മുൻകൈ രണ്ടും

---

1. ഏറ്റവും ഉന്നതനായ എന്റെ നാഥൻ പരിശുദ്ധൻ.
2. എന്റെ നാഥാ എനിക്ക് നീ പൊറുത്തു തരികയും കരുണ ചെയ്യുകയും എന്റെ ന്യൂനതകൾ പരിഹരിച്ചു തരുകയും എനിക്ക് ഉന്നതി നല്കുകയും ആഹാരം നല്കുകയും എന്നെ നേർവഴിയിലാക്കുകയും സൗഖ്യം നല്കുകയും ചെയ്യേണമേ!

ചുമൽവരെ ഉയർത്തിയശേഷം താഴ്ത്തിക്കെട്ടുകയും ചെയ്യേണ്ടതാണ്.

'റുകൂഇ'ലും 'ഇഅ്തിദാലി'ലും 'സുജൂദി'ലും രണ്ട് 'സുജൂദു'കൾക്കിടയിലുള്ള ഇരുത്തത്തിലും അല്പം അടങ്ങുന്നതുവരെ താമസം വരുത്തണം. ഇതാണ് طُمَأْنِينَة കൊണ്ടുദ്ദേശിക്കുന്നത്.

മേൽവിവരിച്ച 'റുകൂഅ്', 'ഇഅ്തിദാൽ', രണ്ടു 'സുജൂദ്', 'സുജൂദ്' കൾക്കിടയിലുള്ള ഇരുത്തം, ഇവയിലുള്ള അടക്കം എന്നിവ മാത്രമാണ് കൾ. ബാക്കിയെല്ലാം സുന്നത്തുകളാകുന്നു.

മൂന്നോ നാലോ റക്അത്തുകളുള്ള നമസ്കാരത്തിൽ രണ്ടു റക്അത്തു കഴിഞ്ഞാൽ افتِرَاش ന്റെ ഇരുത്തം ഇരുന്നു അത്തഹിയ്യാത്തും (تَشَهُّد) നബിയുടെ പേരിൽ സ്വലാത്തും ചൊല്ലണം.

ഏതൊരു നമസ്കാരത്തിന്റെയും അവസാനത്തെ റക്അത്ത് കഴിഞ്ഞാൽ ചന്തി നിലത്തുവെച്ച് ഇരുന്ന് അത്തഹിയ്യാത്തും (تَشَهُّد) നബിയുടെ പേരിലും നബിയുടെ കുടുംബത്തിന്റെ പേരിലും സ്വലാത്തും ചൊല്ലണം. ചന്തി നിലത്തുവെച്ച് ഇരിക്കുന്നതിന് جلوس التورك എന്നു പറയുന്നു. ഇരുത്തത്തിൽ വലത്തെ കാലടി നാട്ടി വെക്കുകയും ഇടത്തെ കാലടി അതിനുള്ളിലൂടെ പുറത്തേക്കു കടന്ന നിലയിൽ വെക്കുകയും വേണം. ആദ്യത്തെ അത്തഹിയ്യാത്തിനും അവസാനത്തെ അത്തഹിയ്യാത്തിനും വേണ്ടി ഇരിക്കുമ്പോൾ ഇടത്തെ കൈവിരലുകൾ മുട്ടിനോടു ചേർത്തി നിവർത്തി വെക്കണം. വലത്തെ കൈയിന്റെ തള്ളവിരൽ ചൂണ്ടുവിരലിന്റെ മുരട്ടിൽ വെക്കുകയും ചൂണ്ടുവിരൽ നിവർത്തി വെക്കുകയും മറ്റു വിരലുകൾ മടക്കിപ്പിടിക്കുകയും വേണം. എന്നിട്ട് 'ഇല്ലല്ലാഹു' എന്നു ചൊല്ലുമ്പോൾ ചൂണ്ടുവിരൽ ഉയർത്തുകയും വേണം.

അവസാനത്തെ അത്തഹിയ്യാത്തും സ്വലാത്തും കഴിഞ്ഞാൽ 'ദുആ' ചൊല്ലണം. നമസ്കാരത്തിൽ ചൊല്ലേണ്ട ക്രമപ്രകാരം അത്തഹിയ്യാത്തും സ്വലാത്തും ദുആയും അവയുടെ അർഥവും അടുത്ത അധ്യായത്തിൽ വരുന്നതാണ്.

അവസാനത്തെ അത്തഹിയ്യാത്തും സ്വലാത്തും ദുആയും കഴിഞ്ഞാൽ اَلسَّلَامُ عَلَيْكُمْ എന്നു സലാം ചൊല്ലണം. اَلسَّلَامُ عَلَيْكُمْ وَرَحْمَةُ اللهِ എന്നു ചൊല്ലുന്നത് സുന്നത്താകുന്നു. ആദ്യം വലതു ഭാഗത്തേക്ക് തിരിഞ്ഞു നോക്കിക്കൊണ്ടും രണ്ടാമത് ഇടത് ഭാഗത്തേക്ക് തിരിഞ്ഞുനോക്കിക്കൊണ്ടും സലാം ചൊല്ലുകയാണ് വേണ്ടത്.

മേൽ വിവരിച്ചതിൽ അവസാനത്തെ അത്തഹിയ്യാത്തും നബിയുടെ പേരിലുള്ള സ്വലാത്തും അതിന്നു വേണ്ടിയുള്ള ഇരുത്തവും ആദ്യത്തെ സലാമും മാത്രമാണ് (فَرْض) കൾ. ബാക്കിയെല്ലാം സുന്നത്തുകളാകുന്നു.

നമസ്കാരത്തെക്കുറിച്ച് ഇതുവരെ വിവരിച്ച സംഗതികളെല്ലാം മുൻ പറഞ്ഞ ക്രമപ്രകാരം ചെയ്യൽ നിർബന്ധമാകുന്നു. അതിന്നു ترتيبഎന്നു

പറയുന്നു.

التَّحِيَّاتُ

# തശഹ്ഹുദും സ്വലാത്തും ദുആയും

التَّحِيَّاتُ الْمُبَارَكَاتُ الصَّلَوَاتُ الطَّيِّبَاتُ لِلَّهِ السَّلَامُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللَّهِ وَبَرَكَاتُهُ السَّلَامُ عَلَيْنَا وَعَلَى عِبَادِ اللَّهِ الصَّالِحِينَ. أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللَّهُ وَأَشْهَدُ أَنَّ مُحَمَّدًا رَسُولُ اللَّهِ اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ وَبَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ فِي الْعَالَمِينَ إِنَّكَ حَمِيدٌ مَجِيدٌ . اللَّهُمَّ اغْفِرْ لِي مَا قَدَّمْتُ وَمَا أَخَّرْتُ وَمَا أَسْرَرْتُ وَمَا أَعْلَنْتُ وَمَا أَسْرَفْتُ وَمَا أَنْتَ أَعْلَمُ بِهِ مِنِّي إِنَّكَ أَنْتَ الْمُقَدِّمُ وَأَنْتَ الْمُؤَخِّرُ لاَ إِلَهَ إِلاَّ أَنْتَ اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ النَّارِ وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ وَمِنْ فِتْنَةِ الْمَسِيحِ الدَّجَّالِ

الْمُبَارَكَاتُ

**അർഥം**

وَعَلَى عِبَادِ اللَّهِ الصَّالِحِينَ.

തിരുമുല്ക്കാഴ്ചകളും

أَشْهَدُ — അനുഗൃഹീത കർമങ്ങളും

أَنْ لاَ إِلَهَ إِلاَّ اللَّهُ — നമസ്കാരങ്ങളും സൽക്കർമങ്ങളും

وَأَشْهَدُ أَنَّ مُحَمَّدًا رَسُولُ اللَّهِ — അല്ലാഹുവിനാകുന്നു

ദൈവരക്ഷയും സമാധാനവും

اللَّهُمَّ — അങ്ങയുടെ മേൽ ഉണ്ടാവട്ടെ!

صَلِّ — നബീ!

عَلَى مُحَمَّدٍ — അല്ലാഹുവിന്റെ കരുണയും

وَعَلَى آلِ مُحَمَّدٍ

അവന്റെ അനുഗ്രഹങ്ങളും

كَمَا صَلَّيْتَ — (നബീ! അങ്ങക്ക് ദൈവരക്ഷയും സമാധാനവും അല്ലാഹുവിന്റെ കരുണയും അനുഗ്രഹങ്ങളും ഉണ്ടാവട്ടെ!)

عَلَى إِبْرَاهِيمَ

ദൈവരക്ഷയും സമാധാനവും

وَعَلَى آلِ إِبْرَاهِيمَ — നമ്മുടെ മേൽ ഉണ്ടാവട്ടെ

അല്ലാഹുവിന്റെ സദ്‌വൃത്തരായ അടിമകളുടെ മേലിലും
ഞാൻ സാക്ഷ്യം വഹിക്കുന്നു
അല്ലാഹു ഒഴികെ 'ഇലാഹ്' ഇല്ലെന്നും
മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനാണെന്നും
ഞാൻ സാക്ഷ്യം വഹിക്കുന്നു
അല്ലാഹുവേ,
നീ മഹത്തായ ഗുണം ചെയ്യേണമേ!
മുഹമ്മദ് നബി(സ)യുടെ മേൽ
മുഹമ്മദ് നബി(സ)യുടെ കുടുംബത്തിന്റെ മേലിലും
നീ മഹത്തായ ഗുണം ചെയ്തപോലെ
ഇബ്റാഹീം നബി(അ)യുടെ മേൽ
ഇബ്റാഹീം നബി(അ)യുടെ കുടുംബത്തിന്റെ മേലിലും
നീ അനുഗ്രഹം ചെയ്യേണമേ
മുഹമ്മദ് നബി(സ)ക്ക്
മുഹമ്മദ് നബി(സ)യുടെ കുടുംബത്തിന്നും
നീ അനുഗ്രഹം ചെയ്തപോലെ
ഇബ്റാഹീം നബി(അ)ക്ക്
ഇബ്റാഹീം നബി(അ)യുടെ കുടുംബത്തിനും
സർവലോകരിലും വെച്ച്
തീർച്ചയായും നീ
സ്തുതിക്കപ്പെട്ടവനാകുന്നു
ശ്രേഷ്ഠനുമാകുന്നു
അല്ലാഹുവേ
എനിക്ക് നീ മാപ്പു നല്കേണമേ
ഞാൻ മുന്തിച്ചത്

وَبَارِكْ
عَلَى مُحَمَّدٍ
وَعَلَى آلِ مُحَمَّدٍ
كَمَا بَارَكْتَ
عَلَى إِبْرَاهِيمَ
وَعَلَى آلِ إِبْرَاهِيمَ
فِي الْعَالَمِينَ
إِنَّكَ
حَمِيدٌ
مَجِيدٌ
اللَّهُمَّ
اغْفِرْ لِي
مَا قَدَّمْتُ
وَمَا أَخَّرْتُ
وَمَا أَسْرَرْتُ
وَمَا أَعْلَنْتُ
وَمَا أَسْرَفْتُ
وَمَا أَنْتَ أَعْلَمُ بِهِ مِنِّي
إِنَّكَ أَنْتَ الْمُقَدِّمُ
وَأَنْتَ الْمُؤَخِّرُ
لاَ إِلَهَ إِلاَّ أَنْتَ
اللَّهُمَّ
إِنِّي أَعُوذُ بِكَ
مِنْ عَذَابِ الْقَبْرِ
وَمِنْ عَذَابِ النَّار

وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ
وَمِنْ فِتْنَةِ الْمَسِيحِ الدَّجَّالِ

ഞാൻ പിന്തിച്ചതും
ഞാൻ രഹസ്യമാക്കിയതും
ഞാൻ പരസ്യമാക്കിയതും
ഞാൻ പരിധിവിട്ടു പ്രവർത്തിച്ചതും
എന്നെക്കാൾ കൂടുതൽ നിനക്കറിയാവുന്നതും.
തീർച്ചയായും നീയാണ് മുന്തിക്കുന്നവൻ
നീയാണ് പിന്തിക്കുന്നവനും
നീ ഒഴികെ ഇലാഹില്ല
അല്ലാഹുവേ
ഞാൻ നിന്നോട് രക്ഷ തേടുന്നു
ഖബ്റിലെ ശിക്ഷയിൽനിന്ന്
നരകശിക്ഷയിൽനിന്നും
ജീവിതത്തിലേയും മരണത്തിലേയും നാശത്തിൽനിന്നും
മസീഹുദ്ദജ്ജാലിന്റെ നാശത്തിൽനിന്നും

اللَّهُمَّ
إِنِّي ظَلَمْتُ نَفْسِي
ظُلْمًا كَثِيرًا
وَلاَ يَغْفِرُ الذُّنُوبَ
إِلاَّ أَنْتَ
فَاغْفِرْ لِي
مَغْفِرَةً مِنْ عِنْدِكَ
وَارْحَمْنِي
إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ

ശേഷം താഴെ വരുന്ന പ്രാർഥനയും ചൊല്ലുന്നത് സുന്നത്താകുന്നു.

اللَّهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا وَلاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ وَارْحَمْنِي إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ

അല്ലാഹുവേ,
ഞാൻ എന്നോടു തന്നെ അക്രമം ചെയ്തു.
വളരെയേറെ അക്രമം
ആരും പാപം പൊറുക്കുവാനില്ല
നീ ഒഴികെ
അതിനാൽ എനിക്ക് നീ മാപ്പ് തരേണമേ
നിങ്കൽനിന്നുള്ള മാപ്പ്
എന്നോടു കരുണ കാണിക്കേണമേ

اللَّهُمَّ
أَنْتَ السَّلاَمُ

നിശ്ചയം നീ തന്നെയാണ് മാപ്പുനല്കുന്നവനും കാരുണ്യവാനും

## നമസ്കാരത്തിനു ശേഷമുള്ള ദിക്റുകളും ദുആകളും

وَمِنْكَ السَّلاَمُ

ഫർദു നമസ്കാരങ്ങൾ കഴിഞ്ഞാൽ തൽസ്ഥാനത്തുതന്നെ ഇരുന്ന് കുറേ സമയം ദിക്റുകൾ ചൊല്ലുന്നതും ദുആ ചെയ്യുന്നതും വളരെ നല്ലതാകുന്നു. എന്നാൽ ഇമാമും ജമാഅത്തുമായി നമസ്കരിക്കുമ്പോൾ ഇമാം തൽസ്ഥാനത്തുനിന്നും അധികം താമസിയാതെ എഴുന്നേല്ക്കുകയോ നീങ്ങി ഇരിക്കുകയോ ചെയ്യുന്നതാണ് ഉത്തമം. ദിക്റുകൾ എഴുന്നേറ്റ ശേഷവും ചൊല്ലാവുന്നതാണ്. ഏതാനും ദിക്റുകൾ ചുവടെ ചേർക്കുന്നു.

تَبَارَكْتَ
يَا ذَا الْجَلاَلِ وَالْإِكْرَامِ
لاَ إِلَهَ إِلاَّ اللَّهُ
وَحْدَهُ

സലാം ചൊല്ലിയാൽ ഉടനേ أَسْتَغْفِرُ الله എന്നു മൂന്നുവട്ടം ചൊല്ലണം. അതിന്നു ശേഷം ഇങ്ങനെ ചൊല്ലുക:

لاَ شَرِيكَ لَهُ
لَهُ الْمُلْكُ

اللَّهُمَّ أَنْتَ السَّلاَمُ وَمِنْكَ السَّلاَمُ تَبَارَكْتَ يَا ذَا الْجَلاَلِ وَالْإِكْرَامِ لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ. اللَّهُمَّ لاَ مَانِعَ لِمَا أَعْطَيْتَ وَلاَ مُعْطِيَ لِمَا مَنَعْتَ وَلاَ يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ

وَلَهُ الْحَمْدُ
وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ.
اللَّهُمَّ

അല്ലാഹുവേ! — لاَ مَانِعَ

നീയാണ് സമാധാനം — لِمَا أَعْطَيْتَ

നിന്നിൽനിന്നാണ് സമാധാനം — وَلاَ مُعْطِيَ

നീ ഏറെ അനുഗ്രഹമുള്ളവനാകുന്നു

മഹത്ത്വവും ആദരവും ഉള്ളവനേ!

അല്ലാഹു ഒഴികെ 'ഇലാഹി'ല്ല. — وَلاَ يَنْفَعُ

അവൻ ഏകൻ — ذَا الْجَدِّ

അവന്നു പങ്കുകാരനില്ല — مِنْكَ

അവന്നാണ് ആധിപത്യം — الْجَدُّ

അവന്നാകുന്നു സ്തുതി

അവൻ എല്ലാ സംഗതിക്കും കഴിവുള്ളവനാകുന്നു.

അല്ലാഹുവേ!

തടഞ്ഞുവെക്കുന്നവനില്ല

നീ നല്കിയതിനെ

(നീ നല്കിയത് തടഞ്ഞുവെക്കുന്നവനായി ആരുമില്ല)

നല്കുന്നവനില്ല

നീ തടഞ്ഞതിനെ

(നീ തടഞ്ഞുവെച്ചതിനെ നല്കുന്നവനായി ആരുമില്ല)

ഉപകരിക്കില്ല

ഐശ്വര്യമുള്ളവന്ന്

നിന്നിൽനിന്ന് (രക്ഷപ്പെടുവാൻ)

ഐശ്വര്യം

(നിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുവാൻ ഐശ്വര്യമുള്ളവന്ന് തന്റെ ഐശ്വര്യം ഉപകരിക്കുകയില്ല.)

മഗ്രിബ് നമസ്കാരത്തിന്റെയും സുബ്ഹ് നമസ്കാരത്തിന്റെയും ശേഷം, لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ എന്നു പത്തു പ്രാവശ്യവും اللَّهُمَّ اَجِرْنِي مِنَ النَّار (അല്ലാഹുവേ, നരകത്തിൽ പ്രവേശിക്കുന്നതിൽനിന്നു എന്നെ നീ രക്ഷിക്കേണമേ!) എന്ന് ഏഴ് പ്രാവശ്യവും ചൊല്ലുന്നത് സുന്നത്താണ്.

## സുന്നത്ത് നമസ്കാരങ്ങൾ (i)

അഞ്ചു നേരത്തെ നിർബന്ധ നമസ്കാരങ്ങൾക്ക് പുറമേ സുന്നത്തായ ചില നമസ്കാരങ്ങൾ കൂടി നബി(സ) നമുക്കു പഠിപ്പിച്ചുതന്നിട്ടുണ്ട്. ഉപേക്ഷിക്കുന്നത് കുറ്റമല്ലാത്തതും അനുഷ്ഠിക്കുന്നത് പുണ്യവുമായ കാര്യത്തിനാണല്ലോ സുന്നത്തായ കർമം എന്നു പറയുന്നത്.

നമ്മുടെ ഫർദ് നമസ്കാരങ്ങളിൽ പല ന്യൂനതകളുമുണ്ടായിരിക്കും. ആ കുറവുകൾ നികത്തുവാൻ സുന്നത്തു നമസ്കാരങ്ങൾ കുറേയൊക്കെ സഹായകമായിത്തീരുന്നതാണ്. സുന്നത്തു നമസ്കാരങ്ങൾ അധികരിപ്പിക്കുക വഴി നാം അല്ലാഹുവിങ്കലേക്ക് കൂടുതൽ കൂടുതൽ അടുപ്പമുള്ളവരായിത്തീരുന്നു.

നബി(സ) സാധാരണയായി അനുഷ്ഠിച്ചുകൊണ്ടിരുന്ന ഏതാനും സുന്നത്തു നമസ്കാരങ്ങളെക്കുറിച്ച് മാത്രമേ ഇവിടെ വിവരിക്കുന്നുള്ളൂ.

### 'റവാത്തിബ്' (الرَّوَاتِبُ)

റവാതിബ് സുന്നത്തുകളിൽ വളരെ ശ്രേഷ്ഠവും പ്രധാനവുമായത്

പത്ത് റക്അത്ത് നമസ്കാരമാകുന്നു: ظهر ന്റെ മുമ്പും ശേഷവും ഈരണ്ടു റക്അത്തുകൾ, مغرب ന്റെയും عشاء ന്റെയും ശേഷം ഈരണ്ടു റക്അത്തുകൾ, صبح ന്റെ മുമ്പ് രണ്ട് റക്അത്ത്.

സാധാരണ നിത്യകർമമെന്നോണം ഫർദു നമസ്കാരങ്ങളുടെ കൂടെ അനുഷ്ഠിച്ചുപോരുന്നതുകൊണ്ടാണ് ഇവയ്ക്ക് 'റവാതിബ്' എന്നു പറയുന്നത്. 'നിത്യമായി ആചരിക്കുന്നവ' എന്നാണിതിന്റെ അർഥം.

'റവാതിബു'കളുടെ റക്അത്തുകൾ അധികരിപ്പിച്ചുകൊണ്ട് താഴെ പറയും വിധത്തിലും നമസ്കരിക്കാവുന്നതാണ്: ظهر ന്റെ മുമ്പും ശേഷവും നന്നാല്, عصر ന്റെ മുമ്പ് നാല്, مغرب ന്റെ മുമ്പും ശേഷവും ഈരണ്ട്, صبح ന്റെ മുമ്പ് രണ്ട്. എന്നാൽ വളരെ ബലപ്പെട്ട സുന്നത്തുകളായിട്ടുള്ളത് ആദ്യം പറഞ്ഞ പത്തു റക്അത്തുകളാകുന്നു. സുന്നത്തു നമസ്കാരങ്ങളിൽ 'ഫാത്തിഹ' യുടെ ശേഷം ഖുർആനിൽനിന്ന് ഏതെങ്കിലും സൂറത്ത് ഓതുന്നത് ഉത്തമമാകുന്നു.

ഫർദു നമസ്കാരത്തിന്റെ സമയമായാൽ അതിന്റെ മുമ്പുള്ള സുന്നത്തു നമസ്കാരത്തിന്റെ സമയമായി. ഫർദു നമസ്കരിച്ചു കഴിഞ്ഞാൽ ശേഷമുള്ള സുന്നത്തു നമസ്കാരത്തിന്റെ സമയവും ആയി.

## 'വിത്റ്' (الوِتْرُ)

വിത്റ് ഏറ്റവും ബലപ്പെട്ട സുന്നത്താകുന്നു. അതിൽ ഉപേക്ഷ വരുത്താതിരിക്കുവാൻ വളരെ ശ്രദ്ധിക്കണം. ഇശാഅ് നമസ്കരിച്ചു കഴിഞ്ഞാൽ വിത്റിന്റെ സമയമായി. പിന്നെ അതിന്റെ സമയം സുബ്ഹ് വരെ നീണ്ടു നില്ക്കുന്നു. ഇശാഅ് നമസ്കാരത്തിന്റെ ശേഷമുള്ള സുന്നത്തു നമസ്കാരം കഴിഞ്ഞ ശേഷമാണ് വിത്റ് നമസ്കരിക്കേണ്ടത്. വിത്റ് ഒന്നോ, മൂന്നോ, അഞ്ചോ, ഏഴോ, ഒമ്പതോ, പതിനൊന്നോ റക്അത്തുകളായി നമസ്കരിക്കാം. ഏതായാലും അവസാനത്തെ റക്അത്ത് ഒറ്റയായിരിക്കണം.

മൂന്നു റക്അത്ത് വിത്റ് നമസ്കരിക്കുകയാണെങ്കിൽ ആദ്യത്തെ രണ്ടു റക്അത്തിന്റെ അവസാനത്തിൽ തശഹ്ഹുദും സ്വലാത്തും ചൊല്ലി സലാം ചൊല്ലി വിരമിക്കുകയും പിന്നെ ഒറ്റ റക്അത്ത് നമസ്കരിക്കുകയും ചെയ്യാം. അല്ലെങ്കിൽ മഗ്‌രിബ് നമസ്കരിക്കുന്നതുപോലെ ആദ്യത്തെ അത്തഹിയ്യാത്തിന്റെ ശേഷം സലാം ചൊല്ലി വിരമിക്കാതെ ഒരു റക്അത്ത് തുടർത്തി നമസ്കരിക്കുകയും ചെയ്യാം. ആദ്യത്തെ തശഹ്ഹുദിന്നിരിക്കാതെ മൂന്ന് റക്അത്ത് ഒന്നായി നമസ്കരിച്ച ശേഷം അവസാനം അത്തഹിയ്യാത്തും സ്വലാത്തും മറ്റും ചൊല്ലി സലാം പറഞ്ഞു പിരിയുകയും ചെയ്യാം.

വിത്റ് മൂന്നു റക്അത്ത് നമസ്കരിക്കുമ്പോൾ ആദ്യത്തെ റക്അ

ത്തിൽ ഫാതിഹയുടെ ശേഷം سَبِّحِ اسْمَ رَبِّكَ .....الخ എന്ന സൂറത്തും രണ്ടാമത്തെ റക്അത്തിൽ قُلْ يَا أَيُّهَا الْكَافِرُون (الكافرون) എന്ന സൂറത്തും മൂന്നാമത്തേതിൽ സൂറത്തുൽ ഇഖ്ലാസും( سورة الاخلاص ) മുഅവ്വദതൈനിയും ( معوذتين ) ഓതുന്നത് ഉത്തമമാകുന്നു. വിത്റ് നമസ്കാരത്തിനു ശേഷം سُبْحَانَ الْمَلِكِ الْقُدُّوس എന്ന് മൂന്ന് പ്രാവശ്യം അല്പം ഉറക്കെ ചൊല്ലുന്നതും സുന്നത്താകുന്നു. ശേഷം رَبِّ الْمَلَئِكَةِ وَالرُّوح എന്നു ചൊല്ലുന്നതും സുന്നത്താണ്.

## സുന്നത്ത് നമസ്കാരങ്ങൾ (ii)

### 'തറാവീഹ്'( التَّرَاوِيح )

റമദാൻ മാസത്തിൽ ഇശാഅ് നമസ്കരിച്ച ശേഷമാണ് തറാവീഹ് നമസ്കാരത്തിന്റെ സമയം. റമദാനിന്റെ രാത്രികളിൽ ദീർഘനേരം ഖുർആൻ ഓതിക്കൊണ്ടുള്ള ഈ നമസ്കാരം വളരെ ശ്രേഷ്ഠമാകുന്നു. ഈരണ്ടു റക്അത്ത് കഴിഞ്ഞ് സലാം ചൊല്ലിക്കൊണ്ടാണ് നമസ്കരിക്കേണ്ടത്. തറാവീഹ് എട്ടു റക്അത്തും ഇരുപത് റക്അത്തും നമസ്കരിക്കാറുണ്ട്. റക്അത്തുകളുടെ എണ്ണം അധികരിച്ചില്ലെങ്കിലും ദീർഘസമയം നിന്നു ഖുർആൻ ഓതുകയും റുകൂഉം സുജൂദും ദീർഘിപ്പിക്കുകയും ചെയ്യുന്നതായാൽ അതാണുത്തമം. ശേഷം വിത്റ് നമസ്കരിക്കണം. രാത്രിയിലെ അവസാന നമസ്കാരം 'വിത്റ്' ആയിരിക്കണം.

റമദാനിൽ തറാവീഹും വിത്റും ജമാഅത്തായി നമസ്കരിക്കൽ സുന്നത്താകുന്നു.

### തഹിയ്യത്ത് നമസ്കാരം

പള്ളിയിൽ പ്രവേശിച്ചാൽ ഒരു കാഴ്ച സമർപ്പിക്കുന്നതുപോലെ ആദ്യം രണ്ട് റക്അത്ത് നമസ്കരിക്കൽ സുന്നത്താകുന്നു. രണ്ടു റക്അത്ത് നമസ്കരിച്ച ശേഷമാണ് ഇരിക്കേണ്ടത്. ഇതിനാണ് തഹിയ്യത്ത് നമസ്കാരം എന്നു പറയുന്നത്. തഹിയ്യത്ത് നമസ്കാരത്തിന്റെ സമയം പള്ളിയിൽ പ്രവേശിച്ച ശേഷം ഇരിക്കുന്നതുവരെയാകുന്നു.

اللَّهُمَّ اهْدِنِي فِي مَنْ هَدَيْتَ

### ദുഹാ നമസ്കാരം ( صَلَوةُ الضُّحَى )

സൂര്യൻ ഉദിച്ചു സുമാർ ഒരു കുന്തത്തിന്റെയത്ര ഉയർന്നു കഴിഞ്ഞതുമുതൽ ഉച്ച വരെയാണ് 'ദുഹാ' നമസ്കാരത്തിന്റെ സമയം. ഈ സമയത്തിനാണ് ضحى എന്നു പറയുന്നത്. ضحى നമസ്കാരം ചുരുങ്ങിയാൽ രണ്ടു റക്അത്തും ഏറിയാൽ എട്ടു റക്അത്തും ആകുന്നു.

وَعَافِنِي فِيمَنْ عَافَيْتَ وَتَوَلَّنِي فِي مَنْ تَوَلَّيْتَ

ഏതാനും സുന്നത്തു നമസ്കാരങ്ങളെക്കുറിച്ചു മാത്രമേ ഇവിടെ വിവരിച്ചിട്ടുള്ളൂ. മറ്റു ചില സുന്നത്തുകൾ കൂടിയുണ്ട്. അത് പിന്നീട് പഠിക്കാം.

## ഖുനൂത്ത് (القُنُوت)

ഒരു പ്രത്യേക പ്രാർഥനയാണ് ഖുനൂത്ത്. നമസ്കാരത്തിന്റെ അവസാന റക്അത്തിലെ إعْتِدَال ലാണ് അത് ചൊല്ലേണ്ടത്. വിത്റ് നമസ്കാരത്തിലെ അവസാന റക്അത്തിന്റെ إعْتِدَال ൽ കൈ ഉയർത്തിക്കൊണ്ട് താഴെ ചേർക്കുന്ന ഖുനൂത്ത് ഓതുന്നത് ഉത്തമമാകുന്നു.

اللَّهُمَّ اهْدِنِي فِي مَنْ هَدَيْتَ وَعَافِنِي فِي مَنْ عَافَيْتَ وَتَوَلَّنِي فِي مَنْ تَوَلَّيْتَ وَبَارِكْ لِي فِيمَا أَعْطَيْتَ وَقِنِي شَرَّ مَا قَضَيْتَ فَإِنَّكَ تَقْضِي وَلاَ يُقْضَى عَلَيْكَ وَإِنَّهُ لاَ يَذِلُّ مَنْ وَالَيْتَ وَلاَ يَعِزُّ مَنْ عَادَيْتَ تَبَارَكْتَ وَتَعَالَيْتَ وَصَلِّ عَلَى النَّبِيِّ مُحَمَّدٍ

അല്ലാഹുവേ! നീ നേർവഴിയിലാക്കിയവരുടെ കൂടെ എന്നെയും നേർവഴിയിലാക്കേണമേ!

നീ സൗഖ്യം നല്കിയവരുടെ കൂടെ എനിക്കും സൗഖ്യം നല്കേണമേ!

നീ രക്ഷാ കർത്തൃത്വം ഏറ്റെടുത്തവരുടെ കൂടെ എന്റെ രക്ഷാകർത്തൃത്വവും ഏറ്റെടുക്കേണമേ!

| | |
|---|---|
| നീ നല്കിയിട്ടുള്ളതിൽ എനിക്ക് ബറകത്ത് ചെയ്യേണമേ! | وَبَارِكْ لِي فِيمَا أَعْطَيْتَ |
| നീ വിധിച്ചിട്ടുള്ള നാശത്തിൽനിന്നു എന്നെ നീ കാത്തു രക്ഷിക്കേണമേ! | وَقِنِي شَرَّ مَا قَضَيْتَ |
| നിശ്ചയമായും നീ വിധിക്കുന്നു | فَإِنَّكَ تَقْضِي |
| നിന്റെ മേൽ വിധിക്കപ്പെടുകയില്ല. | وَلاَ يُقْضَى عَلَيْكَ |
| നിശ്ചയം, നിന്ദ്യനാവില്ല, | وَإِنَّهُ لاَ يَذِلُّ |
| നീ സ്നേഹം പുലർത്തിയവൻ | مَنْ وَالَيْتَ |

(നീ ആരുമായി സ്നേഹം പുലർത്തുന്നുവോ അവൻ നിന്ദ്യനായിത്തീരുകയില്ല.)

| | |
|---|---|
| നീ ആരുമായി ശത്രുത പുലർത്തിയോ അവൻ പ്രതാപവാനാവുകയുമില്ല | وَلاَ يَعِزُّ مَنْ عَادَيْتَ |
| നീ അനുഗ്രഹം തികഞ്ഞവൻ | تَبَارَكْتَ |
| നീ ഉന്നതനായിട്ടുള്ളവൻ | وَتَعَالَيْتَ |
| മുഹമ്മദ് നബി(സ)ക്ക് നീ ഗുണം ചെയ്യേണമേ! | وَصَلِّ عَلَى النَّبِيِّ مُحَمَّدٍ |

മുസ്ലിംകൾക്ക് വല്ല ആപത്തും സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ അഞ്ചു സമയത്തെ ഫർദു നമസ്കാരങ്ങളിലും ഖുനൂത്ത് ഓതുന്നത് നല്ലതാകുന്നു.

## നമസ്കാരം ബാത്വിലാക്കുന്ന സംഗതികൾ

നമസ്കാരം ബാത്വിലാകുകയെന്നാൽ അത് ശരിയാവാതിരിക്കുക എന്നർഥമാകുന്നു. ഒരിക്കൽ നമസ്കരിച്ചത് ശരിയാവാതെ വന്നാൽ വീണ്ടും നമസ്കരിക്കൽ നിർബന്ധമാണ്.

നമസ്കാരം ശരിയാവുന്നതിനുള്ള ചില നിബന്ധനകൾ (ശർത്തുകൾ) നിങ്ങൾ പഠിച്ചുവല്ലോ. ആ ശർത്തുകളിൽ ഏതെങ്കിലുമൊന്ന് ഇല്ലാതായാൽ നമസ്കാരം ബാത്വിലാകുന്നതാണ്.

അതുപോലെത്തന്നെ നമസ്കാരത്തിൽ ഉൾപ്പെടാത്ത വല്ല പ്രവൃത്തിയും തുടർച്ചയായും അധികമായും ചെയ്യുന്നതുകൊണ്ടും നമസ്കാരം ബാത്വിലാകും. ഖുർആൻ, ദിക്റ്, ദുആ എന്നിവയല്ലാതെ മറ്റു വല്ല വാക്കുകളും ഉച്ചരിച്ചാലും നമസ്കാരം ബാത്വിലാകുന്നതാണ്. അതായത് രണ്ടക്ഷരമോ അർഥം ധ്വനിക്കുന്ന ഒരക്ഷരമോ ഉച്ചരിച്ചാൽ നമസ്കാരം മുറി

ഞ്ഞു പോകും. നമസ്കാരത്തിൽ തിന്നുകയോ കുടിക്കുകയോ ചെയ്താലും നമസ്കാരം ശരിയാവുകയില്ല. ഒരാൾ നമസ്കരിക്കുന്നതിനിടയിൽ, താൻ നമസ്കാരം മുറിക്കുകയാണെന്നു കരുതിയാൽ നമസ്കാരം മുറിഞ്ഞു പോകുന്നതാണ്. റുകൂഅ്, സുജൂദ് എന്നിങ്ങനെ നമസ്കാരത്തിൽ ചെയ്യുന്ന ഫർദുകളിൽ വല്ലതും മനഃപൂർവം അധികമായി ചെയ്താലും നമസ്കാരം മുറിഞ്ഞുപോകുന്നതാണ്.

## മറവി കാരണമുള്ള സുജൂദ് (سُجُودُ السَّهْوِ)

കരുതിക്കൂട്ടി ചെയ്താൽ നമസ്കാരം ബാത്വിലാകുന്ന ഒരു കാര്യം മറന്ന് ചെയ്തുപോയാൽ സഹ്‌വിന്റെ സുജൂദ് ചെയ്യുന്നത് സുന്നത്താകുന്നു. മറവി നിമിത്തം ഉണ്ടായ ന്യൂനതക്ക് ഒരു പരിഹാരമായിട്ടാണ് അത് ചെയ്യുന്നത്. തശഹ്ഹുദും ദുആയും കഴിഞ്ഞശേഷം സലാം ചൊല്ലുന്നതിന്നു മുമ്പായി രണ്ടു സുജൂദ് ചെയ്യുന്നതിനാണ് സഹ്‌വിന്റെ സുജൂദ് എന്നു പറയുന്നത്.

ഒരാൾ മറന്നുകൊണ്ട്, രണ്ടു പ്രാവശ്യം 'റുകൂഅ്' ചെയ്യുകയോ നാലു റക്അത്തുള്ള നമസ്കാരം അഞ്ചു റക്അത്ത് നമസ്കരിക്കുകയോ ചെയ്തു എന്നു വിചാരിക്കുക. എങ്കിൽ അയാൾ സഹ്‌വിന്റെ സുജൂദ് ചെയ്യുന്നത് സുന്നത്താണ്. നാലു റക്അത്തുള്ള നമസ്കാരത്തിന്റെ അവസാനത്തിൽ, 'താൻ നമസ്കരിച്ചത് മൂന്നു റക്അത്തോ നാലു റക്അത്തോ' എന്ന് ഒരാൾക്കു സംശയം തോന്നിയെങ്കിൽ അയാൾ ഒരു റക്അത്തുകൂടി നമസ്കരിക്കേണ്ടത് നിർബന്ധമാകുന്നു. അവസാനം അയാൾ സഹ്‌വിന്റെ സുജൂദ് ചെയ്യുന്നത് സുന്നത്താണ്. ഒരാൾ ആദ്യത്തെ അത്തഹിയ്യാത്ത് ബോധപൂർവം ഉപേക്ഷിച്ചാൽ നമസ്കാരം ബാത്വിലാവുകയില്ല. എന്നിരുന്നാലും അതു മറന്നോ കരുതിക്കൂട്ടിയോ ഉപേക്ഷിച്ചാൽ അയാളും സഹ്‌വിന്റെ സുജൂദ് ചെയ്യണം. അത് സുന്നത്താണ്.

سُبْحَانَ مَنْ لاَ يَنَامُ ولاَ يَسْهُو എന്ന് സഹ്‌വിന്റെ സുജൂദിൽ ചൊല്ലുന്നത് സുന്നത്താകുന്നു; "ഉറക്കവും മറവിയുമില്ലാത്തവനായ അല്ലാഹു പരിശുദ്ധൻ" എന്നു സാരം.

## ഓത്തിന്റെ സുജൂദ് (سُجُودُ التِّلاَوَةِ)

ഖുർആൻ ഓതുമ്പോൾ സുജൂദ് ചെയ്യൽ സുന്നത്തായിട്ടുള്ള ചില ആയത്തുകളുണ്ട്. ആ ആയത്തുകൾ ഓതുകയോ ഓതുന്നത് കേൾക്കുകയോ ചെയ്താൽ ഒരു സുജൂദ് ചെയ്യൽ സുന്നത്താകുന്നു. ഉദാഹരണമായി, വെള്ളിയാഴ്ച സുബ്ഹ് നമസ്കാരത്തിലെ ആദ്യത്തെ റക്അത്തിൽ الم سجدة എന്ന സൂറത്ത് ഓതുന്നത് സുന്നത്താണ്. അതിൽ സുജൂദിന്റെ ആയത്ത് ഉണ്ട്. സുജൂദിന്റെ ആയത്ത് ഓതിയാൽ സുജൂദ് ചെയ്യണം. ആ സുജൂദിലേക്ക് കുനിയുമ്പോൾ الله أكبر എന്നു ചൊല്ലണം, ആ സുജൂ

ദിൽ ഇങ്ങനെ ചൊല്ലണം:

سَجَدَ وَجْهِي لِلَّذِي خَلَقَهُ فَصَوَّرَهُ وَشَقَّ سَمْعَهُ وَبَصَرَهُ بِحَوْلِهِ وقُوَّتِهِ فَتَبَارَكَ اللَّهُ أَحْسَنُ الْخَالِقِينَ

| | |
|---|---|
| سجد وجهي | എന്റെ മുഖം സാഷ്ടാംഗം ചെയ്തിരിക്കുന്നു. |
| لِلَّذِي خَلَقَهُ | അതിനെ സൃഷ്ടിച്ചവന്ന് |
| وَصَوَّرَهُ | അതിനെ രൂപപ്പെടുത്തുകയും ചെയ്തവന്ന് |
| وَشَقَّ سَمْعَهُ وَبَصَرَهُ | അതിന്റെ കേൾവിയും കാഴ്ചയും പിളർന്നു തരുകയും ചെയ്തവന്ന് |
| بِحَوْلِهِ وقُوَّتِهِ | അവന്റെ കഴിവുകൊണ്ടും ശക്തികൊണ്ടും |
| فَتَبَارَكَ اللَّهُ | ആകയാൽ അല്ലാഹു വളരെ അനുഗ്രഹമുള്ളവൻ |
| أَحْسَنُ الْخَالِقِينَ | ഏറ്റവും നല്ല സ്രഷ്ടാവായവൻ |

(എന്റെ മുഖം ഇതാ സാഷ്ടാംഗം ചെയ്തിരിക്കുന്നു, സ്വന്തം കഴിവുകൊണ്ടും ശക്തികൊണ്ടും അതിനെ സൃഷ്ടിക്കുകയും രൂപപ്പെടുത്തുകയും അതിന്റെ കേൾവിയും കാഴ്ചയും പിളർന്നു തരുകയും ചെയ്തവന്ന്. ആകയാൽ ഏറ്റവും നല്ല സ്രഷ്ടാവായ അല്ലാഹു എത്രയും അനുഗ്രഹമുള്ളവനാകുന്നു.)

സുജൂദിന്റെ ആയത്തുകൾ ഏതെല്ലാമാണെന്ന് നിങ്ങൾക്ക് പിന്നീട് പഠിക്കാം. ജമാഅത്തായി നമസ്കരിക്കുമ്പോൾ ഇമാം ഓത്തിന്റെ സുജൂദ് ചെയ്താൽ 'മഅ്മൂം' അതോടൊപ്പം സുജൂദ് ചെയ്യണം. ഇമാം ഓത്തിന്റെ സുജൂദ് ചെയ്തില്ലെങ്കിൽ മഅ്മൂം ഒറ്റക്ക് സുജൂദ് ചെയ്യരുത്. سُجُودُ التِّلَاوَة ചെയ്യുമ്പോൾ ശുദ്ധിയുണ്ടായിരിക്കുകയും ഖിബ്‌ലയെ അഭിമുഖീകരിക്കുകയും വേണം. അതു വളരെ ഉത്തമമാകുന്നു.

## സംഘടിത നമസ്കാരം (صلاة الجماعة)

മുസ്‌ലിംകൾ അവരവരുടെ പ്രദേശത്ത് അഞ്ചു സമയത്തെ ഫർദ് നമസ്കാരങ്ങൾ ജമാഅത്തായി അനുഷ്ഠിച്ചു പോരേണ്ടതാകുന്നു. ഒരു നേതാവിന്റെ പിന്നിൽ ഒരുമിച്ചു ചേർന്നു സംഘടിതമായി നമസ്കരിക്കുന്നതിന്നാണ് ജമാഅത്ത് നമസ്കാരം എന്നു പറയുന്നത്. മുസ്‌ലിംകൾ അധിവസിക്കുന്ന എല്ലാ പ്രദേശങ്ങളിലും ജമാഅത്ത് നമസ്കാരം നിലനിർത്തിപ്പോരേണ്ടത് അവരുടെ സാമൂഹിക കടമയാണ്. ഒരിടത്ത് രണ്ടു പേരാണുള്ളതെങ്കിൽ ഒരാൾ ഇമാമും മറ്റെയാൾ മഅ്മൂമും ആയിക്കൊണ്ട് നമസ്കരിക്കണം. ഒരു ഇമാമും ഒരു മഅ്മൂമും മാത്രമാണുള്ളതെങ്കിലും ജമാഅത്ത് നമസ്കാരം എന്നു പറയാം. ജമാഅത്ത് നമസ്കാരം മുസ്‌ലിം

കളിൽ സംഘടനാബോധം ഉറപ്പിക്കുവാൻ ഉപകരിക്കുന്നതാണ്.

ജമാഅത്തു നമസ്കാരത്തിൽ പങ്കെടുക്കൽ ഏറ്റവും പുണ്യമായ കാര്യമാകുന്നു. ജമാഅത്തായിക്കൊണ്ടുള്ള നമസ്കാരം ഒറ്റക്ക് നമസ്കരിക്കുന്നതിനെക്കാൾ ഇരുപത്തേഴിരട്ടി ശ്രേഷ്ഠമായിട്ടുള്ളതാകുന്നു.

ഇമാം സലാം ചൊല്ലി നമസ്കാരത്തിൽനിന്നു ഒഴിവാകുന്നതിനു മുമ്പ് എപ്പോഴും ഇമാമിനോട് തുടരാവുന്നതാണ്. എപ്പോൾ തുടർന്നാലും ജമാഅത്തിൽ പങ്കെടുത്ത പുണ്യം ലഭിക്കുന്നതാണ്. എന്നാൽ ഇമാം തക്ബീറത്തുൽ ഇഹ്റാം ചൊല്ലുമ്പോൾ തന്നെ തുടരുകയും നമസ്കാരം മുഴുവൻ ജമാഅത്തായി ചേർന്നു നിർവഹിക്കുകയും ചെയ്യുന്നതാണ് ഉത്തമം.

ഇമാം തക്ബീറതുൽ ഇഹ്റാം ചൊല്ലുന്നതിനു മുമ്പായി മഅ്മൂം തക്ബീറത്തുൽ ഇഹ്റാം ചൊല്ലാൻ പാടില്ല. ഇമാമിന്റെ ചലനങ്ങളെക്കാൾ മഅ്മൂം ഒരിക്കലും മുൻകടന്നു പോകരുത്. നമസ്കാരം കഴിയുന്നത് വരെ ഇമാമിന്റെ ചലനങ്ങളുടെ പിന്നാലെ നീങ്ങിക്കൊണ്ടിരിക്കണം. ഇമാം ആദ്യത്തെ സലാം ചൊല്ലിയ ശേഷമേ മഅ്മൂം സലാം ചൊല്ലാൻ പാടുള്ളൂ. ഇമാമിനോട് തുടർന്നുകൊണ്ടുള്ള നമസ്കാരം ശരിയാകുന്നതിനുള്ള നിബന്ധനകൾ താഴെ ചേർക്കുന്നു:

1. ഇമാമിനോട് തുടർന്ന് നമസ്കരിക്കുകയാണെന്ന് മഅ്മൂം കരുതുക. ഇമാമിനെ സംബന്ധിച്ചേടത്തോളം താൻ ഇമാമാണെന്ന് നിയ്യത്ത് ചെയ്തില്ലെങ്കിലും വിരോധമില്ല. എങ്കിലും അങ്ങനെ നിയ്യത്ത് ചെയ്യുന്നതു നല്ലതാകുന്നു. പക്ഷേ, ജുമുഅഃ നമസ്കാരത്തിലാണെങ്കിൽ താൻ ഇമാമാണെന്നു കരുതേണ്ടത് നിർബന്ധമാകുന്നു.

2. മഅ്മൂം ഇമാമിനെക്കാൾ മുന്നിട്ടു നില്ക്കാതിരിക്കുക. അതായത്, മഅ്മൂമിന്റെ മടമ്പുകാൽ ഇമാമിന്റെ മടമ്പുകാലിനെക്കാൾ മുന്തിപ്പോകരുത്. മഅ്മൂം ഒരാൾ മാത്രമാണെങ്കിൽ ഇമാമിന്റെ വലതുഭാഗത്ത് അല്പം പിന്തി നില്ക്കുന്നതാണുത്തമം. പിന്നെ ഒരാൾകൂടി വന്നാൽ അയാൾ ഇമാമിന്റെ പിറകിൽ ഇടതു ഭാഗത്തുനിന്ന് തക്ബീർ ചൊല്ലണം. ശേഷം രണ്ടുപേരും പിന്നോട്ട് വന്ന് ഇമാമിന്റെ പിന്നിൽ തോളോടുതോൾ ചേർന്നു നില്ക്കുകയും വേണം. അവർക്ക് പിന്നോട്ട് നീങ്ങാൻ സൗകര്യമില്ലെങ്കിൽ ഇമാം മുന്നോട്ടു കയറിനിന്ന് കൊടുക്കണം.

3. ഇമാമും മഅ്മൂമും ഒരിടത്തായിരിക്കുക. അതായത്, തീരെ വേർപ്പെട്ട രണ്ട് സ്ഥലത്താവാതിരിക്കുക.

4. മഅ്മൂമിന് ഇമാമിന്റെ ചലനങ്ങൾ അറിയുവാൻ സാധിക്കുക. മഅ്മൂമുകളുടെ ചലനങ്ങൾ കണ്ടുകൊണ്ടോ ശബ്ദം കേട്ടുകൊണ്ടോ അറിയാൻ സാധിച്ചാലും മതിയാകുന്നതാണ്.

5. ഇമാമിന്റെ പ്രവർത്തനങ്ങളോട് ക്രമം തെറ്റാതെ തുടരുക. ഉദാഹരണമായി, ഒരുത്തൻ ظهر നമസ്കാരത്തിൽ രണ്ടാമത്തെ റക്അത്തിൽ

തുടർന്നു എന്നു വിചാരിക്കുക. ഇമാം രണ്ടാമത്തെ റക്അത്ത് കഴിഞ്ഞ് ആദ്യത്തെ അത്തഹിയ്യാത്തിന്നിരിക്കുമ്പോൾ അവനും ഇമാമിനോട് കൂടെ ഇരിക്കണം. അതായത് അവൻ തന്റെ നമസ്കാരത്തിന്റെ ക്രമം പാലിക്കരുത്. മറിച്ച് ഇമാമിന്റെ നമസ്കാരത്തിന്റെ ക്രമം പാലിച്ചു പൂർണമായി തുടർന്നുകൊടുക്കണം.

6. ഇമാമിനെക്കാൾ രണ്ട് പ്രവൃത്തികൊണ്ട് മനഃപൂർവം മുന്തിപ്പോവാതിരിക്കുക. ഉദാഹരണമായി, ഇമാം ഓതിക്കൊണ്ട് നില്ക്കുമ്പോൾ മഅ്മൂം റുകൂഉം ഇഅ്ത്തിദാലും ചെയ്ത് സുജൂദിലേക്ക് നീങ്ങുന്നു എന്നു വിചാരിക്കുക. എങ്കിൽ മഅ്മൂമിന്റെ നമസ്കാരം ബാത്വിലാകുന്നതാണ്. അറിവില്ലാത്തതുകൊണ്ട് മുന്തിപ്പോയാൽ നമസ്കാരം ബാത്വിലാവുകയില്ല. മറന്നുകൊണ്ടായാലും ബാത്വിലാവുകയില്ല. പക്ഷേ, അയാൾ വീണ്ടും പിന്നോട്ടു മടങ്ങി ആ രണ്ടു ഫർദുകൾ വീണ്ടും ഇമാമിനോടു കൂടെ ചെയ്യണം.

ഒരു പ്രവൃത്തികൊണ്ട് ഇമാമിനെക്കാൾ മുന്തിപ്പോയാൽ നമസ്കാരം ബാത്വിലാവുകയില്ലെങ്കിലും അത് ക്രമക്കേടാകയാൽ മനഃപൂർവം അങ്ങനെ ചെയ്യുന്നത് കുറ്റകരമാകുന്നു.

7. കാരണം കൂടാതെ രണ്ടു പ്രവൃത്തികൊണ്ട് ഇമാമിനെക്കാൾ പിന്തിപ്പോകാതിരിക്കുക. ഉദാഹരണമായി ഇമാം റുകൂഉം ഇഅ്തിദാലും കഴിഞ്ഞ് സുജൂദിലേക്ക് നീങ്ങുമ്പോൾ മഅ്മൂം റുകൂഇലേക്ക് കുനിയുക പോലും ചെയ്യാതെ നില്ക്കുകയാണെന്ന് വിചാരിക്കുക. യാതൊരു കാരണവും കൂടാതെ ഇങ്ങനെ ചെയ്താൽ നമസ്കാരം ബാത്വിലാകും. അതിനാൽ അപ്പോളദ്ദേഹം ഇമാമുമായി വിട്ടുപിരിഞ്ഞു എന്നു കരുതി സ്വതന്ത്രനായി നമസ്കരിക്കണം. എന്നാൽ കാരണമുണ്ടെങ്കിൽ അതുകൊണ്ട് നമസ്കാരം ബാത്വിലാവുകയില്ല. ഉദാഹരണമായി ഒരു മഅ്മൂമിന് വളരെ സാവധാനത്തിലേ ഓതാൻ സാധിക്കുകയുള്ളൂ എന്നു വിചാരിക്കുക. അയാൾ ഫാത്തിഹ ഓതിക്കഴിഞ്ഞപ്പോഴേക്കും ഇമാം സുജൂദിലേക്ക് കുനിഞ്ഞാൽ നമസ്കാരം ബാത്വിലാവുകയില്ല. പക്ഷേ, ഇമാം രണ്ടാമത്തെ സുജൂദിൽനിന്ന് ഉയരുന്നതിനു മുമ്പായി മഅ്മൂം റുകൂഇലേക്ക് പോകണം. അല്ലെങ്കിൽ അയാൾക്ക് ഇമാമുമായി വേർപ്പെട്ട് സ്വതന്ത്രമായി നമസ്കരിക്കേണ്ടി വരുന്നതാണ്. അതുമല്ലെങ്കിൽ ഇമാം എഴുന്നേറ്റുവന്നശേഷം നിറുത്തത്തിൽ തുടർന്നുപോകാം. പക്ഷേ, ഒഴിഞ്ഞുപോയ റക്അത്ത് ഇമാമിന്റെ സലാമിന്നുശേഷം പൂർത്തിയാക്കേണ്ടി വരും.

8. ഇമാമിന്റെയും മഅ്മൂമിന്റെയും നമസ്കാരം ആകൃതിയിൽ യോജിച്ചതായിരിക്കുക. ആകൃതിയിൽ വ്യത്യാസപ്പെട്ടാൽ പ്രവൃത്തികളിൽ തുടരുവാൻ സാധിക്കുകയില്ലല്ലോ. ഉദാഹരണമായി, മയ്യിത്ത് നമസ്കരിക്കുന്നവനോട് ളുഹ്ർ നമസ്കരിക്കുന്നവൻ തുടരുന്നത് ശരിയാവുകയില്ല.

ഇമാമും ജമാഅത്തുമായി നമസ്കരിക്കുമ്പോൾ മേൽപറഞ്ഞ നിബ

സ്ഥനകൾ സൂക്ഷിച്ചുകൊള്ളണം. അപ്രകാരംതന്നെ മഅ്മൂമായി നമസ്ക രിക്കുന്നവനോട് തുടരുവാൻ പാടില്ല. ഇമാമിന്റെ നമസ്കാരം 'സ്വഹീഹ്' അല്ലെന്നറിഞ്ഞിട്ടുണ്ടെങ്കിൽ ആ ഇമാമിനോടും തുടരുവാൻ പാടില്ല. വൈകിവന്നു തുടർന്നവൻ ഇമാം റുകൂഇലേക്കു പോകാൻ അടുത്തിരി ക്കുന്നുവെന്നു കണ്ടാൽ തക്ബീറത്തുൽ ഇഹ്റാം ചൊല്ലിയ ഉടനേ 'ഫാതിഹ' മാത്രം ഓതുകയാണ് വേണ്ടത്. അയാളുടെ ഫാതിഹ പൂർത്തി യാകുന്നതിനു മുമ്പായി ഇമാം റുകൂഇലേക്കു നീങ്ങിയാൽ ഇമാമിന്റെ കൂടെ റുകൂഇലേക്കു പോകണം. ഫാതിഹ പൂർത്തിയായിട്ടില്ലെങ്കിലും ആ റക്അത്ത് കിട്ടുന്നതാണ്. അതുപോലെത്തന്നെ ഇമാമിനോടുകൂടെ റുകൂഇൽ തുടരുകയും ഇമാം ഉയരുന്നതിനുമുമ്പ് റുകൂഇൽ അല്പം അട ങ്ങുകയും ചെയ്താൽ ആ റക്അത്ത് കിട്ടുന്നതാണ്. കിട്ടാതെപ്പോയ റക് അത്ത് ഇമാമിന്റെ സലാമിനുശേഷം പൂർത്തിയാക്കണം.

## ചുരുക്കി നമസ്കരിക്കലും കൂട്ടി നമസ്കരിക്കലും

(القصر والجمع)

ദിവസേന അഞ്ചു സമയത്തെ നമസ്കാരങ്ങൾ അതത് സമയത്ത് കൃത്യ മായി അനുഷ്ഠിക്കൽ നിർബന്ധമാണെന്ന് നിങ്ങൾ ഗ്രഹിച്ചുവല്ലോ. ഓരോ നമസ്കാരത്തിന്റെയും റക്അത്തുകളുടെ എണ്ണവും നിങ്ങൾക്കറിയാം. എന്നാൽ നമുക്ക് ചിലപ്പോൾ യാത്ര ചെയ്യേണ്ടതായി വരുമല്ലോ. അപ്പോൾ നമുക്ക് ഓരോ നമസ്കാരവും കൃത്യസമയത്ത് നമസ്കരിക്കാൻ വിഷമ മായിരിക്കും. യാത്രയിൽ നമുക്ക് പലപ്പോഴും വളരെ ക്ഷീണവും അസൗ കര്യവും നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യും. അതിനാൽ ചുരുക്കി നമ സ്കരിക്കുവാനും കൂട്ടി നമസ്കരിക്കുവാനും നമുക്ക് ദീനിൽ അനുവാദം നല്കിയിരിക്കുന്നു. ഇത് നമുക്ക് അല്ലാഹുവിന്റെ കാരുണ്യമാകുന്നു.

നാല് റക്അത്തുള്ള നമസ്കാരം രണ്ട് റക്അത്തായി ചുരുക്കുന്നതി നാണ് ഇവിടെ 'ചുരുക്കി നമസ്കരിക്കുക' എന്നു പറഞ്ഞിട്ടുള്ളത്. ഇതിന്ന് قصر എന്നു പറയുന്നു. ظهر, عصر, عشاء എന്നീ നാലു റക്അത്തുകളുള്ള നമസ്കാരങ്ങളേ قصر ആക്കുവാൻ പാടുള്ളൂ.

അപ്രകാരം തന്നെ ളുഹ്റിനെ അസ്വ്റിലേക്ക് പിന്തിക്കുകയോ അ സ്വ്റിനെ ളുഹ്റിലേക്ക് മുന്തിക്കുകയോ ചെയ്യാം. മഗ്രിബിനെ ഇശാഇ ലേക്ക് പിന്തിക്കുകയോ ഇശാഇനെ മഗ്രിബിലേക്ക് മുന്തിക്കുകയോ ചെയ്യാം. ഇതിന്നാണ് 'കൂട്ടി നമസ്കരിക്കുക' എന്നു ഇവിടെ പറഞ്ഞിട്ടു ള്ളത്. ഇതിന് جمع എന്നു പറയുന്നു.

കഠിനമായ രോഗം കാരണമായും جمع ആക്കി നമസ്കരിക്കാവുന്ന

താണ്.

ജംഉം ഖസ്റുമായി നമസ്കരിക്കുമ്പോൾ ആദ്യത്തെ നമസ്കാരത്തിൽതന്നെ നിയ്യത്ത് ചെയ്യണം. പിന്തിച്ചു ജംഅ് ആക്കുമ്പോൾ ആദ്യത്തെ നമസ്കാരത്തിന്റെ സമയമായാൽ ജംഅ് ആക്കുകയാണെന്ന് കരുതേണ്ടതാണ്. ളുഹ്റും അസ്വ്റും തമ്മിൽ മുന്തിച്ചോ പിന്തിച്ചോ കൂട്ടി നമസ്കരിക്കുകയാണെങ്കിൽ ആദ്യം ളുഹ്റും പിന്നെ അസ്വ്റും നമസ്കരിക്കണം. മഗ്രിബും ഇശാഉം മുന്തിച്ചോ പിന്തിച്ചോ കൂട്ടി നമസ്കരിക്കുകയാണെങ്കിൽ ആദ്യം മഗ്രിബും പിന്നെ ഇശാഉം നമസ്കരിക്കണം.

## ജുമുഅഃ ( الجمعة )

മുസ്ലിംകളായ നമുക്ക് വെള്ളിയാഴ്ച വളരെ പ്രധാനമാകുന്നു. വെള്ളിയാഴ്ച ളുഹ്ർ സമയത്ത് ജുമുഅഃ നമസ്കാരവും ഖുതുബഃയും നിലനിർത്തേണ്ടത് നിർബന്ധമാണ്. സ്വതന്ത്രരായ എല്ലാ പുരുഷന്മാർക്കും ജുമുഅഃ നിർബന്ധമാകുന്നു. രോഗം കൊണ്ടോ മറ്റോ തടസ്സമുള്ളവർക്കും യാത്രക്കാർക്കും നിർബന്ധമില്ല. അതുപോലെ സ്ത്രീകൾക്കും കുട്ടികൾക്കും നിർബന്ധമില്ല. സൗകര്യമുണ്ടെങ്കിൽ സ്ത്രീകൾക്ക് ജുമുഅഃയിൽ പങ്കെടുക്കാം. കുട്ടികൾ ജുമുഅഃയിൽ പങ്കെടുത്ത് ശീലിക്കേണ്ടത് വളരെ ആവശ്യമാകുന്നു.

ജുമുഅഃക്ക് പോയാൽ അവിടെ നടക്കുന്ന സംഗതികളും അനുഷ്ഠിക്കേണ്ട മുറകളും ചുരുക്കി വിവരിക്കാം:

വെള്ളിയാഴ്ച ജുമുഅഃക്ക് പള്ളിയിൽ പോകുന്നതിനു മുമ്പ് കുളിക്കുന്നത് ബലമായ സുന്നത്താകുന്നു. കുളിച്ച് വൃത്തിയായി നല്ല വസ്ത്രങ്ങൾ ധരിച്ച് സുഗന്ധദ്രവ്യങ്ങളുപയോഗിച്ചുകൊണ്ട് പള്ളിയിൽ പോകുന്നത് വളരെ പുണ്യമാകുന്നു. ളുഹ്റിന്റെ സമയമാകുന്നതിനു കുറേ മുമ്പായിത്തന്നെ പള്ളിയിലേക്ക് പുറപ്പെടുകയാണെങ്കിൽ അത് വളരെ ഉത്തമമാകുന്നു. പള്ളിയിൽ പോകുമ്പോൾ നല്ല അടക്കവും ഒതുക്കവും വേണം. വ്യാഴാഴ്ച അസ്തമിച്ച ശേഷം തുടങ്ങുന്ന വെള്ളിയാഴ്ചയുടെ രാത്രിയിലും പകലിലും സൂറതുൽ കഹ്ഫ് ഓതുന്നതും അധികമധികം സ്വലാത്ത് ചൊല്ലുന്നതും വളരെ പുണ്യമാകുന്നു. പള്ളിയിൽ പ്രവേശിച്ചാൽ ഇരിക്കുന്നതിനു മുമ്പായി രണ്ടു റക്അത്ത് تحية നമസ്കരിക്കുന്നത് സുന്നത്താണ്. ശേഷം പതുക്കെ ഖുർആൻ ഓതുക, സ്വലാത്ത് ചൊല്ലുക, ദുആ ചെയ്യുക മുതലായ സൽക്കാര്യങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കണം. ഇതെല്ലാം പുണ്യമുള്ള കാര്യങ്ങളാകുന്നു.

ظهر ന്റെ സമയമായാൽ ഇമാം മിമ്പറിൽ കയറിനിന്ന് خطبة നടത്തേണ്ടതാണ്. ഖുതുബഃയുടെ അർഥം പ്രസംഗം എന്നും മിമ്പറിന്റെ അർഥം പ്രസംഗപീഠം എന്നുമാകുന്നു.

ഖുതുബഃയിൽ ആദ്യമായി അല്ലാഹുവിനെ സ്തുതിക്കുകയും ശേഷം

സ്വലാത്ത് ചൊല്ലുകയും അല്ലാഹുവിന്റെ നിയമങ്ങളെ സൂക്ഷിച്ചു ജീവിക്കുവാൻ ആവശ്യമായ ഉപദേശം നല്കുകയും ചെയ്യുന്നു. ഇങ്ങനെ ഇമാം തുടർച്ചയായി രണ്ടു ഖുതുബഃ നടത്തുന്നതും രണ്ടു ഖുതുബഃകൾക്കിടയിൽ അല്പസമയം ഇരിക്കുന്നതുമാണ്.

حمد, صلوة, تقوى കൊണ്ടുള്ള ഉപദേശം, രണ്ടാലൊരു ഖുതുബഃയിൽ ഒരു ആയത്ത് ഓതുക, രണ്ടാം ഖുതുബയിൽ മുഅ്മിനുകളുടെ നന്മക്കു വേണ്ടി പ്രാർഥിക്കുക ഇതൊക്കെയാണ് ഖുതുബയുടെ ഫർദുകൾ. حمد, صلوة, യെക്കുറിച്ച ഉപദേശം എന്നിവ രണ്ട് ഖുതുബയിലും ഉണ്ടാവണം. ഖുതുബഃ ഓതുമ്പോൾ ഖതീബിന് ശുദ്ധിയുണ്ടായിരിക്കണം. ഖതീബ് ഔറത്ത് മറച്ചിരിക്കുകയും വേണം. അല്ലെങ്കിൽ ഖുതുബ ശരിയാവുകയില്ല. ഖതീബ് വളരെ അന്തസ്സും അവസ്ഥയുമുള്ള വസ്ത്രങ്ങൾ ധരിക്കുന്നത് ഉത്തമമാകുന്നു.

'ഖുതുബ' തുടങ്ങിയാൽ അതിൽ പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചു കേട്ടുകൊണ്ടിരിക്കണം. യാതൊന്നും സംസാരിക്കാൻ പാടില്ല. നാം ജീവിതത്തിൽ സദാ സൂക്ഷിക്കേണ്ട കാര്യങ്ങളാണ് ഖതീബ് ഉപദേശിക്കുക. അത് ഗ്രഹിക്കാതിരുന്നാൽ ഖുതുബഃയുടെ ഉദ്ദേശ്യവും ഫലവും നഷ്ടപ്പെടുന്നതാണ്.

ഖുതുബ കഴിഞ്ഞ ശേഷം ജുമുഅഃ നമസ്കാരം തുടങ്ങേണ്ടതാണ്. അത് രണ്ട് റക്അത്താകുന്നു. ജുമുഅഃ നമസ്കാരത്തിൽ ഇമാമും ജമാഅത്തും നിർബന്ധമാണ്. അതായത്, ചുരുങ്ങിയത് ഒരു റക്അത്തെങ്കിലും ഇമാമിനോട് കൂടെ തുടർന്നുകൊണ്ട് നമസ്കരിക്കാൻ സാധിക്കണം. 'ജുമുഅഃ നമസ്കാരം ഇമാമിനോടു തുടർന്നു നമസ്കരിക്കുന്നു'വെന്നു മഅ്മൂം നിയ്യത്ത് ചെയ്യേണ്ടതാണ്. താൻ ഇമാമായി നമസ്കരിക്കുന്നുവെന്ന് ഇമാമും നിയ്യത്ത് ചെയ്യണം. ഇങ്ങനെ നിയ്യത്ത് ചെയ്യൽ ഇമാമിന്നു ജുമുഅഃയിൽ നിർബന്ധമാണെന്ന് നിങ്ങൾ മുമ്പു മനസ്സിലാക്കിയിട്ടുണ്ടല്ലോ.

ജുമുഅഃ നമസ്കാരത്തിൽ ഇമാം ഫാതിഹഃയും സൂറത്തും ഉറക്കെ ഓതേണ്ടതാണ്. മഅ്മൂം പതുക്കെ ഫാതിഹഃ ഓതുകയും ശേഷം ഇമാമിന്റെ ഓത്ത് ശ്രദ്ധിച്ചു കേൾക്കുകയുമാണ് വേണ്ടത്.

ളുഹ്റിന്റെ ശേഷമുള്ള സുന്നത്ത് നമസ്കാരം ജുമുഅഃയുടെ ശേഷവും സുന്നത്താകുന്നു.

മുസ്ലിംകൾ ഇങ്ങനെ ജുമുഅഃ നിലനിർത്തിപ്പോരുന്നതിനാൽ അവരിൽ ദൈവഭക്തിയും ഐക്യബോധവും വളരുന്നതാണ്.

## രണ്ട് പെരുന്നാൾ നമസ്കാരങ്ങൾ (صلوة العيدين)

ഇസ്ലാമിൽ രണ്ടു പെരുന്നാൾ ആഘോഷങ്ങളാണുള്ളത്. ഒന്ന്, റമദാൻ

വ്രതം പൂർത്തിയായതിനെത്തുടർന്ന് ശവ്വാൽ ഒന്നാം തിയ്യതിയാകുന്നു. ഇതിന്ന് عيد الفطر എന്നു പറയുന്നു. നോമ്പു മുറിക്കുന്ന പെരുന്നാൾ എന്നർഥം. ഇതിന്നു ചെറിയ പെരുന്നാൾ എന്നും പറയാറുണ്ട്. രണ്ട്, ദുൽഹജ്ജ് പത്താം തിയ്യതിയാകുന്നു. ഇത് ഹജ്ജ് പൂർത്തിയായതിനെത്തുടർന്നുള്ളതാണ്. ഇതിന്ന് (ബലി പെരുന്നാൾ) എന്നും പറയുന്നു. ഈ സുദിനത്തിൽ അല്ലാഹുവിന്റെ പേരിൽ മൃഗങ്ങളെ ബലി കഴിക്കുന്നു. അതുകൊണ്ടാണ് ഇതിനെ ബലി പെരുന്നാൾ എന്നും പറയുന്നത്. ഇതിന്നു വലിയ പെരുന്നാൾ എന്നും പറയാറുണ്ട്. ഇസ്ലാമിൽ പെരുന്നാളാഘോഷത്തിന്റെ മുഖ്യമായ വശം 'പെരുന്നാൾ നമസ്കാര'മാകുന്നു. രണ്ട് പെരുന്നാൾ നമസ്കാരം നിലനിറുത്തേണ്ടത് മുസ്ലിംകളുടെ പൊതു കടമയാണ്. പെരുന്നാൾ നമസ്കാരവും ഖുതുബഃയും തുറന്ന മൈതാനിയിൽ ആകുന്നത് ഉത്തമമാകുന്നു. അതിൽ സ്ത്രീകളും കുട്ടികളുമൊക്കെ പങ്കെടുക്കുന്നതും നല്ലതാണ്.

പെരുന്നാൾ നമസ്കാരം ജുമുഅഃ പോലെ രണ്ട് റക്അത്താണ്. പക്ഷേ, പെരുന്നാളിന്റെ ഖുതുബഃ നമസ്കാരത്തിനു ശേഷമാകുന്നു. പെരുന്നാൾ നമസ്കാര സമയം നമസ്കാരത്തിന്റെ സമയമാണ്. പെരുന്നാൾ നമസ്കാരത്തിലെ ആദ്യത്തെ റക്അത്തിൽ دعاء الافتتاح ന്റെ ശേഷം ഏഴു തക്ബീറും രണ്ടാമത്തെ റക്അത്തിലേക്ക് എഴുന്നേറ്റുനിന്ന ഉടനേ അഞ്ചു തക്ബീറും ചൊല്ലുന്നത് സുന്നത്താകുന്നു. ഓരോ തക്ബീർ ചൊല്ലുമ്പോഴും തക്ബീറതുൽ ഇഹ്റാം ചൊല്ലുമ്പോൾ ചെയ്യുന്നതുപോലെ മുൻകൈ രണ്ടും ഉയർത്തിയശേഷം താഴ്ത്തിവെക്കണം. ഓരോ തക്ബീറിന്റെ ശേഷവും, سُبْحَانَ اللهِ وَالْحَمْدُ لِلّٰهِ وَلَا اِلَهَ اِلَّا اللهُ وَاللهُ اَكْبَرُ الاضحى الضحى എന്നു ചൊല്ലുന്നത് നല്ലതാകുന്നു. തക്ബീറതുൽ ഇഹ്റാമിന്റെ ശേഷവും അവസാനത്തെ തക്ബീറിന്നു ശേഷവും ഇത് ചൊല്ലേണ്ടതില്ല. അവസാനത്തെ തക്ബീർ ചൊല്ലിയ ഉടനേ ഫാത്തിഹഃ ഓതുകയാണ് വേണ്ടത്. ഫാത്തിഹഃയുടെ ശേഷം ആദ്യത്തെ റക്അത്തിൽ سورة الاعلى യും രണ്ടാമത്തെ റക്അത്തിൽ سُورَةُ الغَاشِيَة യും ഓതുന്നത് സുന്നത്താണ്.

## ഗ്രഹണ നമസ്കാരം (صَلوة الكُسُوفِ)

അപൂർവം ചില സന്ദർഭങ്ങളിൽ സൂര്യനെയും ചന്ദ്രനെയും ഗ്രഹണം ബാധിക്കാറുണ്ട്. അത് അല്ലാഹുവിന്റെ ദൃഷ്ടാന്തമാകുന്നു. സൂര്യനെയോ ചന്ദ്രനെയോ ഗ്രഹണം ബാധിച്ചാൽ രണ്ട് റക്അത്ത് നമസ്കരിക്കണം. പള്ളിയിൽ ഒരുമിച്ചുകൂടി ജമാഅത്തായി നമസ്കരിക്കയാണുത്തമം.

ഗ്രഹണനമസ്കാരത്തിൽ ഓരോ റക്അത്തിലും രണ്ടു പ്രാവശ്യം റുകൂഅ് ചെയ്യുന്നത് സുന്നത്താകുന്നു.

ഓരോ റക്അത്തിലും ഫാത്തിഹഃയുടെ ശേഷം ഖുർആനിൽനിന്ന്

ഏതെങ്കിലും ഭാഗം ഓതണം. ഗ്രഹണനമസ്കാരത്തിൽ ഉറക്കെ ഓതാവുന്നതാണ്. പെരുന്നാൾ നമസ്കാരം പോലെത്തന്നെ ഗ്രഹണ നമസ്കാരത്തിനു ശേഷവും ഇമാം പ്രസംഗം ചെയ്യണം.

## മഴയെ തേടുന്ന നമസ്കാരം (صلوة الاِسْتِسْقَاء)

മഴയില്ലാതെ വിഷമിക്കുമ്പോൾ മഴ വർഷിപ്പിച്ചു തരുവാൻ വേണ്ടി അല്ലാഹുവോട് പ്രാർഥിക്കാൻ പ്രത്യേകമായിട്ടുള്ള നമസ്കാരത്തിന്നാണ് صلوة الاِسْتِسْقَاء (മഴയെ തേടുന്ന നമസ്കാരം)എന്നു പറയുന്നത്. അത് രണ്ട് റക്അത്താകുന്നു. ജനങ്ങൾ അല്ലാഹുവോട് മാപ്പ് ചോദിച്ചുകൊണ്ടും പശ്ചാത്തപിച്ചു മടങ്ങിക്കൊണ്ടും ഒരു മൈതാനത്തിലോ അല്ലെങ്കിൽ പള്ളിയിലോ ഒരുമിച്ചുകൂടി ജമാഅത്തായി നമസ്കരിക്കുന്നത് ഏറ്റവും ഉത്തമമാകുന്നു. സൂറത്തുൽ ഫാത്തിഹഃയുടെ ശേഷം ആദ്യത്തെ റക്അത്തിൽ سَبِّحِ اسْمَ رَبِّكَ الأَعْلَى എന്ന സൂറത്തും രണ്ടാമത്തെ റക്അത്തിൽ هَلْ اَتَيكَ حَدِيثُ الغَاشِيَة എന്ന സൂറത്തും ഓതണം. ഈ നമസ്കാരത്തിലും ഉറക്കെ ഓതുന്നത് സുന്നത്താകുന്നു. നമസ്കരിച്ചു കഴിഞ്ഞാൽ ഇമാം പ്രസംഗിക്കണം. പ്രസംഗത്തിൽ ഇമാം പ്രാർഥിക്കുമ്പോൾ എല്ലാവരും 'ആമീൻ' ചൊല്ലണം. പ്രസംഗത്തെത്തുടർന്ന് ഇമാമും മറ്റെല്ലാവരും 'ഖിബ്‌ല'യുടെ ഭാഗത്തേക്ക് തിരിഞ്ഞു ശരീരത്തിലുള്ള തട്ടത്തിന്റെ വലതുഭാഗം ഇടത്തോട്ടും ഇടതുഭാഗം വലത്തോട്ടുമാക്കി മാറ്റിയിടുകയും കൈ ഉയർത്തി പ്രാർഥിക്കുകയും വേണം. മഴ വർഷിപ്പിച്ചു തരുവാനായി കാരുണ്യവാനായ അല്ലാഹുവോട് വളരെ വിനീതരായി പ്രാർഥിക്കേണ്ടതാണ്.

## മയ്യിത്ത് നമസ്കാരം

മരണപ്പെട്ട ആളുടെ ഗുണത്തിനു വേണ്ടി ബാക്കിയുള്ളവർ ചെയ്യുന്ന മഹത്തായ ഒരു കർമമാകുന്നു മയ്യിത്ത് നമസ്കാരം. അതിന്റെ മുഖ്യമായ വശം മയ്യിത്തിനുവേണ്ടിയുള്ള പ്രാർഥനയാണ്.

മയ്യിത്ത് നമസ്കാരത്തിന്റെ ഫർദുകൾ താഴെ വിവരിക്കുന്നു.

1. നിയ്യത്ത്. ഇന്ന മയ്യിത്തിനു വേണ്ടിയുള്ള നമസ്കാരം നിർവഹിക്കുന്നുവെന്ന് കരുതുക.

2. നില്ക്കാൻ സാധിക്കുന്നവർ നില്ക്കുക.

3. നമസ്കാരത്തിൽ പ്രവേശിക്കുവാനുള്ള തക്ബീർ ഉൾപ്പെടെ നാലു തക്ബീർ ചൊല്ലുക.

4. ഒന്നാമത്തെ തക്ബീറിന്റെ ശേഷം സൂറത്തുൽ ഫാത്തിഹ ഓതുക. രണ്ടാം തക്ബീറിനു ശേഷം സ്വലാത്ത് ചൊല്ലുക. സാധാരണ നമസ്കാരത്തിൽ تَشَهُّد ന്റെ ശേഷം ചൊല്ലുന്ന സ്വലാത്ത് നിങ്ങൾ ഗ്രഹിച്ചിട്ടു

ണ്ടല്ലോ. ആ സ്വലാത്ത് ചൊല്ലുന്നതാണ് ഉത്തമം.

5. മൂന്നാമത്തെ തക്ബീറിന്റെ ശേഷം മയ്യിത്തിന് വേണ്ടി പ്രാർഥിക്കുക.

6. നാലാമത്തെ തക്ബീറിന്റെ ശേഷം സലാം ചൊല്ലുക.

السلام عليكم ورحمة الله وبركاته എന്നു ചൊല്ലുന്നത് ഉത്തമമാകുന്നു.

മൂന്നാമത്തെ തക്ബീറിനുശേഷം മയ്യിത്തിനു വേണ്ടി പ്രാർഥിക്കണമെന്നു പറഞ്ഞുവല്ലോ. ഈ വിഷയകമായി നബിയിൽനിന്ന് രേഖപ്പെടുത്തിയിട്ടുള്ള ഒരു പ്രാർഥന ചുവടെ ചേർക്കുന്നു.

اللَّهُمَّ اغْفِرْ لَهُ وَارْحَمْهُ وَاعْفُ عَنْهُ وَعَافِهِ وَأَكْرِمْ نُزُلَهُ وَوَسِّعْ مَدْخَلَهُ وَاغْسِلْهُ بِالْمَاءِ وَالثَّلْجِ وَالْبَرَدِ وَنَقِّهِ مِنَ الْخَطَايَا كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنَ الدَّنَسِ وَأَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ وَأَهْلاً خَيْرًا مِنْ أَهْلِهِ وَزَوْجًا خَيْرًا مِنْ زَوْجِهِ وادْخِلْهُ الْجَنَّةَ واَعِذْهُ مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ النَّار

അല്ലാഹുവേ!

ഇദ്ദേഹത്തിന്(ഈ മയ്യിത്തിന്) നീ പൊറുത്തുകൊടുക്കേണമേ!

ഇദ്ദേഹത്തിനു നീ കരുണ ചെയ്യേണമേ!

ഇദ്ദേഹത്തിനു നീ വിട്ടുവീഴ്ച ചെയ്യേണമേ!

ഇദ്ദേഹത്തിനു നീ സൗഖ്യം നല്കേണമേ

ഇദ്ദേഹത്തെ ആദരപൂർവം സൽക്കരിക്കേണമേ!

ഇദ്ദേഹത്തിന്റെ പ്രവേശനസ്ഥലം വിശാലപ്പെടുത്തേണമേ!

ഇദ്ദേഹത്തെ കഴുകി ശുദ്ധിയാക്കേണമേ!

വെള്ളംകൊണ്ട്

മഞ്ഞുവെള്ളം കൊണ്ടും

ആലിപ്പഴം കൊണ്ടും

നീ ഇദ്ദേഹത്തെ ശുദ്ധിയാക്കേണമേ!

തെറ്റുകളിൽനിന്ന്

അഴുക്കിൽനിന്ന് വെള്ളവസ്ത്രം ശുദ്ധിയാക്കുന്നതുപോലെ.

وَأَكْرِمْ نُزُلَهُ

وَوَسِّعْ مَدْخَلَهُ

وَاغْسِلْهُ

بِالْمَاءِ

وَالْبَرَدِ

وَنَقِّهِ

كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنَ الدَّنَسِ

وَأَبْدِلْهُ

دَارًا خَيْرًا مِنْ دَارِهِ

وَأَهْلاً خَيْرًا مِنْ أَهْلِهِ

وَزَوْجًا خَيْرًا مِنْ زَوْجِهِ

وادْخِلْهُ الْجَنَّةَ
ഇദ്ദേഹത്തിനു നീ പകരം നല്കേണമേ!

واَعِذْهُ مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ النَّار
ഇദ്ദേഹത്തിന്റെ (ഇഹത്തിലെ)
വീടിനെക്കാൾ ഉത്തമമായ ഒരു ഭവനം
ഇദ്ദേഹത്തിന്റെ (ഇഹത്തിലെ)
കുടുംബത്തേക്കാൾ ഉത്തമമായ കുടുംബത്തെയും
ഇഹത്തിലെ സഖിയെക്കാൾ ഉത്തമയായ സഖിയെയും
നീ ഇദ്ദേഹത്തെ സ്വർഗത്തിൽ പ്രവേശിപ്പിക്കേണമേ!

اللَّهُمَّ
ഖബ്റിലെ ശിക്ഷയിൽനിന്നും

لاَ تُحَرِّمْنَا أَجْرَهُ
നരകശിക്ഷയിൽനിന്നും ഇദ്ദേഹത്തെ രക്ഷപ്പെടുത്തേണമേ!

وَلاَ تَفْتِنَّا بَعْدَهُ

നാലാമത്തെ തക്ബീറിനുശേഷം സലാം ചൊല്ലുന്നതിനു മുമ്പായി താഴെ ചേർക്കുന്ന പ്രാർഥന സുന്നത്താകുന്നു:

واغْفِرْ لَنَا وَلَهُ   اللَّهُمَّ لاَ تُحَرِّمْنَا أَجْرَهُ وَلاَ تَفْتِنَّا بَعْدَهُ واغْفِرْ لَنَا وَلَهُ

അല്ലാഹുവേ!

ഇദ്ദേഹത്തിന് വേണ്ടി പ്രാർഥിച്ചതിന്റെ പ്രതി
ഫലം ഞങ്ങൾക്ക് നീ തരാതിരിക്കരുതേ!

ഇദ്ദേഹത്തിനു ശേഷം ഞങ്ങളെ നീ
പരീക്ഷണത്തിൽ ആക്കരുതേ!
ഞങ്ങൾക്കും ഇദ്ദേഹത്തിനും നീ പൊറുത്തു
തരേണമേ!

# അനുബന്ധം

## سـورة الفـاتحـة

بِسْمِ اللَّهِ الرَّحْمَنِ الرَّحِيـمِ(١)الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ(٢)الرَّحْمَنِ الرَّحِيمِ(٣)مَالِكِ يَوْمِ الدِّينِ(٤)إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ(٥)اهْدِنَا الصِّرَاطَ الْمُسْتَقِيمَ(٦)صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلاَ الضَّالِّينَ(٧)

| | |
|---|---|
| بِسْمِ اللَّهِ | അല്ലാഹുവിന്റെ നാമത്തിൽ |
| الرَّحْمَنِ | പരമകാരുണികൻ |
| الرَّحِيم | കരുണാനിധി |
| الْحَمْدُ لِلَّهِ | സർവസ്തുതിയും അല്ലാഹുവിന് |
| رَبِّ الْعَالَمِينَ | സർവലോക നാഥനായ |
| الرَّحْمَنِ الرَّحِيمِ | പരമകാരുണികനും കരുണാനിധിയും |
| مَالِكِ | ഉ[illegible] |
| يَوْمِ الدِّين | പ്രതിഫലദിനത്തിന്റെ |
| إِيَّاكَ نَعْبُدُ | നിനക്കു മാത്രം ഞങ്ങൾ ഇബാദത്തു ചെയ്യുന്നു |
| وَإِيَّاكَ نَسْتَعِينُ | നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു |
| اهْدِنَا | നീ ഞങ്ങളെ നയിക്കേണമേ |
| الصِّرَاطَ الْمُسْتَقِيمَ | ചൊവ്വായ വഴിയിൽ |
| صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ | നീ അനുഗ്രഹിച്ചവരുടെ വഴിയിൽ |
| غَيْرِ الْمَغْضُوبِ عَلَيْهِمْ | കോപത്തിനിരയായവരുടേതല്ലാത്ത |
| وَلاَ الضَّالِّينَ | ദുർമാർഗികളുടേതുമല്ലാത്ത (വഴിയിൽ) |

"പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. സർവലോക നാഥനായ അല്ലാഹുവിന്ന് മാത്രമാണ് സ്തുതി. പരമകാരുണികനും കരുണാനിധിയുമായവൻ. പ്രതിഫലദിനത്തിന്നുടമയായവൻ. നിനക്കു മാത്രം ഞങ്ങൾ ഇബാദത്തു ചെയ്യുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. ചൊവ്വായ വഴിയിൽ നീ ഞങ്ങളെ നയിക്കേണമേ! നീ അനുഗ്രഹിച്ചവരുടെ വഴിയിൽ; കോപത്തിന്നിരയായവരുടേതും ദുർമാർഗികളുടേതുമല്ലാത്ത വഴിയിൽ."

## سورة الناس

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

قُلْ أَعُوذُ بِرَبِّ النَّاسِ(١)مَلِكِ النَّاسِ(٢)إِلَهِ النَّاسِ(٣)مِنْ شَرِّ الْوَسْوَاسِ الْخَنَّاسِ(٤)الَّذِي يُوَسْوِسُ فِي صُدُورِ النَّاسِ(٥)مِنَ الْجِنَّةِ وَالنَّاسِ(٦)

പറയുക — قُلْ

ഞാൻ ശരണം തേടുന്നു — أَعُوذُ

ജനങ്ങളുടെ നാഥനോട് — بِرَبِّ النَّاسِ

ജനങ്ങളുടെ യജമാനനോട് — مَلِكِ النَّاسِ

ജനങ്ങളുടെ ആരാധ്യനോട് — إِلَهِ النَّاسِ

ദുർബോധകന്റെ ഉപദ്രവത്തിൽനിന്ന് — مِنْ شَرِّ الْوَسْوَاسِ

കൂടക്കൂടെ വന്നുമറയുന്ന — الْخَنَّاسِ

ദുർബോധനം ചെയ്യുന്ന — الَّذِي يُوَسْوِسُ

ജനങ്ങളുടെ ഹൃദയങ്ങളിൽ — فِي صُدُورِ النَّاسِ

ജിന്നുകളിൽപെട്ട — مِنَ الْجِنَّةِ

മനുഷ്യരിലും

“പറയുക: ഞാൻ ശരണം തേടുന്നു, ജനങ്ങളുടെ നാഥനോട്. ജനങ്ങളുടെ യജമാനനോട്. ജനങ്ങളുടെ ആരാധ്യനോട്. കൂടക്കൂടെ വന്നുമറയുന്നവനും ജനങ്ങളുടെ ഹൃദയങ്ങളിൽ ദുർബോധനം ചെയ്യുന്നവനുമായ ജിന്നുകളിലും മനുഷ്യരിലും പെട്ട ദുർബോധകന്റെ ഉപദ്രവത്തിൽനിന്ന്.”

## سورة الفلق

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

قُلْ أَعُوذُ بِرَبِّ الْفَلَقِ(١)مِنْ شَرِّ مَا خَلَقَ(٢)وَمِنْ شَرِّ غَاسِقٍ إِذَا وَقَبَ(٣)وَمِنْ شَرِّ النَّفَّاثَاتِ فِي الْعُقَدِ(٤)وَمِنْ شَرِّ حَاسِدٍ إِذَا حَسَدَ(٥)

പറയുക — قُلْ

ഞാൻ ശരണം തേടുന്നു — أَعُوذُ

പ്രഭാതത്തിന്റെ നാഥനോട്

| | |
|---|---|
| അവൻ സൃഷ്ടിച്ചവയുടെ ഉപദ്രവത്തിൽനിന്ന് | بِرَبِّ الْفَلَقِ |
| രാത്രിയുടെ ഉപദ്രവത്തിൽനിന്ന് | مِنْ شَرِّ مَا خَلَقَ |
| ഇരുട്ട് പരന്നാൽ | وَمِنْ شَرِّ غَاسِقٍ |
| ഊതുന്നവരുടെ ഉപദ്രവത്തിൽനിന്ന് | إِذَا وَقَبَ |
| കെട്ടുകളിൽ | وَمِنْ شَرِّ النَّفَّاثَاتِ |
| അസൂയാലുവിന്റെ ഉപദ്രവത്തിൽനിന്നും | فِي الْعُقَدِ |
| അവൻ അസൂയപ്പെടുമ്പോൾ | وَمِنْ شَرِّ حَاسِدٍ |
| | إِذَا حَسَدَ |

“പറയുക: പ്രഭാതത്തിന്റെ നാഥനോട് ഞാൻ ശരണം തേടുന്നു. അവൻ സൃഷ്ടിച്ചവയുടെ ഉപദ്രവത്തിൽനിന്നും ഇരുൾ പരന്ന രാത്രിയുടെ ഉപദ്രവത്തിൽനിന്നും കെട്ടുകളിൽ ഊതുന്നവരുടെ ഉപദ്രവത്തിൽനിന്നും അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ ഉപദ്രവത്തിൽനിന്നും.”

## سورة الاخلاص

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

قُلْ هُوَ اللَّهُ أَحَدٌ(١)اللَّهُ الصَّمَدُ(٢)لَمْ يَلِدْ وَلَمْ يُولَدْ(٣)وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ(٤)

| | |
|---|---|
| പറയുക | قُلْ |
| അവൻ അല്ലാഹുവാകുന്നു | هُوَ اللَّهُ |
| ഏകൻ | أَحَدٌ |
| അല്ലാഹു അനാശ്രയനാകുന്നു | اللَّهُ الصَّمَدُ |
| അവൻ (സന്താനത്തെ)ജനിപ്പിച്ചിട്ടില്ല | لَمْ يَلِدْ |
| അവൻ (ആരുടെയും) സന്താനവുമല്ല | وَلَمْ يُولَدْ |
| അവന്ന് ഇല്ല | وَلَمْ يَكُنْ لَهُ |
| തുല്യനായിട്ട് | كُفُوًا |
| ആരും | أَحَدٌ |

“പറയുക: അവൻ അല്ലാഹുവാകുന്നു. ഏകൻ. അല്ലാഹു അനാശ്രയനാകുന്നു. അവൻ(സന്താനത്തെ) ജനിപ്പിച്ചിട്ടില്ല. അവൻ (ആരുടെയും) സന്താനവുമല്ല. അവന്നു തുല്യനായി ആരുമില്ല.”

## سورة اللهب

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

تَبَّتْ يَدَا أَبِي لَهَبٍ وَتَبَّ(١)مَا أَغْنَى عَنْهُ مَالُهُ وَمَا كَسَبَ(٢)سَيَصْلَى نَارًا ذَاتَ لَهَبٍ(٣)وَامْرَأَتُهُ حَمَّالَةَ الْحَطَبِ(٤)فِي جِيدِهَا حَبْلٌ مِنْ مَسَدٍ(٥)

| | |
|---|---|
| നശിക്കട്ടെ | تَبَّتْ |
| അബൂലഹബിന്റെ രണ്ടു കൈകളും | يَدَا أَبِي لَهَبٍ |
| (അതെ) അവൻ നശിച്ചു | وَتَبَّ |
| അവന്ന് പ്രയോജനപ്പെട്ടില്ല | مَا أَغْنَى عَنْهُ |
| അവന്റെ ധനം | مَالُهُ |
| അവൻ പ്രവർത്തിച്ചതും | وَمَا كَسَبَ |
| അവൻ തീർച്ചയായും പ്രവേശിക്കും | سَيَصْلَى |
| അഗ്നിയിൽ | نَارًا |
| കത്തിജ്വലിക്കുന്ന | ذَاتَ لَهَبٍ |
| അവന്റെ ഭാര്യയും | وَامْرَأَتُهُ |
| വിറകു ചുമട്ടുകാരിയായ | حَمَّالَةَ الْحَطَبِ |
| അവളുടെ കഴുത്തിലുണ്ടാകും | فِي جِيدِهَا |
| കയർ | حَبْلٌ |
| പിരിമുറുക്കമുള്ള | مِنْ مَسَدٍ |

“അബൂലഹബിന്റെ രണ്ടു കൈകളും നശിക്കട്ടെ.(അതെ) അവൻ നശിച്ചു. അവന്റെ ധനമോ അവൻ പ്രവർത്തിച്ചതോ അവന്ന് പ്രയോജനപ്പെട്ടില്ല. കത്തിജ്വലിക്കുന്ന അഗ്നിയിൽ അവൻ തീർച്ചയായും പ്രവേശിക്കും. വിറകു ചുമട്ടുകാരിയായ അവന്റെ ഭാര്യയും. പിരിമുറുക്കമുള്ള കയർ അവളുടെ കഴുത്തിലുണ്ടാകും.”

## سورة النصر

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

إِذَا جَاءَ نَصْرُ اللَّهِ وَالْفَتْحُ(١)وَرَأَيْتَ النَّاسَ يَدْخُلُونَ فِي دِينِ اللَّهِ أَفْوَاجًا(٢)فَسَبِّحْ بِحَمْدِ رَبِّكَ وَاسْتَغْفِرْهُ إِنَّهُ كَانَ تَوَّابًا(٣)

| | |
|---|---|
| إِذَا جَاءَ نَصْرُ اللَّهِ | അല്ലാഹുവിന്റെ സഹായം വന്നു കഴിഞ്ഞാൽ |
| وَالْفَتْحُ | മഹത്തായ വിജയവും |
| وَرَأَيْتَ النَّاسَ يَدْخُلُونَ | ജനങ്ങൾ പ്രവേശിക്കുന്നത് നീ കാണുകയും ചെയ്താൽ |
| فِي دِينِ اللَّهِ | അല്ലാഹുവിന്റെ ദീനിൽ |
| أَفْوَاجًا | കൂട്ടംകൂട്ടമായി |
| فَسَبِّحْ | അപ്പോൾ നീ പ്രകീർത്തനം ചെയ്യുക |
| بِحَمْدِ رَبِّكَ | നിന്റെ നാഥനെ സ്തുതിച്ചുകൊണ്ട് |
| وَاسْتَغْفِرْهُ | അവനോട് പാപമോചനം തേടുകയും ചെയ്യുക |
| إِنَّهُ كَانَ تَوَّابًا | തീർച്ചയായും, അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനാണ്." |

"അല്ലാഹുവിന്റെ സഹായവും മഹത്തായ വിജയവും വരുകയും ജനങ്ങൾ അല്ലാഹുവിന്റെ ദീനിൽ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നത് നീ കാണുകയും ചെയ്താൽ, അപ്പോൾ നിന്റെ നാഥനെ സ്തുതിച്ചുകൊണ്ട് നീ പ്രകീർത്തനം ചെയ്യുകയും അവനോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും, അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനാണ്."

## سورة الكافرون

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

قُلْ يَا أَيُّهَا الْكَافِرُونَ(١)لاَ أَعْبُدُ مَا تَعْبُدُونَ(٢)وَلاَ أَنْتُمْ عَابِدُونَ مَا أَعْبُدُ(٣)وَلاَ أَنَا عَابِدٌ مَا عَبَدْتُمْ(٤)وَلاَ أَنْتُمْ عَابِدُونَ مَا أَعْبُدُ(٥)لَكُمْ دِينُكُمْ وَلِيَ دِينِ(٦)

| | |
|---|---|
| قُلْ | പറയുക |
| يَا أَيُّهَا الْكَافِرُونَ | അവിശ്വാസികളേ! |
| لاَ أَعْبُدُ | ഞാൻ ആരാധിക്കുന്നില്ല |
| مَا تَعْبُدُونَ | നിങ്ങൾ ആരാധിക്കുന്നതിനെ |
| وَلاَ أَنْتُمْ عَابِدُونَ | നിങ്ങളും ആരാധിക്കുന്നവരല്ല |
| مَا أَعْبُدُ | ഞാൻ ആരാധിക്കുന്നതിനെ |
| وَلاَ أَنَا عَابِدٌ | ഞാൻ ആരാധിക്കുന്നവനല്ല |
| مَا عَبَدْتُمْ | നിങ്ങൾ ആരാധിച്ചതിനെ |

| | |
|---|---|
| നിങ്ങളും ആരാധിക്കുന്നവരല്ല | وَلاَ أَنْتُمْ عَابِدُونَ |
| ഞാൻ ആരാധിക്കുന്നതിനെ | مَا أَعْبُدُ |
| നിങ്ങൾക്ക് നിങ്ങളുടെ ദീൻ | لَكُمْ دِينُكُمْ |
| എനിക്ക് എന്റെ ദീൻ | وَلِيَ دِينِ |

"പറയുക! അവിശ്വാസികളേ, നിങ്ങൾ ആരാധിക്കുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിക്കുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല. നിങ്ങൾ ആരാധിച്ചതിനെ ഞാൻ ആരാധിക്കുന്നവനല്ല. ഞാൻ ആരാധിക്കുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല. നിങ്ങൾക്ക് നിങ്ങളുടെ ദീൻ. എനിക്ക് എന്റെ ദീൻ."

| | |
|---|---|
| | إِنَّا أَعْطَيْنَاكَ |
| തീർച്ചയായും നാം നിനക്ക് നല്കിയിരിക്കുന്നു | الْكَوْثَرَ |
| വളരെയേറെ അനുഗ്രഹം | فَصَلِّ |
| അതിനാൽ നമസ്കരിക്കുക | لِرَبِّكَ |
| നിന്റെ നാഥനുവേണ്ടി | وَانْحَرْ |
| ബലിയറുക്കുകയും ചെയ്യുക | إِنَّ شَانِئَكَ |
| നിശ്ചയം, നിന്നെ വെറുക്കുന്നവൻ | هُوَ الْأَبْتَرُ |
| അവനാണ് വേരറ്റവൻ | |

"തീർച്ചയായും നാം നിനക്ക് വളരെയേറെ അനുഗ്രഹം നല്കിയിരിക്കുന്നു. അതിനാൽ നിന്റെ നാഥനുവേണ്ടി നമസ്കരിക്കുകയും ബലിയറുക്കുകയും ചെയ്യുക. നിശ്ചയം, നിന്നെ വെറുക്കുന്നവനാരോ അവനാണ് വേരറ്റവൻ."

## سورة الماعون

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

أَرَأَيْتَ الَّذِي يُكَذِّبُ بِالدِّينِ(١)فَذَلِكَ الَّذِي يَدُعُّ الْيَتِيمَ(٢)وَلاَ يَحُضُّ عَلَى طَعَامِ
الْمِسْكِينِ(٣)فَوَيْلٌ لِلْمُصَلِّينَ(٤)الَّذِينَ هُمْ عَنْ صَلاَتِهِمْ سَاهُونَ(٥)الَّذِينَ هُمْ
يُرَاءُونَ(٦)وَيَمْنَعُونَ الْمَاعُونَ(٧)

أَرَأَيْتَ

| | |
|---|---|
| نீ കണ്ടില്ലേ? | الَّذِي يُكَذِّبُ بِالدِّينِ |
| ദീനിനെ കളവാക്കുന്നവനെ | فَذَلِكَ الَّذِي يَدُعُّ الْيَتِيمَ |
| അവനാണ് അനാഥയെ തള്ളിയകറ്റുന്നവൻ | وَلاَ يَحُضُّ |
| അവൻ പ്രേരിപ്പിക്കുകയുമില്ല | عَلَى طَعَامِ الْمِسْكِينِ |
| ദരിദ്രന്റെ ആഹാരം നല്കാൻ | فَوَيْلٌ لِلْمُصَلِّينَ |
| നാശം നമസ്കരിക്കുന്നവർക്ക് | الَّذِينَ هُمْ عَنْ صَلاَتِهِمْ سَاهُونَ |
| സ്വന്തം നമസ്കാരത്തെക്കുറിച്ച് അശ്രദ്ധരായ | الَّذِينَ هُمْ يُرَاءُونَ |
| മറ്റുള്ളവരെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്ന | وَيَمْنَعُونَ الْمَاعُونَ |

ചെറിയ ചെറിയ ഉപകാരം(പോലും) നിഷേധിക്കുകയും ചെയ്യുന്ന

“ദീനിനെ കളവാക്കുന്നവനെ നീ കണ്ടില്ലേ? അവനാണ് അനാഥയെ തള്ളിയകറ്റുന്നവൻ. ദരിദ്രന്റെ ആഹാരം നല്കാൻ അവൻ പ്രേരിപ്പിക്കുകയുമില്ല. സ്വന്തം നമസ്കാരത്തെക്കുറിച്ച് അശ്രദ്ധയിൽ കഴിയുന്നവരും, മറ്റുള്ളവരെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവരും, ചെറിയ ചെറിയ ഉപകാരം(പോലും) നിഷേധിക്കുന്നവരുമായ നമസ്കാരക്കാർക്ക് നാശം.”

## سورة قريش

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

لِإِيلاَفِ قُرَيْشٍ(١)إِيلاَفِهِمْ رِحْلَةَ الشِّتَاءِ وَالصَّيْفِ(٢)فَلْيَعْبُدُوا رَبَّ هَذَا الْبَيْتِ(٣)الَّذِي أَطْعَمَهُمْ مِنْ جُوعٍ وَآمَنَهُمْ مِنْ خَوْفٍ(٤)

| | |
|---|---|
| ഖുറൈശികളുടെ ഇണക്കം അത്ഭുതാവഹം തന്നെ | لِإِيلاَفِ قُرَيْشٍ |
| അവരുടെ ഇണക്കം | إِيلاَفِهِمْ |
| ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും യാത്രയോടുള്ള | رِحْلَةَ الشِّتَاءِ وَالصَّيْفِ |
| അതിനാലവർ ഇബാദത്തു ചെയ്യട്ടെ | فَلْيَعْبُدُوا |
| ഈ ഭവനത്തിന്റെ നാഥന് | رَبَّ هَذَا الْبَيْتِ |
| അവർക്ക് ആഹാരം നല്കിയ | الَّذِي أَطْعَمَهُمْ |
| വിശപ്പിന് | مِنْ جُوعٍ |
| അവർക്ക് നിർഭയത്വം നല്കുകയും ചെയ്ത | وَآمَنَهُمْ |
| | مِنْ خَوْفٍ |

ഭയത്തിൽനിന്ന്

“ഖുറൈശികളുടെ ഇണക്കം അദ്ഭുതാവഹം തന്നെ. ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും യാത്രയോടുള്ള അവരുടെ ഇണക്കം. അതിനാൽ, വിശപ്പിന് അവർക്ക് ആഹാരം നല്കുകയും ഭയത്തിൽനിന്ന് അവർക്ക് നിർഭയത്വം നല്കുകയും ചെയ്ത ഈ ഭവനത്തിന്റെ നാഥന് അവർ ഇബാദത്ത് ചെയ്യട്ടെ.”

## سورة الفيل

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

أَلَمْ تَرَ كَيْفَ فَعَلَ رَبُّكَ بِأَصْحَابِ الْفِيلِ(١)أَلَمْ يَجْعَلْ كَيْدَهُمْ فِي تَضْلِيلٍ(٢)وَأَرْسَلَ عَلَيْهِمْ طَيْرًا أَبَابِيلَ(٣)تَرْمِيهِمْ بِحِجَارَةٍ مِنْ سِجِّيلٍ(٤)فَجَعَلَهُمْ كَعَصْفٍ مَأْكُولٍ(٥)

كَيْفَ فَعَلَ رَبُّكَ

നീ കണ്ടില്ലേ?

بِأَصْحَابِ الْفِيلِ

നിന്റെ രക്ഷിതാവ് എങ്ങനെ പ്രവർത്തിച്ചുവെന്ന്

أَلَمْ يَجْعَلْ

ആനക്കാരോട്

كَيْدَهُمْ

അവൻ ആക്കിയില്ലേ?

فِي تَضْلِيلٍ

അവരുടെ കുതന്ത്രം

وَأَرْسَلَ عَلَيْهِمْ

പാഴിൽ

طَيْرًا

അവരുടെ നേരേ അയക്കുകയും ചെയ്തു

أَبَابِيلَ

പക്ഷികളെ

تَرْمِيهِمْ

കൂട്ടം കൂട്ടമായി

بِحِجَارَةٍ

അവ അവരെ എറിയുന്നു

مِنْ سِجِّيلٍ

കല്ലുകൊണ്ട്

فَجَعَلَهُمْ

ചൂളയിൽ വെച്ച് പഴുത്ത

كَعَصْفٍ مَأْكُولٍ

അങ്ങനെ അവരെ അവൻ ആക്കി

തിന്നുകഴിഞ്ഞ വൈക്കോൽ പോലെ

“നിന്റെ രക്ഷിതാവ് ആനക്കാരോട് എങ്ങനെ പ്രവർത്തിച്ചുവെന്ന് നീ കണ്ടില്ലേ? അവരുടെ കുതന്ത്രം അവൻ പാഴിലാക്കിയില്ലേ. അവരുടെ നേരെ കൂട്ടം കൂട്ടമായി പക്ഷികളെ അയക്കുകയും ചെയ്തു. ചൂളയിൽ വെച്ച് പഴുത്ത കല്ലുകൊണ്ട് അവരെ അവ എറിയുന്നു. അങ്ങനെ അവരെ അവൻ തിന്നുകഴിഞ്ഞ വൈക്കോൽ പോലെയാക്കി.”